
SUDARSANA

BY PRANAMANJARI

(COMMENTARY TO THANTHRARAJATHANTHRA)

Abridged Malayalam Version by Dr Suvarna Nalapat



സുദർശനം

തന്ത്രരാജതന്ത്രം ഭാഷ്യം

പ്രാണമഞ്ജരി

മലയാളം ഡോ സുവർണ്ണ നാലപ്പാട്ട്.



ആമുഖം-

1940ൽ സംസ്കൃതസാഹിത്യത്തിൽ സ്ത്രീകളുടെ സംഭാവന എന്ന പേരില് പ്രസിദ്ധീകരിച്ച 5ആം വാള്യം. തന്ത്രരാജതന്ത്രത്തിന്റെ ആദ്യപടലമാണ് ഇതിലുള്ളത്. ഒന്നാം പടലത്തിൽ 101 ശ്ലോകമുണ്ട്. ശിവൻ പാർവ്വതിക്ക് ഉപദേശിച്ച കാദിമതതന്ത്രമാണ്. 9 നാഥന്മാർ ഇതിനെ ലോകമാകെ പ്രചരിപ്പിച്ചു. ഓരോ കൽപ്പത്തിലും ദേവിയും 9 നാഥന്മാരും തന്ത്രരാജതന്ത്രവും ഉത്പ്പാദിക്കപ്പെടുകയും സംഹരിക്കപ്പെടുകയും ചെയ്യുന്നു. 36 പടലമാണ് തന്ത്രരാജനിലുള്ളത്. തന്ത്രോൽപ്പത്തി, നാഥന്മാർ, നിത്യാമന്ത്രസൃഷ്ടി, ലളിതാരാധന, നിത്യകളുടെ ആരാധന, കാമേശ്വരി, ഭഗമാലിനി, നിത്യക്ലിന്ന, ഭേരുണ്ഡ, വഹ്നിവാസിനി, ദൂതി, ത്വരിത, വജ്രേശ്വരി, കുലസുന്ദരി, നിത്യാനിത്യ, നീലപതാക, വിജയ, സർവ്വമംഗല, ജ്വാലാമാലിനി, ചിത്ര, കുരുകുല്ല, വാരാഹി, ധ്യാനങ്ങൾ, മാതൃകമാരുടെ വ്യാപനസ്വഭാവം, മന്ത്രങ്ങളുടെ ശക്തി, നിത്യയും കാലവും ഏകം, നിത്യകൾക്ക് സമർപ്പണത്തിനായി കുഴികളുണ്ടാക്കുന്നത്, സമർപ്പണങ്ങൾ, കാമ്യവസ്തുസമർപ്പണം, യന്ത്രം, ചമത്കാരക്രിയ, വാസന (നിത്യകളെ

സ്വയം താനായി സങ്കൽപ്പിക്കൽ), നിത്യാസ്വഭാവം. ഇവയാണ് 36 എണ്ണം.

ഓരോ പടലത്തിലുമുള്ള ശ്ലോകങ്ങൾ, ഗുരുസ്വഭാവം, ഗുണങ്ങൾ, ശിഷ്യസ്വഭാവം, ഗുണങ്ങൾ, അടയാളങ്ങൾ, ഉത്തരവാദിത്തങ്ങൾ, സിദ്ധികൾ, സിദ്ധികൾ ലഭിക്കാനുള്ള മാർഗ്ഗം, രാശി,നക്ഷത്രശുദ്ധി, സിദ്ധരും സാധകരും സാദ്ധ്യഋണധനശുദ്ധി, സിദ്ധാദിചക്രം, ചക്രശുദ്ധി, സിദ്ധന്മാരും, സാദ്ധ്യ, സുസിദ്ധ, അരിമന്ത്രങ്ങളും. മന്ത്രമോ ശിഷ്യനോ ഋണിധനികളാകാനുള്ള കാരണം. ജപമാല, വർണ്ണമാല, ജപം മന്ത്രസിദ്ധിക്ക് കാരണമാകുന്നത്, ജപമമി എണ്ണുന്ന വിധം, വിദ്യയിലൂടെ സിദ്ധി ലഭിക്കാൻ അർഹത ഉള്ളവർ, യോഗം, പല്ലവം, സമ്പുടം, ഗ്രഥനം, വിദർഭം എന്നീ വാക്കുകളുടെ മന്ത്രസംബന്ധമായ നിർവ്വചനം, മന്ത്രം തെറ്റായി പഠിപ്പിച്ച ഗുരു ശിഷ്യന്റെ നാശകാരണമാവുന്നത്, 25 തരം മന്ത്രങ്ങൾ ദോഷമുള്ളവയാണ്. (ദഗ്ദ്ധം, ത്രസ്തം, ഗർവ്വിതം, ശത്രു, ബാല, വൃദ്ധ, നിർജ്ജിത, അഹസ, ഛിന്ന, സ്തംഭിത, മൂർഛിത, സ്വപഗ, മത്ത, കീലിത, രുദ്ധ, പ്രാപ്തദുഃഖ, ഖണ്ഡിത, അംഗഹീന, അസംവൃത, ഹീനവീര്യ, കുണ്ഠിതം, ക്ലിഷ്ട, രുഗ്ന, ആവില, അവമാനിത.)

ശിഷ്യനെ സംരക്ഷിക്കാനായി ഗുരു യോനിമുദ്രാബന്ധനം , മന്ത്രവിദ്യായോദജന ഇവ നൽകണം. അഹം (ഞാൻ) പ്രപഞ്ചം, ശിവൻ ഇവയുടെ ബന്ധം അഹംകൃതിയുടെ പ്രാധാന്യം ഗുരു ശിഷ്യന് വിവരിക്കണം. ബ്രാഹ്മണ,ക്ഷത്രിയ., വൈശ്യവർണ്ണം താന്ത്രികവും വൈദികവുമായ ക്രിയകൾ ചെയ്യണം. ശൂദ്രർ താന്ത്രികകർമ്മം ചെയ്യുന്നു . ഗുരുവിന്റെ ഔർദ്ധവദേഹികാചാരങ്ങൾ ദേഹം ദഹിപ്പിക്കയോ മറവു ചെയ്യുകയോ ചെയ്യാം. അസ്ഥി പെറുക്കലും പിണ്ഡം വെക്കലും വൈദികാചാരമാണ്. അത് ത്രിവർണ്ണവും ചെയ്യുന്നു. ശൂദ്രരുടേത് താന്ത്രികാചാരമാണ്. ശ്രാദ്ധദിനങ്ങളിലെ ശിഷ്യരുടെ ഉത്തരവാദിത്തങ്ങൾ, ഗുരുവിനേയും ഈശ്വരനേയും ആരാധിക്കേണ്ട 7 ഉത്സവദിനം (ഗുരുവിന്റെ ജന്മനക്ഷത്രം, ദീക്ഷാദിനം, ഗുരുവിന്റെ സമാധിദിനം, അക്ഷരത്രയസംപാദം, പൂർണ്ണദിനം, അമാവാസി. പൂർണ്ണദിനം പൌർണ്ണമിയും രണ്ടുപക്ഷത്തിലേയും പഞ്ചമി, ദശമി ഇവയുമാണ്. ഗുരുവിന് പകരം ആരെ വിചാരിക്കാം, ഗുരുവിനോടുള്ള പ്രഭാത പ്രാർത്ഥന, ഈ പടലം മുഴുവനായി മനസ്സിലാക്കിയാൽ ഭൂമിതത്വം ഗ്രഹിച്ചു.

പ്രാണമഞ്ജരിയുടെ ഒരേ ഒരു കാവ്യം ഇതാണ്. അവർ ഹർഷദേവന്റെയും ഹർഷമതിയുടേയും

മകളായിരുന്നു. ഇവർ കൂർമ്മാചലത്തിലാണ് താമസിച്ചിരുന്നത്. ഇപ്പോഴത്തെ കുമയൂൺ. ഇവിടെ ലോഹാഘട്ടിനടുത്താണ് വിഷ്ണു കൂർമ്മാവതാരം എടുത്തത്. പ്രേമനിധിയുടെ മൂന്നാം ഭാര്യയായിരുന്നു. പ്രേമനിധി ശാരദാ തിലകടീകയും ശബ്ദാർത്ഥചന്ദ്രികയും രചിച്ചി ട്ടുണ്ട്. പ്രാണമഞ്ജരി ഹൈഹയചക്രവർത്തി കാർത്തവീര്യാ ർജ്ജുനന്റെ ഭക്തയായിരുന്നു. പതിവ്രതയായ അവർ ഏകപുത്രനായ സുദ ർശനന്റെ വിയോഗത്തോടെ അവന്റെ പേരിൽ രചിച്ചതാണ് ഈ കൃതി. ത്രിപുരസുന്ദരിയുടെ പ്രശംസയായി ഈ കൃതി രചിക്കുന്നതിനു മുമ്പ് ദീപപ്രകാശവും, രാജരാജേശ്വരപ്രീതിക്ക് മറ്റു കൃതികളും രചിക്കയുണ്ടായി. തന്ത്രരാജതന്ത്രം സ്വതന്ത്രമായ കൃതിയാണ്. അതിനെ ഭാഷ്യരചന ക്ക് തെരഞ്ഞെടുത്തതുതന്നെ പ്രാണമഞ്ജരിയുടെ താന്ത്രികപാണ്ഡിത്യത്തിനു തെളിവാണ്. പ്രാണ മഞ്ജരി പറയുന്നത് ഈ ഭാഷ്യം എഴുതുംമുമ്പ്, സുന്ദരീഹൃദയം, നിത്യഷോഡശികാർണ്ണവം, ചന്ദ്രജ്ഞാനം, മാതൃകാതന്ത്രം, സമ്മോഹനത ന്ത്രം, വാമകേശ്വരം, ബഹുരൂപാഷ്ടകം, പ്രസ്താ രചിന്താമണി, മേരുപ്രസ്താരം എന്ന് 9 തന്ത്ര ഗ്രന്ഥം നേരത്തേ ഉണ്ടായിരുന്നു എന്നാണ്. ഇവ പരസ്പരം ആശ്രയിച്ചവയാണ്. കാദിമതത്തിലെ ആദ്യത്തെ സ്വതന്ത്രകൃതിയാണ് തന്ത്രരാജതന്ത്രം.

സേതുബന്ധകാരനായ ഭാസ്കരാചാര്യ നിത്യ ഷോഡശികാർണ്ണവത്തെ കുറിച്ച് പറയുമ്പോൾ സുന്ദരീഹൃദയവും
നിത്യഷോഡശികാർണ്ണവവും വാമകേശ്വരവും ഒരേ തന്ത്രത്തിന്റെ 3 ഭാഗമായാണ് പറയുന്നത്. ബഹുരൂപാഷ്ടകവും 8 തന്ത്രങ്ങളുടെ സമാഹാര മായാണ് അദ്ദേഹം പറയുന്നത്.
(കാദിമതത്തിലെ മന്ത്രം ക എന്നാണ് ആരംഭിക്കു ക. ഹാദിമതത്തിലേത് ഹ എന്നും കഹാദിമതം ക, ഹ ഇവ ചേർന്ന് ആരംഭിക്കുമെന്നും പറ യുന്നു.) സംസ്കൃതഭാഷാപരിജ്ഞാനം, ശൈലി, പാണ്ഡിത്യം ഇവയും പ്രാണമഞ്ജരിയെ വ്യത്യ സ്തതയാക്കുന്നു. ഭാഷ്യത്തില് എവിടേയും വിവരണം കൊടുക്കാനായി അവർ ക്ലേശിക്കു ന്നത് കാണുന്നില്ല. അവരുടെ തർക്കവും ന്യായ വും വളരെ കണിശവും സന്ദേഹം ഇല്ലാത്തതു മാണ്. തന്ത്രരാജത്തിലെ ആദ്യശ്ലോകം 5 വ്യത്യ സ്തദേവതമാരുടെ പേരിലാണ് അവർ മനോഹ രമായി വിവരിക്കുന്നത്. (ശ്രീപതി, ഗണപതി, സൂര്യൻ) ത്രിപുരസുന്ദരി, ശിവൻ). ഉറച്ച തീരു മാനങ്ങളും ഊർജ്ജസ്വലതയും ധൈര്യവും തീരു മാനങ്ങളിലെ സത്യവും തന്ത്രരാജം നേരത്തേ ഭാഷ്യം എഴുതിയവരുടെ അഭിപ്രായങ്ങളെ ചിലതിനെ സ്വീകരിച്ചും ചിലതിനെ തള്ളിക്കള

ഞ്ഞുമുള്ളള സമീപനവും എടുത്തുപറയേണ്ട താണ്.

ഉദാഹരണമായി തന്ത്രരാജം ഗുരുവിന് 9 ഗുണം പറയുന്നുണ്ട്. നിധികരനെന്ന ഭാഷ്യകാരൻ ഇവ 9 നാഥഗുണങ്ങളാണെന്നും ഗുരു തന്നിൽ 9 നാഥ ന്മാരേയും സമന്വയിച്ചിട്ടുണ്ട് എന്നും പറയുന്നു. പ്രാണമഞ്ജരി ചൂണ്ടിക്കാട്ടുന്നു, ഇവയിലെ ആദ്യത്തെ 4 ഗുണം ശിഷ്യനിലും വേണ്ടതാണെന്ന് തന്ത്രരാജം പറയുന്നുണ്ട്. (ചതുർഭിരാദ്യൈഃ സംയുക്തഃ ശ്രദ്ധാവാൻ സുസ്ഥിരാശയഃ) അതാ യത് ശിഷ്യനും ആദ്യത്തെ 4 നാഥന്മാരുടെ സമന്വ യമാവണം. അതിനാൽ നിധികാരന്റെ ഭാഷ്യം ശരിയല്ല. മന്ത്രത്തിന് 25 പോരായ്മകൾ ഉണ്ടെ ന്നും അവ ഗുരു നീക്കണമെന്നും അതിന്നുശേഷ മേ ശിഷ്യന് പഠിപ്പിക്കാവൂ എന്നുമുണ്ട്. ഇവിടേ യും നിധികരന്റെ നിർജ്ജിതമന്ത്രസംബന്ധമായ തീരുമാനം പ്രാണമഞ്ജരി തള്ളിക്കളയുന്നുണ്ട്. ഛിന്ന, മൂർഛിത, സ്വാപഗമന്ത്രസംബന്ധമായി സുഭഗാനന്ദനാഥനും നിധികാരനും പറഞ്ഞതും ഖണ്ഡിക്കുന്നു.

ബന്ധനം യോനിമുദ്രായാ എന്ന് സുരക്ഷക്ക് പറഞ്ഞു. സുഭഗാനന്ദനാഥൻ യോനിമുദ്രാ എന്നത് പ്രാണനും മനസ്സും മൂലാധാരത്തി ൽനിന്ന് ചലിപ്പിച്ച് ബ്രഹ്മരന്ധ്രത്തിലെത്തിക്കു

ന്നതാണെന്നും ഇപ്രകാരം ആത്മാവ് അമൃത മാകുന്നുവെന്നും വിചാരിക്കുന്നു. ബന്ധനം ഇതിന്റെ അന്വേഷണം അഥവാ ഗവേഷണമാണ്. പ്രാണമഞ്ജരി യോനി കുണ്ഡലിനിയാണെന്ന് പറയുന്നുണ്ട്. അത് ത്രിഭുവനങ്ഹളുടേയും ഉൽപ്പത്തിസ്ഥാനമാണ്. ത്രികോണരൂപം, താലിതളുള്ള പത്മം, സുഷുമ്നാമൂലത്തിലാണ്. ഇഡാപിംഗലകൾക്ക് മദ്ധ്യത്തിലാണ് സുഷുമ്നാ. മുദ്രാ എന്നത്, ബോധമെന്ന പരദേവതയാണ്, സഹസ്രാരപത്മത്തിനു താഴെ കുണ്ഡലിനിയുടെ ആനന്ദസ്ഥാനമാണ്. മുദം ദദാതി മുദ്രാ. ബന്ധനം മേലേക്കും താഴേക്കുമുള്ള മൂന്നു ലോകഗതിയാ ണ്. മൂന്ന് ഗുണം 3 വാസനയായി പ്രവഹിക്കുന്ന താണ്. യോനിമുദ്രാബന്ധനം ത്രിഗുണങ്ങളുടെ ബന്ധനത്തിൽ നിന്ന് മുക്തമായ ബ്രഹ്മത്തെ അറിയാനുള്ള അന്വേഷണമാണ്, ബ്രഹ്മജിജ്ഞാ സ ഗുരു ശിഷ്യനിൽ ഉണ്ടാക്കണമെന്ന അർത്ഥ മാണ് അതിന്നെന്ന് പ്രാണമഞ്ജരി പറയുന്നു. അപ്പോഴാണ് അമൃതത്വം ലഭിക്കുന്നത്. ബ്രാഹ്മണ,ക്ഷത്രിയ, വൈശ്യന്മാർ വൈദികവും താന്ത്രികവുമായ അറിവു നേടുന്നുണ്ട്, അവ ആചരിക്കുന്നുണ്ട്. സംസ്കാരമെന്നതിനെ നിധികാരൻ ആർഷപ്രയോഗമെന്ന് പറയുന്നു. പ്രാണമഞ്ജരി സമാചരേത് എന്ന ക്രിയിൽനിന്ന് ഉണ്ടായതെന്നാണ് പറയുന്നത്. ശ്ലോകത്തിലെ

നാലാംപാദത്തിൽ ആ വാക്ക് ഉണ്ട്. നിധികാര ന്റെ വ്യകരണപ്രശ്നം അപ്രകാരം പ്രാണമഞ്ജ രി തീർത്തുകൊടുക്കുന്നു.

തന്ത്രരാജം പ്രത്യേകഉത്സവദിനങ്ങളെ പറഞ്ഞ ശേഷം ഗുരുശിഷ്യന്മാർ ഏതെല്ലാം വാർഷികദി നങ്ങളെ ഒരുമിച്ച് ആഘോഷിക്കണമെന്ന് പറ യുന്നുണ്ട്. നിധികാരൻ ഇത് ഗുരുവിനേയും ആരാധിക്കേണ്ട ദിനമാണെന്നും 3 പ്രാവശ്യം ഗുരു എന്ന് പറയുന്നത് അതുകൊണ്ടാണെന്നും അഭിപ്രായപ്പെടുന്നു. പ്രാണമഞ്ജരി പറയുന്നത് പർവ്വണസമയത്ത് ഗുരുവോടുകൂടി ചെയ്യേണ്ട കർമ്മങ്ങളെയാണ് ഗുരുപദം കാണിക്കുന്നതെ ന്നാണ്. അവർ അൽപ്പം തമാശയായിട്ട്, ഒരു പ്രാ വശ്യം പറഞ്ഞതിന് തന്ത്രം പ്രാധാന്യം കൊടുക്കു ന്നില്ലെന്ന് വരികിൽ ഓരോ വാക്കും എത്ര പ്രാവ ശ്യം ആവർത്തിക്കേണ്ടി വരും എന്നാണ്. തന്ത്ര രാജതന്ത്രത്തിലെ ചർച്ചകളിൽ പ്രാണമഞ്ജരി എത്തിച്ചേരുന്ന നിഗമനങ്ങൾ രസകരമാണ്. ശരി യായ ഗുരുശിഷ്യന്മാരെ നിർവ്വചിച്ച ശേഷം അ ത്തരം ഗുരുശിഷ്യന്മാരെ ഇക്കാലത്ത് കാണാൻ വിഷമമാണെങ്കിലും , സ്വാഭാവികമായും അട യാളം വെച്ച് വേണം തെരഞ്ഞെടുപ്പ് എന്നും ഏ റ്റവും കൂടുതൽ ലക്ഷണങ്ങൾ ഉള്ളവരെ തെര ഞ്ഞെടുക്കണമെന്നും പറയുന്നു. ശിഷ്യൻ യാതൊ

രു വിധ പണമിടപാടിലും ഗുരുവുമായി ഇടപെ ടരുത് എന്ന് അവർ അർത്ഥശങ്കക്ക് ഇടമി ല്ലാതെ പറയുന്നുണ്ട്. ഗുരു സഹായം അഭ്യർത്ഥി ക്കുന്ന പക്ഷം എന്തു ചെയ്യണം. അത്തരം അവസരങ്ങ ളിൽ തീർച്ചയായും സഹായിക്കാം, പട്ടിണി കിട ന്ന് മരിക്കാൻ ഗുരുവിനെ അനുവദിക്കരുത്. ദാ രിദ്ര്യം തീർത്തുകൊടുക്കണം. ഗുരുശിഷ്യന്മാർ തമ്മിൽ തെറ്റിദ്ധാരണകളോ ശണ്ഠകളോ വരാതി രിക്കാനാണ് പണമിടപാട് പാടില്ലെന്ന് പറയുന്ന ത്. ഗുരുവിനെ യാതൊരു കാരണവശാലും നിന്ദി ക്കാനോ അപമാനിക്കാനോ പാടില്ല. ആവശ്യം വന്നാൽ പണം കൊടുത്ത് സഹായിക്കരുതെന്നല്ല വിവക്ഷ.

ശരിയായ മന്ത്രം തെരഞ്ഞെടുത്താലാണ് ശിഷ്യന് ആനന്ദവും സിദ്ധികളും ലഭിക്കുക. ഇന്ന മന്ത്രം ഇന്ന വ്യക്തിക്ക് ഉപകാരപ്രദമാകും എന്ന് അറി യാൻ നക്ഷത്രം, രാശി, സിദ്ധാദി, ഋണധന, കുലാ കുല, ഇപ്രകാരം പലതും അറിയണം. വിപരീത ഫലം തന്നേക്കാവുന്ന മന്ത്രങ്ങളെ തിരിച്ചറിയ ണം. ചക്രങ്ങളെ അറിയണം. (രാശിചക്രം, നക്ഷ ത്രചക്രം, സിദ്ധാദിചക്രം അഥവാ അ-ക-ത-ഹ ചക്രം ഇവ) അതായത് ഗുരു വെറും പൂജ മാത്രം അറിഞ്ഞവനാവരുത്. വിവിധവിഷയ ജ്ഞാനം വേണം. സാധകസ്ഥിതി കിട്ടുന്നതുവരെ

ഭക്തൻ ഇവയെ പഠിക്കണം. സിദ്ധ, സാധക, സാദ്ധ്യന്മാരെല്ലാം അവരുടെ ഋണധനശുദ്ധി അറിയണം. തന്നെക്കാളും മന്ത്രമാണോ ശക്തി യുള്ളത്, താനാണോ മന്ത്രത്തേക്കാളും ശക്തിയു ള്ളത് എന്ന് ഇതാണ് മനസ്സിലാക്കിത്തരുന്നത്. സാധകൻന്റെ നാമത്തിലെ ആദ്യാക്ഷരവും മന്ത്ര ത്തിന്റെ ആദ്യാക്ഷരവും ഇതിൽ പ്രധാനപങ്ക് വഹിക്കുന്നു.(വാവഹാാരികനാമം എടുക്കണം. ഉപനയനസമയത്ത് ഗുരു തന്ന ഗുഹ്യനാമമല്ല). ഇടയിലുള്ള അക്ഷരം എണ്ണി, അതിനെ 3 കൊണ്ട് ഗുണിച്ച് 7 കൊണ്ട് ഹരിക്കണം. ബാക്കി വരുന്ന ത് നാമരാശി. ബാക്കി വരാത്ത പക്ഷം 7 തന്നെ യാണ് നാമരാശി എന്ന് പ്രാണമഞ്ജരി പറയു ന്നു. മറ്റ് തന്ത്രഗ്രന്ഥങ്ങൾ ബാക്കി 0 (പൂജ്യം) വന്നാലും അതിനെ ഗണിക്കുന്നുണ്ട്, എന്നാൽ തന്ത്രരാജം അതിനെ ഗണിക്കാതെ 7 തന്നെ നാമ രാശിയായി എടുക്കുന്നു. മന്ത്രത്തിന്റെ ആദ്യാക്ഷ രവും സാധകനാമത്തിന്റെ ആദ്യാക്ഷരവും തമ്മി ലുള്ള വ്യത്യാസം എണ്ണി അതിനെ 3 കൊണ്ട് ഗുണിച്ച് 7 കൊണ്ട് ഹരിച്ചത് മന്ത്രരാശി. തന്റെ മുൻഗാമി സുഭഗാനന്ദനാഥൻ (മനോരമ വ്യാഖ്യാ നം രചിച്ച വ്യക്തി) വിപരീതകം സപ്തമിഃ സംവർദ്ധ്യ ത്രിഭിരാഹരേദിത്യർത്ഥഃ എന്ന് പറഞ്ഞിരിക്കയാൽ തന്റെ വ്യാഖ്യാനത്തിന് വിരുദ്ധാഭിപ്രായം വന്നേക്കാമെന്ന് പ്രാണമഞ്ജ

രി പ്രതീക്ഷിക്കുന്നുണ്ട്. അതായത് സംഖ്യയെ 7 കൊണ്ട് ഗുണിച്ച് 3 കൊണ്ട് ഹരിക്കയാണ് വേണ്ടതെന്ന്. അതിനാൽ തന്ത്രാന്തരവും പദാർത്ഥാദർശവും മന്ത്രമഹോദധിയും ഉദ്ധരിച്ച് സ്വന്തം അഭിപ്രായത്തെ ശക്തിപ്പെടുത്തുന്നു. ഉദാഹരണസഹിതം അവർ പറയുന്നു: ചിന്താഹരണൻ എന്ന വ്യക്തി ഹരി നാമം മന്ത്രമായി സ്വീകരിക്കാമോ. ച മുതൽ ഹ വരെ 28 അക്ഷരമുണ്ട്. 28നെ 3 കൊണ്ട് ഗുണിച്ച് 84 അതിനെ 7 കൊണ്ട് ഹരിച്ചാൽ ബാക്കി പൂജ്യം. നാമരാശി 7. നേരേ മറിച്ച് വിപരീതമായി കണക്കാക്കിയാൽ ഹ മുതൽ ച വരെ 25 അക്ഷരം. 3 കൊണ്ട് ഗുണിച്ചത് 75. 7 കൊണ്ട് ഹരിച്ചത് ബാക്കി 5. 5 മന്ത്രരാശി. മന്ത്രം ഋണിയും നാമം ധനിയുമാവണമെന്നാണ് നിയമം. ഇതനുസരിച്ച് ചിന്താഹരണന് ഹരിനാമമന്ത്രം സ്വീകരിക്കാനാവില്ല. ഋണധനശുദ്ധി സാധകനു മാത്രമല്ല, സാദ്ധ്യനും സിദ്ധനും ബാധകമാണ്. (സർവ്വഃസാദ്ധ്യേഃ സാധകൈഃ സിദ്ധൈശ്ച.)

മന്ത്രോച്ചാരണത്തിന് വിവിധവസ്തുക്കളാലുള്ള ജപമണികൾ ഉപയോഗിക്കുന്നു. അക്ഷരങ്ങളും ഉപയോഗിക്കുന്നു. അക്ഷമാല അക്ഷരമാല തന്നെയാണ്. അ ആദ്യത്തെ ജപമണിയും ക്ഷ അവസാനത്തേതുമാണ്. ജപമാലയിൽ കൃത്യമായി

മണികളുള്ളത് ജപം 1000തവണയോ 100000 തവണയോ എന്നെല്ലാം അറിയാനാണ്. അതിനാൽ 100 മണിയാണ് അക്ഷമാലയിലുള്ളത്. സാധകരുടെ ഇഷ്ടാനുസരണം ജപമണികളുടെ എണ്ണം കൂട്ടരുത്. അ-ഹം-കൃ-തി എന്നാൽ അകാരവും ഹകാരവും മാതൃകയുടെ ആദ്യവും അവസാനവും ചേർക്കുന്നതാണ്. ഇത് ശരിക്ക് മനസ്സിലായാലേ ശിഷ്യൻ ശിവസദൃശനാവുകയുള്ളൂ. പ്രാണമഞ്ജരി പറയുന്നു, അ , ഹ ഇവ അക്ഷരമാലയിലെ ആദ്യാക്ഷരവും അവസാനാക്ഷരവുമാണ്. ചിലർ ക്ഷ അവസാനാക്ഷരം എന്ന് അഭിപ്രായം പറയാറുണ്ട്. ക്ഷ, ള ഇവ അന്ത്യ, ഉപാന്ത്യാക്ഷരങ്ങളായി ഉപയോഗിക്കാറുണ്ടെങ്കിലും, ക്ഷ ക, ഷ ഇവ ചേർന്ന കൂട്ടക്ഷരമാണ്. ള ഉപാന്ത്യമാണ്. ഹ തന്നെയാണ് അന്ത്യാക്ഷരം എന്ന് പ്രാണമഞ്ജരി പറയുന്നു. അഹം ആത്മാവാണ്, ബ്രഹ്മമാണ്. മാതൃക അ, ഹ ഇവയോടു കൂടിയതാവുമ്പോൾ അത് സ്വാത്മാവും പ്രപഞ്ചവുമാണ്. മാതൃകയെ താനായും പ്രപഞ്ചമായും വീക്ഷിക്കുന്നതിന് അഹംകൃതി ശിഷ്യനെ സഹായിക്കുന്നു.

ഗുരുസ്തോത്രം എന്നും രാവിലെ കീർത്തിക്കാനുള്ളതാണ്. 9 നാഥന്മാരെയും ഗുരുവായി കീർത്തിക്കുന്നു. പ്രാണമഞ്ജരി തന്റെ അഭിപ്രായങ്ങളെ

മറ്റു തന്ത്രങ്ങളുമായി താരതമ്യപ്പെടുത്തുന്ന തിൽനിന്ന് അവരുടെ തന്ത്രപരിജ്ഞാനം വ്യക്ത മാണ്. അനായാസമാണ് വ്യാഖ്യാനം നിർവ്വഹി ച്ചിരിക്കുന്നത്. അക്കാലം വരെ തന്ത്രം വ്യാഖ്യാ നിച്ച ഏകസ്ത്രീയാണ് പ്രാണമഞ്ജരി. എന്നാ ലും നിരവധി താന്ത്രികമാർ ഭാരതത്തിലുണ്ടായി രുന്നുതാനും. അവരുടെ ഗ്രന്ഥങ്ങൾ ഏതെങ്കിലും സുരക്ഷിതസ്ഥാനത്ത് ഇപ്പോഴും സൂക്ഷിച്ചിരി ക്കാം. മറ്റു സംസ്കൃതസാഹിത്യശാഖകളിലെന്ന പോലെ ഇവയും ഒരു കാലത്ത് വെളിച്ചം കാണു മെന്ന് പ്രതീക്ഷിക്കണം.

പ്രാണമഞ്ജരിയുടെ കാലം-

പ്രാണമഞ്ജരിയുടെ കാലം അവരുടെ ഭർത്താ വ് പ്രേമനിധി പന്ഥായുടെ കൃതികളിൽനിന്നാണ് മനസ്സിലാവുന്നത്. ഇവർ രണ്ടുപേരും കൂർമ്മാ ചലവാസികളും കാർത്തവീര്യഭക്തരുമാണ്. പ്രാണമഞ്ജരി തന്റെ ഗുരു ഭർത്താവാണെന്ന് പറയുന്നുണ്ട്. പ്രേമനിധിയും താന്ത്രികനായിരു ന്നു. പ്രേമനിധി പണ്ഡിതനും പ്രസിദ്ധനുമായിരു ന്നു. പ്രേമനിധിയും സുദർശന എന്ന പേരിൽ തന്ത്രരാജതന്ത്രത്തിന് വ്യാഖ്യാനം രചിച്ചിട്ടുണ്ട്. പ്രേമനിധി കുമയോണിലെ ഉമാപതിയുടേയും ഉദ്യോതമതിയുടേയും മകനായിരുന്നു. ഭരദ്വാജ ഗോത്രമാണ്. യസ്യോദ്യോതമതീ സതീ ഗുണവതീ

മാതാ പിതോമാപതീർന്നാമ പ്രേമനിധീതി പന്ഥകുലഭൂഃ കൂർമ്മാചലോ ജന്മഭൂഃ മൂപാസ്യം കൃതവീര്യജാച്യുതപദം ഭൂഭൃന്മലൈവന്മഭൂ. ഇത് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലെല്ലാം കാണുന്നു. പ്രേമനിധിയുടെ കാലത്ത് അദ്ദേഹത്തിന്റെ രക്ഷകനായ മലൈവമ്മൻ, മുക്തിക്ഷേത്രത്തിനടുത്ത് തക്കമെ എന്ന മലവാരത്തിലെ സഹമല്ലന്റെ പൌത്രനും ഘനശ്യാമന്റെ പുത്രനുമാണ്. ഈ രാജാക്കന്മാരെ കുറിച്ച് പ്രേമനിധിയുടെ മല്ലാദർശം പറയുന്നുണ്ട്. (ശിവതാണ്ഡവഭാഷ്യം) പ്രേമനിധി വാരാണസിയിലാണ് വളരെക്കാലം ജീവിച്ചത്. അവിടെ താമസിക്കാനുള്ള അനുവാദവും ദാനവും മലൈവമ്മനാണ് കൊടുത്തത്.

അസ്ത്യുത്തരസ്യാം ദിശി മുക്തിക്ഷേത്രസവിധേ താകമേതി പ്രസിദ്ധപർവ്വതദേശാനാമധിപതിഃ ശ്രീമലൈവമ്മദേവസ്തദീയകൃപാപാത്രഭൂമികൃതിഭ്യാമന്നവസ്ത്രാദിസൌഖ്യപൂർവ്വകം കാശ്യാം എന്നും ശ്രീമഹാരാജാധിരാജശ്രീമലൈവമ്മദേവൈരാജ്ഞപ്തഃ ശ്രീകാശീപുരനിവാസി കൂർമ്മാചലാധിഷ്ഠിതകുലപരമ്പരാകഃ പ്രേമനിധിനാമാ കശ്ചിദ് ദ്വിജഃ പുനരംഗയന്ത്രാവലീം വിശദീകരോതി എന്നും ആനന്ദവനേർമ്മുനാം നിവസതാ കാശ്യാം നിവസതേതി വർത്തുലാർഥഃ എന്നും

കാണുക. അദ്ദേഹത്തിന്റെ കൃതികൾ നിരവധി യാണ്. എന്നാൽ പലതും പ്രസിദ്ധീകരിച്ചിട്ടില്ല, ലഭ്യവുമല്ല. ചിലത് മാത്രം ഇവിടെ പറയുന്നുഃ-

1. കാണ്വദീപദാനപദ്ധതി (എ)ഡി 1775 മാനു സ്ക്രിപ്റ്റ്)
2. ഘൃതദാനരത്നം (എ)ഡി 1812)
3. നൈമിത്തികപ്രയോഗരത്നാകരം (1812 എ)ഡി)
4. പ്രയോഗരത്നാകരം (എ)ഡി 1812)
5. മഹാദർശം (അപൂർണ്ണം)
6. ദീപപ്രകാശവും അതിന്റെ ഭാഷ്യം ശബ്ദപ്രകാ ശവും (ദീപപ്രകാശം എന്ന പേരിൽ രാജരാ ജേശ്വരനെ സംബന്ധിച്ച് പ്രാണമഞ്ജരിയും ഒരു ഗ്രന്ഥം എ)ഴുതിയിട്ടുണ്ട്) എ)ഡി 1726-27.
7. ശാരദാതിലകത്തെ സംബന്ധിച്ച് ശബ്ദാർത്ഥ ചിന്താമണി, എ)ഡി 1737
8. പ്രയോഗരത്നാകരം അഥവാ ഭക്തവ്രാതസ ന്തോഷകം എ)ഡി 1729. ഇതിൽ അവസാനം, ഇത്വം ദീപപ്രകാശഃ കുമതിനിരമനോഃ നഗജലധിരസക്ഷമാപ്രമാണീ തു ശാകേ മാർഗ്ഗേ ച പക്ഷേ നിശിഭവതിഥൌ നന്ദഭൂദീനനാഥപ്രേമ്ണാ കേനാപി (ഏതേന ഏകോനവിംശതിദിനൈഃ കൃതോയം ഗ്രന്ഥ ഇത്യുക്തം)ബ്രഹ്മവരമയ-തനുതാമാദധാനഃ

പ്രപൂർണ്ണഃ. 2 ശ്ലോകം കഴിഞ്ഞ്, യസ്യോദുധ്യോതമതീ എന്നും, ഇതി ശ്രീ പ്രേമനിധിശർമ്മനിർമ്മിതോ ദീപപ്രകാശഃ സമ്പൂർണ്ണാതമഗമത് എന്നും ഉണ്ട്.

ഇതെല്ലാം വെച്ച് പ്രേമനിധിയും പത്നി പ്രാണ മഞ്ജരിയും 18ആം നൂറ്റാണ്ടിന്റെ ആദ്യപകു തിയിലാണ് ജീവിച്ചത്.

തന്ത്രാജതന്ത്രത്തിന്റെ 4 മാനുസ്ക്രിപ്റ്റിൽ 2 എണ്ണം തെലുഗിലും 2 എണ്ണം ദേവനാഗരിയി ലുമാണ് എഴുതിക്കാണുന്നത്.

തന്ത്രരാജതന്ത്രം

പ്രാണമഞ്ജരീകൃത

തന്ത്രരാജസുദർശനാഖ്യ ടീകാസഹിതം.

ശ്രീരാജരാജേശ്വരായ നമഃ.

അനീശോപി ശ്രീശോ വിഭുരഗതിപുംസാം ഗതികരോപവർഗ്ഗാദ്യം യസ്മാത് ഫലമലമസൂതേപി വിമലം.

അമഹേതുർനാനാവിമതിരപി മന്യാർത്ഥമതിദഃ മഹായഃകോപ്യേ ഷോത്ര തു ഭവതു മേ ഹൈഹയപതിഃ

ശ്രീകാർത്തവീര്യപദരാഢിഹ യോഗരൂഢ്യാ സ്വീയേഷ്ടദേവമിവ കേവലയോഗയുക്ത്യാ

തച്ഛക്തിമപ്യഭിവദത്യത ഉദ്യമോയം
ശ്രീസുന്ദരീഭജനകൽപ്പവിവേചനേ മേ.

ശ്രീരാജരാജേശ്വരകൽപ്പഭുക്താ
ദീപപ്രകാശപ്രമുഖപ്രബന്ധൈഃ
ശ്രീതന്ത്രരാജാർത്ഥസുദർശനേന
തച്ഛക്തികൽപ്പം വിവൃണോമി കിഞ്ചിത്.

ന തന്ത്രാർത്ഥം ജാനേ ക്വ ച ഭവതി തദ്രാജ
വിഷമാർത്ഥബോധാണാം ദൂരേ ബത ഗതവതീ
ടിപ്പണകഥാ.

തദപേക്ഷാസിദ്ധിം വ്രജതി യദി തർഹി
ധ്രുവമഹീ സുഗുർവ്വിഷ്ടപ്രേമാമരതരു
രിഹാസ്തേ സകരുണഃ

യാതേ മുക്തിപദം സുദർശനമുതേസ്യങ്മാംസ
മേദോമയേ പൂർണ്ണശ്രീശസുദർശനാവതരണാം
ഘ്രിപ്രേമമാഹാത്മ്യതഃ
വിദ്വന്മാനസരാജഹംസമപരം ശ്രീമത്
പതിപ്രേമതഃ ശ്രീതത്വാർത്ഥസുദർശനം
നവമഹം കുർവ്വേക്ഷരാലീമയം.

യസ്യാഃ കോപി ച
ഹർഷദേവവിബുധസ്താതഃപ്രസൂഃശ്രീമതീ
ഖ്യാതാ ഹർഷമതീതി ഗിതഃ കൂർമ്മാചലേ
ജന്മഭൂഃ വിദ്യതപ്രേമനിധേസ്തൃതീയവനിതാ

ശ്രീപ്രാണമഞ്ജര്യഹം കുർവ്വേ ഗോപിത
തന്ത്രരാജവിഷമാർത്ഥവ്രാതമാശു സ്ഫുടം.

തന്ത്രരാജതന്ത്രം

1. **അനാദ്യന്തോപരാധീനഃസ്വാധീനഭുവനത്രയഃ ജയത്യവിരതോ വ്യാപ്തവിശ്വഃ കാലോ വിനായകഃ**

സുദർശനം- ശ്രീപതി, ഗണപതി, ദിവാകരൻ, ദേവി, ഹേശ്വരാത്മകപഞ്ചായതനദേവതകളെ അവരുടെ അവാന്തരഭേദങ്ങളോടു കൂടി അനന്തമായി ഉപാസിച്ച് സ്വസ്വപൂർവ്വകർമ്മവൈഭവഭവരുചിവിചിത്രഭേദങ്ങളാൽ ശ്രീ ത്രിപുരസുന്ദരിയുടെ ചരണപരിചര്യ കൊണ്ട് സംസാരസാഗരതരണം ചെയ്യാനാഗ്രഹിക്കുന്ന സാധകന്മാർ നാനാതന്ത്രഗവേഷണം ഏകവാക്യമായി ചെയ്യാൻ ക്ലേശപരിഹാരത്തിനും അഭീഷ്ടസിദ്ധിക്കും സിദ്ധിക്കും പരമകാരുണികനായ ഭഗവാൻ ശ്രീസദാശിവനെ ആശ്രയിക്കുന്നു. മറ്റ് തന്ത്രങ്ങളെ അപേക്ഷിച്ച്, തന്ത്രരാജനിർമ്മാണകാമനായ ഭഗവാൻ നിർവ്വി ഘ്നഗ്രന്ഥസമാപ്തിയിൽ സ്വേഛാമാത്രത കൊണ്ടു സംഭവിച്ചേക്കാവുന്ന വിഘ്നം കൂടി നശിപ്പിക്കാനായി ഗണേശരൂപമൂർത്തിവിശേഷത്തെ ധ്വനിപ്പിക്കുന്ന വിനായകത്വത്തെ സ്വാത്മാവായി നമസ്കാരാത്മകമായി മംഗലം നിർമ്മിക്കാനായി പ്രണമിക്കുന്നു.

നിർവ്വിഘ്നഗ്രന്ഥപരിപൂർത്തിക്ക് ഭഗവാനും കൂടി വിനായകനെ സ്മരിക്കുന്നു. ഗണപതിയുടെ മംഗളസ്വരൂപം ധ്യാനിക്കുന്നു. നമ്മളെപ്പോലെ ഉള്ള സാധാരണക്കാരുടെ കാര്യം പിന്നെ പറയണമോ. അനാദ്യന്തനും മറ്റൊന്നിനും അധീനമല്ലാത്തതും ഭുവനത്രയം സ്വാധീനമായിട്ടുള്ളവനും അവിരതം വിശ്വമെങ്ങും വ്യാപ്തമായവനും ആയ കാലമാണ് വിനായകനെന്ന് പറയുന്നത്.

സർവ്വകർമ്മാരംഭത്തിലും ശ്രീവിഷ്ണുസ്മരണാനുഷ്ഠാനം കൊണ്ട് സകലശ്രുതിസ്മൃതിസിദ്ധന്മാർക്കും രക്ഷക്കായി, അദ്ധ്യേതാക്കൾക്ക് അദ്ധ്യയനസിദ്ധിക്കും വിഷ്ണുവിനേയും ഗ്രന്ഥകർത്വത്തിന് ശിവനേയും പറയപ്പെട്ട ദിശയിൽ സ്മരിക്കുന്നു. രവിയെ നമസ്കരിക്കുന്നു. ഗ്രന്ഥസമാപ്തിക്ക് രോഗം, ദാരിദ്ര്യം, ധ്വംസനം, മരണം മുതലായി പല കാരണങ്ങളും വിഘ്നമായി വരാം. ഇവ ഇല്ലാതാക്കുന്നതിനാണ് ഈശ്വരസ്മരണം. കാലം ക്ഷണഘടികാദി കാലനിർവ്വാഹകഗതികത്വമാണ്. അനാദിയും സാന്തത്വം അനന്തത്വം, ഇവയുമുള്ള കാലം ജയിക്കട്ടെ. കാലത്തിന്റെ ഉഭയോപാദാനവും ആണ് കർമ്മകൃത്തായി പ്രവർത്തിക്കുന്നത്. അനാദിമദ്ധ്യാന്തഹീനമായ കാലം എല്ലാം നടത്തുന്നു.

ഉല്ക്കർഷം വരുത്തുന്നു. സ്വാധീനത്രിലോകിക ത്വം ജഡവസ്തുവിന് സാധിക്കയില്ല. ചൈതന്യ ത്തിനേ സാധിക്കുകയുള്ളു. സംസാരത്തിനു പോലും നാശമുണ്ട്. കാലത്തിന് നാശമില്ല. സംസാരനാശം വരുത്തുന്ന കാലം അനാദിമദ്ധ്യാ ന്തമായ ചൈതന്യവസ്തുവാണ്. അനാദിപ്രവാ ഹമുള്ള സംസാരത്തെപ്പോലും അത് നശിപ്പി ക്കും.

ആർക്ക് ഭുവനത്രയം അധീനമോ, അയാൾക്ക് എന്ന് ബഹുവ്രീഹി ഉപയോഗിക്കുന്നത്, ഭൂത നിർമ്മിതമായി ത്രിഭുവനത്തിലുമുള്ള സകല ത്തിനും ഉപരി എന്ന് അർത്ഥം തരുന്നു. അവിര തം സംസാരോത്പാദനാദികർമ്മങ്ങളെ കടന്നു നിൽക്കുന്നതെന്ന് സൂചിപ്പിക്കുന്നു. സംസാരം അനാദിപ്രവാഹമാണ്. ജലപ്രവാഹം, പവന പരമാണ്വാദികർമ്മങ്ങളുടെ പ്രവാഹം ഇവയെ ജയിക്കുന്നതാണ് സംസാരപ്രവാഹത്തെപ്പോലും ജയിക്കുന്ന അവിരതപ്രവാഹം. അപ്രകാരമാണ് അത് വ്യാപ്തവിശ്വമാകുന്നത്. കാലം ത്രുടി, പലം, ഘടിക മുതലായി മഹാപ്രലയാന്തമാണ് കാലം. അപരാധീനമായ വിശിഷ്ടനായകനെന്ന് യോഗാർത്ഥത്തിൽ ഗണപതിയെ വിവക്ഷിക്കു ന്നു.

തന്ത്രത്തിൽ നിരൂപിക്കുന്ന ദേവതമാർ കാലരൂപതയാൽ പറയപ്പെടുന്നത് കാലാത്മകത്വത്താലാണ്. വിനായക എന്നതിന് അവിനായക എന്ന് അകാരം ചേർക്കുന്നു. സൂര്യൻ നയനകർത്താവായ നായകനാണ്. നയനകർതൃത്വപ്രേരകനാണ്. ക്ഷണഘടികാദികാലജ്ഞാപകത്വം സൂര്യനുള്ള നായകത്വമാണ്. വിഷ്ണുരൂപകത്വം ഖസ്തുതിവിവക്ഷിതമാണ്. വിഃ പക്ഷിവിശേ ഷമായ ഗരുഡൻ. അതിന്റെ നായകൻ. അതുപോലെ വിനായകനെന്നത് ഷഷ്ഠീതത്പുരുഷനാണ്. കാലം മേഘശ്യാമമാണ്. സ്വത്തിൽനിന്ന് അഭിന്നമായ ഭക്തിവിശേഷാദികളാൽ , സ്വതോപഗത്വം. സ്വതാദാത്മ്യം പ്രാപിച്ച് സ്വഭക്തന്മാരുടെ അധീനമായിരിക്കുന്നവനും, സകലത്തിനും നായകനായി സകലത്തേയും അധീനത്തിലാക്കിയവനും.

യോ യോ യാം യാം തനും ഭക്തഃശ്രദ്ധയാർച്ചിതുമിച്ഛതി തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹം. എന്ന് ഭക്താധീനത്വം പറയപ്പെടുന്നു. ഏതു കർമ്മത്തിനും ആദ്യന്തം ഭഗവദ് സ്മരണ വേണം. യസ്യ സ്മൃത്യാ ച നാമോക്ത്യാ തപോയജ്ഞക്രിയാദിഷു ന്യൂനം സമ്പൂർണ്ണതാം യാതി- മുതലായി സ്മാർത്തന്മാർ അനുഗ്രഹത്തെ പറയുന്നു. ഏതൊന്നിനെ അദ്ധ്യയനം

ചെയ്യാനാരംഭിക്കുമ്പോളും അത് സിദ്ധിക്കാനായി ഈശ്വരസ്മരണ വേണം. വിനായകനെ അതിനായി സ്തുതിക്കുന്നു. സർവ്വോത്കൃഷ്ടയാ യ ദേവിപോലും വിനായകന് അധീനയാണ്. (പുത്രവാത്സല്യം) ഉ ശിവൻ. അതിന് പര ദേവി. അനാദ്യന്തം ശിവനും ദേവിക്കും വിശേഷണം ആണ്. വിശ്വാന്തർഗ്ഗതമായ ഭൂതഭാവിവർത്തമാന പദാർത്ഥാവസ്ഥിതി കാലാതീതമായ ഒന്നിന് ബാധകമല്ല. ഇപ്രകാരം കാലത്തെ കൂടി ജയിച്ചതിന് എല്ലാ ഉത്കർഷവും അധീനമായിരിക്കുന്നു. അതിനാലാണ് ഗ്രന്ഥാരംഭത്തിലും വിദ്യാരംഭത്തിലും ഈശ്വരസ്മരണ ചെയ്യുന്നത്. കാലത്തിനും ഉപരി (ശിവ,ദേവി) ശിവാനുരക്തയായ ദേവിക്കു കൂടി അധീനത്വം ഉള്ളവനാണ് വിനായകൻ. ഉത്കർഷേഛുക്കളെല്ലാം വിനായകനെ സ്തുതിക്കുന്നു.

അകാരം പ്രഥമവർണ്ണം. ക്രമേണ മകാര,കകാര ലകാരവിവക്ഷിതം. നകാരം നഭസം. പ്രഥമാക്ഷരത്താൽ ഹകാരം. പിന്നീട് ഹ്രസ്വാകാരത്താൽ അഗ്നി. രകാരം 4ആം സ്വരം. പിന്നീട് ദീർഘകാരത്താൽ ആകാശം , ബിന്ദു. ഈ വർണ്ണങ്ങൾ ആദ്യന്തം പ്രഥമദ്വിതീയാദിസ്ഥാനത്ത് വർണ്ണസമുദായം . തൃതീയഖണ്ഡത്തോടെ സ്വാരസ്യേനോദ്ധാരത്തോടെ ആവൃത്ത്യനുപൂർവ്വഭേദത്താൽ

വർണ്ണം ദ്വിതീയം പ്രഥമം എന്നീ ഖണ്ഡം പോലെ ആവൃത്ത്യുദ്ധൃതപ്രായം. അപരാ ഭുവനേശ്വരീ ബീജം. ബീജത്തിന് അധീനം എന്ന് അർത്ഥം. പഞ്ചഭൂതത്തിനും സകലവർണ്ണത്തിനും വിശ്വ ത്തിനും നായികയായി , അവയെല്ലാം സ്വാധീന മായി ഇരിക്കുന്നവൾ .അഗ്നി, വിധു ഇവപോ ലെ വിശ്വം മുഴുവനും വ്യാപ്തമായവൾ. അണ്ഡത്രയത്തിലും വ്യാപിച്ചവൾ. രൂപകത വ്യക്തമായവൾ. കാലാത്മിക. അർക്കചന്ദ്രസ്വ ഗതിയാൽ ജ്ഞാപകമായ നയനകർതൃത്വം ഉള്ളവൾ. അപ്രകാരമുള്ളതിനാൽ അവിനായക. കാലം കൊണ്ട് വർണ്ണവിശേഷണം. സകലത്തേ യും ജയിച്ച ദേവതാ എന്ന് വിശേഷാർത്ഥം. അതായത് പഞ്ചദശസംഖ്യാരൂപം. കാലപദാർത്ഥവിശേഷണം ക. ഹ്രസ്വാകാരവും ദീർഘാകാരവുമായി പഞ്ചകമകാരം. പഞ്ച ദശസംഖ്യയാൽ (പഞ്ചദശി) സകലം ജയിച്ചവൾ. സൂര്യൻ കാലനേത്രം. ഇപ്രകാരം പഞ്ചായതന ദേവതമാർക്കും ആദ്യശ്ലോകം നമസ്കാരം പറയുന്നുണ്ട്.

2. ഭഗവൻ, സർവ്വതന്ത്രാണി ഭവതോക്താനി മേ പുരാ നിത്യാനാം ഷോഡശാനാം ച നവ തന്ത്രാണി സർവ്വശഃ

സുദർശനഃ- മംഗളശ്ലോകശേഷം തന്ത്രനിരൂപണ ത്തിന് തുടങ്ങുന്നു.

നചാശുശ്രീഷവേ വാച്യം നാഭക്തായ ന ചാധിനേ മുതലായ നിഷേധശാസ്ത്രങ്ങളെ ഉല്ലംഘനം ചെയ്യാനായി, മമ വത്മാനുവർത്ത ന്തേ മനുഷ്യാഃ പാർത്ഥ സർവ്വശഃ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ഭഗവതി ഇവിടെ ഭഗവൻ എന്ന് അഭിസംബോധന ചെയ്ത് ശിവനോട് അഭിപ്രായം ചോദിക്കയാണ്. ഭഗവൻ, നിത്യ മുതലായ പദങ്ങൾ ദേവിയുടെ ശുശ്രൂഷയാണ്. ഭൂതങ്ങൾക്ക് ഒരു തന്ത്രം പറയാനും കൂടി പാട വം ഉണ്ടാവാറില്ല. സകല തന്ത്രവും പറയാനുള്ള പാടവം എപ്രകാരം ഉണ്ടാവാനാണ്. അപ്രകാ രം കഥനയോഗ്യത ഉള്ള വ്യക്തിയാണ് എന്ന് ഭഗവാനെന്ന സംബോധന സൂചിപ്പിക്കുന്നു. സക ലദേവതാപ്രതിപാദകമായ യാമളാദികളെല്ലാം ശിവനാണ് ഉപദേശിച്ചിരിക്കുന്നത്. ഷോഡശ നിത്യകളും സ്വയം സ്പഷ്ടീകൃതമാവുക മുത ലായ അസാധാരണവിഷയങ്ങളും കൂടി സുന്ദ രീഹൃദയം, നിത്യാഷോഡശികാർണ്ണവം , ചന്ദ്രജ്ഞാനം, മാതൃകാതന്ത്രം, സമ്മോഹന തന്ത്രം, വാമകേശ്വരതന്ത്രം, ബഹുരൂപാഷ്ടകം, പ്രസ്താരചിന്താമണി, മേരുപ്രസ്താരാഭിധാനം എന്ന് നവതന്ത്രങ്ങളിലായി ശിവൻ പഠിപ്പിച്ചി

ട്ടുണ്ട്. ഇതെല്ലാം പാർവ്വതീദേവി ഗ്രഹിച്ചിട്ടുമുണ്ട്.

3. തേഷാമന്യോന്യസാപേക്ഷാജ്ജായതേ മതിവിഭ്രമഃ തസ്മാത്ത് നിരപേക്ഷം മേ തന്ത്രം താസാം വദ പ്രഭോ.

സുദർശനഃ- ജിജ്ഞാസയുള്ള ശിഷ്യയാണ് ദേവി. 9 തന്ത്രം കേട്ട് തനിക്ക് അവയുടെ പരസ്പര ആപേക്ഷികത കാരണം മതിഭ്രമം ഉണ്ടായെന്നാണ് ദേവി പറയുന്നത്. അവയോടൊന്നും ആപേക്ഷികത ഇല്ലാത്തതും എല്ലാ സംശയവും തീർക്കുന്നതും ആയ സർവ്വതന്ത്രങ്ങളുടേയും സമുച്ചയവും വികൽപ്പാനുകൽപ്പങ്ങൾക്കെല്ലാം അതീതവുമായ ശങ്കകളെയെല്ലാം തീർക്കുന്ന തന്ത്രം ഏതാണ്, അതിനെ ഉപദേശിച്ചാലും എന്നാണ് അപേക്ഷ.

9 തന്ത്രങ്ങളും പരസ്പരാപേക്ഷമായതിനാലാണ് മതിവിഭ്രമം. അതിന്ന് നിരപേക്ഷമായ ഏകതന്ത്രം അറിയണം. പൂർണ്ണത്വമുള്ള ഏകതന്ത്രം വേണം. മതിഭ്രമഹേതു സാപേക്ഷത്വമാണ്. അതില്ലാത്ത പരമമായ തന്ത്രം പഠിക്കണം. തന്നിൽ പരമപ്രേമമുള്ളവനും സകലതന്ത്രജ്ഞാനിയുമായ ഭഗവാനോടല്ലാതെ ആരോടാണ് ദേവി ഇത് ചോദിക്കുക. ശിവനോട് ദേവി ഇതാണ് പ്രാർത്ഥിക്കുന്നത്.

4. ശ്രുണു കാദിമതം തന്ത്രം പൂർണ്ണമന്യാനപേ
ക്ഷയാ ഗോപ്യം സർവ്വപ്രയത്നേന ഗോപനം
തന്ത്രചോദിതം.

സുദർശനം- ശിവൻ പറഞ്ഞു. കാദിമതം കേട്ടാ
ലും. സ്വതന്ത്രവും പൂർണ്ണവും ആയ കാദിമത
ത്തിലെ തന്ത്രരാജം തന്ത്രങ്ങളിൽ വെച്ച് ഏറ്റ
വും പ്രാമാണികമാണ്. ഇത് ആരണ്യകങ്ങളി
ലാണ് ഉത്ഭവിച്ചത്. ഇതിന് നാലു നാമമുണ്ട്
(ചത്വാരി നാമം) നാമത്തിലല്ല പ്രത്യേകത യോ
ഗചര്യയോ ടെ പാലിക്കാത്ത പക്ഷം ഇത് ക്ഷ
യിച്ചുപോകും. തന്ത്രാന്തരങ്ങളെ അപേക്ഷിച്ച്
ഇത് ഉത്കൃഷ്ട മാണ്. പ്രസിദ്ധനാമചതുഷ്ടയ
മദ്ധ്യത്തിൽ നാമത്രയങ്ങളുടെ കഥനം പറയാം.
പൂര്ണ്ണം- മറ്റൊരു തന്ത്രത്തോടും അപേക്ഷയി
ല്ലാത്ത തന്ത്രം. ഗോപ്യം. ധ്യേയം. മതിസാമ
ർത്ഥ്യം കൊണ്ടുമാത്രം ഇത് പ്രകാശിക്കയില്ല.
ധ്യാനിച്ചും അനുഷ്ഠാനം കൊണ്ടും മാത്രം
പ്രകാശിക്കുന്നു. അതിനാലാണ് ഗോപ്യമെന്ന
നാമം. തന്ത്രശാഖകളിൽ ഗോപനത്തിന് വിഹി
തത്വം ഉള്ളതാണ്. അതിനെ അതിക്രമിക്കുന്നത്
ദോഷമാണ്. വ്യത്ത്യുജാർണ്ണാൻ ലിഖേദംഗൈ
വേപ്തപസ്ത ക്രമയോഗതഃ മുതലായ രീതി
കളിൽ സർവ്വപ്രയത്നവും കൊണ്ട് തന്ത്രത്തെ
ഗോപനം ചെയ്യുന്നത് അനുഷ്ഠേയമാണ്.

സമ്പൂർണ്ണതന്ത്രത്തിന് ഗോപനം ആവശ്യമെന്ന് മനോരമാഭാഷ്യവും പറയുന്നു. ഭഗവാനു പോലും അതിരഹസ്യമന്ത്രോദ്ധാരപ്രകാരം ഗോപനം സ്വീകൃതമാണ്. ഗ്രന്ഥഗൌരവം ഇപ്രകാരം പറഞ്ഞിരിക്കുന്നു. സമ്പൂർണ്ണതന്ത്ര മായ ഇത് ഗോപനം ചെയ്ത് സൂക്ഷിക്കേണ്ടെ താണ്. ഇപ്രകാരം ആരും അറിയാതെ പോയാ ൽ തന്ത്രം പിൽക്കാലത്ത് നഷ്ടമാവുകയില്ലേ. വ്യാകുലാക്ഷരകത്വം വരില്ലേ. ഇല്ല. ഗുരുപ രമ്പരകളിൽ ഇത് രഹസ്യമായി പഠിപ്പിക്കു ന്നുണ്ട്. ഗുരുപരമ്പര ഇതിനെ ഗോപ്യമായി വെക്കുന്നത്, പ്രാമാണ്യരക്ഷക്കു വേണ്ടിയാണ്. അദ്ധ്യയനവും അദ്ധ്യാപനവും ഇല്ലാതെ വരു മ്പോളാണ് നഷ്ടമാവുന്നതും വികലാക്ഷരങ്ങൾ ഭാഷയിൽ സംഭവിക്കുന്നതും. ന ചാശുശ്രൂഷവേ വാച്യം നാശിഷ്ടായ ന ദംഭിനേ എന്നും നാഭക്തായ കദാചന നാശിഷ്യായ ന ദംഭായ എന്നും കാണുന്നത് അർഹത ഇല്ലാത്തവരി ൽനിന്ന് ഗോപ്യമായി വെക്കുക എന്ന അർത്ഥ ത്തിലാണ്.

വാമകേശ്വരതന്ത്രത്തിലും കൂടി സർവ്വോപരി അർത്ഥപരമായ സാപേക്ഷമുണ്ട്. നാമ്നശ്ചാ ദ്ധ്യാക്ഷരേണ ഏതു നാമമാണ് മനുഷ്യർ ഇതി നു സ്വീകരിക്കേണ്ടത്. മന്ത്രദാനത്തിൽ

ട്ടണധനങ്ങളെ അറിയുന്നതിന് പ്രസിദ്ധനാമ മാണ് എടുക്കേണ്ടത്, ഗുരുതന്ന ഗുപ്തനാമമല്ല. മനോരമയും നിധികൃതവും ഇത് പറയുന്നു ണ്ട്. നിത്യാദിക്രമദോഷശാന്തിക്ക് മൂലം ശതം ജപേത് എന്ന് പറയുന്നു. തന്ത്രസാരം മുതലായ പ്രാമാണികഗ്രന്ഥങ്ങളിലും ഇത്തരം കാര്യ ങ്ങളെ ആലോചിക്കുന്നുണ്ട്. സകല ദേവതക ൾക്കും സാധാരണമായ സാമാന്യശാസ്ത്രാ പേക്ഷ കൂടാതെ ദേവതാവിശേഷകൽപ്പോക്ത മായ തന്ത്രദേവതാവിഷയകമായ അന്യ നിര പേക്ഷമായ പൂർണ്ണത്വം ഈ തന്ത്രത്തിലുണ്ട്. ബീജമെന്ന് പ്രശ്നോത്തരവാക്യത്തിൽ ഇത് കാണുക.

5. കഥം കാദിമതം നാമ്നാ തന്മേ ബ്രൂഹി മഹേശ്വര കാദികാലീതി ശക്തി സ്തഃ പുരാ തത്തന്മതേ മയാ.
6. പ്രോക്തം തന്ത്രേ കാദികാലീമതാഖ്യേ തേന നാമതഃ ശ്രുണു തത്സർവ്വതന്ത്രാണാം രാജാനം സർവ്വസിദ്ധിദം.

മഹാഐശ്വര്യങ്ങൾക്കെല്ലാം അധിപനായ മഹേ ശ്വരാ, കാദിമതം എന്ന നാമം എന്ത് എന്ന് കഥി ച്ചാലും.. കാദികാലിയെന്ന ശക്തിയല്ലേ പണ്ടു ള്ളത്. അതല്ലേ ആദ്യം പറയേണ്ടത്. നാമത്രയങ്ങ. ളിൽ അവസാനത്തേക്ക് അതിനെ വെച്ചത് അവി

ടുത്തെ അജ്ഞാനമാവാൻ വഴിയില്ല. സർവ്വേശ്വ രനാണല്ലോ അവിടുന്ന്. സൃഷ്ടിസ്ഥിതിസംഹൃതി കളുടെ എല്ലാം നാഥനായ മഹേശ്വരന് അജ്ഞാ നം ഉണ്ടാവുക വയ്യ. കാദിമതം എന്ന നാമം ആ ദ്യത്തേതാണ്. അതിനാൽ അതിന്റെ നിർവ്വചനം ആദ്യത്തേതാകണമെന്നത് ഉചിതം തന്നെ. നാമ ത്രയത്തിൽ ഈ നാമത്തെ അവസാനം പറഞ്ഞത്, സ്വപ്രതിപാദ്യഗ്രന്ഥത്തിൽ ഏറ്റവും രഹസ്യവും ഏറ്റവും രാജനും (തന്ത്രരാജം) സർവ്വസിദ്ധിദവു മായതിനാലാണ്. ആ നാമത്തിന് രൂഢത്വമല്ലാതെ ക്ഷതി ഉണ്ടാവുന്നില്ല. വെറുതേ പ്രശ്നത്തിന് ഉത്തരം തരുന്നതല്ല, ന്യായത്തോടുകൂടി ഉത്തരം ദാനം ചെയ്യുന്നതാണ് ഉത്തമം. രഹസ്യതരമാ ണിത് എന്ന് അറിയുക. ഗ്രന്ഥം കൂടാതെ സംശയ നിവൃത്തി വരില്ല. ഏതാണോ ബ്രഹ്മം അത് ഹ്ര സ്വാകാരം. ഷോഡശസ്വരവർഗ്ഗം ഷോഡശനിത്യാ ത്മകത്വതന്മയം. ഇപ്രകാരം പറഞ്ഞു. ഗ്രന്ഥം അതീവ രഹസ്യസ്വഭാവമാണെന്ന് അറിയുക.

കാദികാലിഃ-എപ്രകാരം കാളി എന്ന് നാമധേയ മുള്ള ശക്തി വിശേഷമതപ്രതിപാദകമോ, അപ്ര കാരം ലോകത്തിൽ എന്നാൽ കാലീമതം എന്ന പേരോടെ നിർമ്മിച്ച് പ്രസിദ്ധമാക്കപ്പെട്ടു. ശക്തി മതമായി എന്നാൽ നിർമ്മിതമായ തന്ത്രത്തിന് കാദിമതമെന്ന പേരും വന്നു. കം ജലം. അതിന്റെ

പൂർവ്വം ഉള്ളത് പൃഥിവി ലകാരം. ലലിതാനാ മാദിമവർണ്ണത്വമുള്ളത്. അതാണ് കാലീനാമം. (ജലം കാ, ലലിതാനാമാദിയായ ല പൃഥ്വി). കാദി യായ കാലി കമ്പസ്വഭാവമുള്ളതാമ്. (കമ്പനം വൈബ്രേഷൻ). നിധികൃത് പറയുന്നത്:- കമ്പം ഹിപ്യരണ്യഗർഭത്തിന്റേതാണെന്നാണ്. കമ്പം ജലമയവർണ്ണസ്വഭാവമാണ്. കകാരം പ്രഥമമാ കയാൽ ജലമാണ് ആദ്യം പറയപ്പെട്ടത്. വക്ഷ്യമാ ണനാനാഭേദങ്ങളിൽ കകാരം വ്യഞ്ജനങ്ങളിൽ ആദ്യത്തേതാണ്. കാദിത്വം തന്നെയാണ് ശക്തിയു ടെ രഹസ്യം.

സർവ്വതന്ത്രാമാം രാജം- തന്ത്രരാജപദം കേവലം രൂഢം മാത്രമല്ല, സർവ്വതന്ത്രങ്ങളിലും ഷോഡശ വിദ്യാവിഷയകമായ സകലതന്ത്രത്തിലും വെച്ച് രാജത്വമുള്ളതുമാണ്. രാജത്വം ഇവിടെ അന്വ ർത്ഥമായ നാമമാണ്. രാജത്വം സർവ്വസിദ്ധിദം എന്നതിനാലാണ്. ഏതെല്ലാം വിഷയങ്ങളുണ്ടോ അവയിലെല്ലാം , തന്ത്രങ്ങളിൽ പറയപ്പെട്ട എല്ലാ അനുഷ്ഠാനത്തിലും പ്രകാശകത്വം ലക്ഷണമായ തിനാലാണ് സർവ്വസിദ്ധിയും തരുന്നത്, സിദ്ധിക ളെല്ലാം ഏകമായി ഈ തന്ത്രം തന്നെ തരുന്നതിനാ ൽ തന്ത്രരാജത്വം.

7. കാദിസംജ്ഞാ ഭവദ്രൂപാ സാ ശക്തിഃ സർവ്വസിദ്ധയേ തന്ത്രം മദുക്തം ഭുവനേ നവനാഥൈരകൽപ്പയത്.

ഇതിൽപ്പരം ലോകത്തിൽ പ്രചാരത്തിലായി ഏതു തന്ത്രവും ഇതുപോലെ (കാദിമതം പോലെ) ഇല്ല. ഭവദ്രൂപമാണ് കാദിനാമധേയം. അത് അനിർവാച്യപ്രഭാവമാണ്. ശക്തിക്ക് പറയപ്പെട്ട സ്വരൂപവനാഥദ്വാരാ എന്നാൽ പറയപ്പെട്ടതാണ് കാദിമതസംജ്ഞമായ തന്ത്രം അത് ഭുവനത്തിൽ എല്ലാ സാദ്ധ്യസാധകാദി കളും സിദ്ധരും സ്വസ്വാഭിലഷിതപ്രാർത്ഥനയാൽ കൽപ്പിച്ചു പ്രചരിപ്പിച്ചു,

8. തയാ തൈർഭുവനേ തന്ത്രം കൽപ്പേ വിജൃംഭ തേ അവസാനേഷു കൽപ്പാനാം സാ തൈഃ സാർദ്ധം വ്രജേഞ്ച മാം.
9. ആദ്യേ തന്ത്രാവതാരാദി ദ്വിതീയേ നാഥമണ്ഡ ലം നിത്യോദ്ധാരസ്തൃതീയേ സ്യാല്ലലിതാ ർച്ചാ തയോർദ്വയോഃ

സുദർശനം- കൽപ്പാദിയിൽ താൻ കൽപ്പിച്ചതിനെ പ്രതികൽപ്പം നവനാഥന്മാർ കാദിശക്തിതന്ത്രം എന്ന് ഭുവനത്തിൽ പ്രചരിപ്പിച്ചു. പ്രതികൽപ്പം നവനാഥന്മാരാൽ പ്രചരിച്ചത് കൽപ്പാന്തത്തിൽ നശിക്കുന്നു. അതിന് ആദിയും അവസാനവുമു ണ്ട്. നവനാഥന്മാരാൽ വ്രജിക്കപ്പെട്ട കാദിശക്തി

പ്രതികൽപ്പം പുനർസൃഷ്ടിക്കപ്പെട്ട് നശിക്കുന്ന താണ്. സാധകന്മാരുടെ അഭാവത്താലും ലുപ്ത മാകാറുണ്ട്. ഇപ്രകാരം ഓരോ കൽപ്പത്തിലും പറയപ്പെട്ട ദിശയിൽ കാദിശക്തി പുനഃസൃഷ്ടിക്ക പ്പെടുന്നുണ്ട്. പ്രസരിക്കുന്നുണ്ട്. ആദ്യത്തേത് തന്ത്രാവതാരം. അവതാരം ഉൽപ്പത്തി. ആദ്യ ഗുരുശിഷ്യലക്ഷണാദികളോടു കൂടിയത്. രണ്ടാമ ത്തേത് നാഥമണ്ഡലത്തിൽ നിന്ന് ജനിച്ചത്. മൂന്നാ മത്തേത് നിത്യകളായ ഷോഡശസംസ്ഥാനത്തിൽ നിന്ന് ഉദ്ധരിക്കപ്പെട്ടത്. തന്ത്രാവതാരം മുതൽ ഉത്തരോത്തരം തന്ത്രപ്രചാരം ഇപ്രകാരം സംഭ വിക്കുന്നു. മുഖ്യകാരണം ഗുരുശിഷ്യസ്വരൂപ മാണ്. അതിന്റെ പടലത്തിൽ പ്രതിഷ്ഠ മുതലായ വയുടെ നിരൂപണം പ്രാസംഗികമാണെന്ന് ഭാവം. ഓരോരോ പടലത്തിലും അതാതിനു വിഹിതമായ മുഖ്യത്വം പ്രാസംഗികമായി ലഭിക്കുന്നു. മൂന്നാമത്തേതിനു ശേഷം വരുന്ന ദ്വയം (2 എണ്ണം) 4, 5 എന്നീ പടലം .ത്രിപുരസുന്ദ രീപൂജ, ലളിതയോട് സഹൈക്യവിവക്ഷയാൽ ലളിതാപൂജാഖണ്ഡം (ലളിതാർച്ചാ).

10. നൈമിത്തികം തഥാ കാമ്യമർച്ചനം
ഷഷ്ടകേ ഭവേത് കാമേശ്വരീ സപ്തമകേ
പരതോ ഭഗമാലിനീ

11. നിത്യക്ലിന്നാ തു നവമേ ഭേരുണ്ഡാ ദശമേ സ്മൃതാ ഏകാദശേ വഹ്നിവാസിന്യഥ വജ്രേശ്വരീ മതാ.

12. ത്രയോദശേ ഭവേദ്ദൂതീ ത്വരിതാ സ്യാച്ചതുർദ്ദശേ കുലസുന്ദര്യതോന്യസ്മിൻ നിത്യാനിത്യാ തു ഷോഡശേ

13. തതോ നീലപതാകാ സ്യാദ് വിജയാഷ്ടാദശേ പരേ സർവ്വമംഗലനിത്യാതോ ജ്വാലാമാലിനിസംജ്ഞിതാ.

6ആം പടലം മുതലുള്ളവ ക്രമത്തിൽ പറയുന്നു. കാമ്യമായി അർച്ചന ചെയ്യുന്നവ. കാമേശ്വരി, ഭഗമാലിനി. നിത്യക്ലിന്നാ, ഭേരുണ്ഡാ, വഹ്നിവാസിനി, വജ്രേശ്വരി, ദൂതി, ത്വരിതാ, കുലസുന്ദരി, നിത്യാനിത്യാ, നീലപതാകാ, വിജയാ, സർവ്വമംഗലനിത്യാ , ജ്വാലാമാലിനി . (6 മുതൽ 19 വരെ)

14. ഏകവിംശതിമേ ചിത്രാ കുരുകുല്ലാ ത്വനന്തരേ ത്രയോവിംശേ തു വാരാഹീ ധ്യാനാനി തദനന്തരേ

15. പഞ്ചവിംശേ മാതൃകാപ്തിഃ ഷഡ്വിംശേ മന്ത്രവൈഭവാഃ സപ്തവിംശേ ശ്വാസരൂപം അഷ്ടാവിംശേ തു ലോകതാ

16. അനന്തരേ കുണ്ഡകലുപ്തിസ്തദൂർദ്ധ്വേ ഹോമകർമ്മം ച ഏകത്രിംശേ തദൂര്ദ്ധ്വം ച ഹോമാഃ കാമ്യാ മഹോദയാഃ

17. ത്രയത്രിംശേ തു പടലേ യന്ത്രാണി ഫലഭേദതഃ ചതുസ്ത്രിംശേ തു നർമ്മാണ് പഞ്ചവിംശേസ്യ വാസനാ.

നർമ്മം എന്ന് പറയുന്നത് ചമത്കാരം മുതലായ കർമ്മങ്ങളെയാമ്. വാസനാ വിഭാവനീയം എന്ന് അർത്ഥം.

18. ഷട്ത്രിംശേ സ്വാത്മകഥനമദ്ധ്യായാ സത്ത്വവിഗ്രഹാഃ പ്രത്യദ്ധ്യായം ശതശ്ലോകാഃ സ്വാദേവ തന്ത്രസംഗ്രഹഃ

19. സുന്ദരഃസുമുഖഃസ്വച്ഛഃ സുലഭോ ബഹുതന്ത്രവിത് അസംശയഃ സംശയച്ഛിന്ന രപേക്ഷോ ഗുരുർമ്മതഃ

20. സൌന്ദ്രര്യമനവദ്യത്വം രൂപേ സൌമുഖ്യ താ പുനഃ സ്മിതപൂർവ്വാഭിഭാഷിത്വം സ്വച്ഛതാജിഹ്മവൃത്തിതാ.

സ്വാത്മകഥനം ആത്മസ്വരൂപാദി കഥനം. അദ്ധ്യായത്തിനു പര്യായമായാണ് പടലം എന്ന പദം ഉപയോഗിക്കുന്നത്. തന്ത്രസംഗ്രഹം ഇപ്രകാരം പറയുന്നുമുണ്ട്. അർത്ഥശുശ്രൂഷാവാൻ അവധാനമുള്ളവനായി ഭവിക്കുന്നു. അവധാനമുള്ളവനാണ് ശ്രദ്ധിച്ച് ശ്രവിക്കുന്നത്. ഓരോ അദ്ധ്യായത്തിലും (പടലം) 100 ശ്ലോകം എന്നാണ് തന്ത്രസംഗ്രഹത്തിലെ കണക്ക്. ശ്രദ്ധിച്ച് ഉപാസിക്കുന്നവൻ സത്വവിഗ്രഹനായിരിക്കും. അദ്ദേഹം

സുന്ദരനും സുമുഖനും സ്വച്ഛനും ജിജ്ഞാസയോടെ സമീപിക്കുന്നവർക്ക് സുലഭനും ബഹുതന്ത്രവിത്തും അസംശയനും സംശയമെല്ലാം ഛിന്നമാക്കി ദൂരീകരിക്കുന്ന ഉത്തമഗുരുവുമായിരിക്കും. ഇതോടൊപ്പം ശിഷ്യലക്ഷണവും അറിയണം. സൌന്ദര്യം, അനവദ്യത്വം, രൂപത്തിൽ സുമുഖത്വം ഇവ ബാഹ്യലക്ഷണങ്ങളാണ്. സ്മിതപൂർവ്വമുള്ള സംഭാഷണചാതുര്യം, ഇവ ഗുരുവിനെപ്പോലെ ശിഷ്യനും ഉണ്ടാവണം. ജിഹ്വാവൃത്തിയിലെ സ്വച്ഛത ഇരുപേർക്കും വേണം. സർവ്വജ്ഞാനവുമുള്ളവനാണ് ഗുരു. അത് ലഭിക്കാനാണ് യോഗ്യനായ ശിഷ്യൻ ചെല്ലേണ്ടത്. സൌന്ദര്യം, രമണീയത, മനോഹാരിത ആണ്. അംഗങ്ങൾക്ക് ഒന്നിനും വൈരൂപ്യമോ വികലതയോ പാടില്ല. രോഗങ്ങളുണ്ടാവരുത്. സുമുഖത്വം ചന്ദ്രബിംബസദൃശമായ മുഖം. പ്രകാശമുള്ള മുഖം മന്ദസ്മിതത്താൽ കൂടുതൽ തെളിഞ്ഞ് അഭിഭാഷണം ചെയ്യുന്നതാണ് ഗുരുരൂപം. ക്രോധനത്വത്തിന്റെ അഭാവവും ഗുരുവിലുണ്ട്. ലോകത്തിൽ സ്നാനം ശൌചം ഇവയെ സ്വച്ഛപദമെന്ന് ഉപയോഗിക്കുന്നു. പുറത്തെ ശുദ്ധിമാത്രമല്ല, ആന്തരശുദ്ധിയും ഗുരുവിനുണ്ടാവണം. അപ്പോഴാണ് ജിഹ്വാവൃത്തി ശുദ്ധമാവുന്നത്. മറ്റുള്ളവരെ ദ്വേഷിക്കാതെ, കുടിലത

കൂടാതെ വിജ്ഞാനപ്രദമായ വാക്ക് ഒഴുകുന്നത് ആന്തരശുദ്ധി കൂടി ഉള്ളവരിൽ നിന്നാണ്.

21. സൌലഭ്യമപ്യഗർവ്വിത്വം സന്തോഷോ ബഹുതന്ത്രതാ അസംശയസ്തത്വബോധേ തഛക്തിപ്രതിപാദനാത്. (തശ്ശിഷ്യേ പ്രതിപാദനാത് എന്ന് പാഠഭേദം)

സുലഭത്വത്തിന് ദാരിദ്ര്യം മുതലായ ദോഷങ്ങളാൽ ഭിക്ഷ എടുക്കേണ്ടി വരുന്ന സാഹചര്യം ഇല്ലാതിരിക്കലും കൂടിയാണ്. സ്വൽപ്പസേവനത്തിനു പോലും ശിഷ്യന്മാർക്ക് അഭീഷ്ടപ്രകാരം വിദ്യ ദാനം ചെയ്യലും സുലഭത്വമാണ്. ഗർവ്വം കൂടാത്ത ലളിതജീവിതം സന്തോഷം സംതൃപ്തി ഇവ ലക്ഷണമാണ്. ബഹുതന്ത്രതാ എന്നാൽ നിരവധി വിഷയങ്ങളിൽ ഉള്ള അഗാധപരിജ്ഞാനം. സകലാഗമജ്ഞാനപൂർണ്ണത എന്ന് സാരം. അതുതന്നെയാണ് സന്തുഷ്ടിക്ക് കാരണവും. ഇക്കാരണത്താലാണ് വിവരം കുറഞ്ഞ ശിഷ്യരിൽ തെറ്റു സംഭവിച്ചാലും ക്രോധം കൂടാതെ പെരുമാറുന്നതെന്നും ധ്വനിപ്പിക്കുന്നു.ബഹുതന്ത്രജ്ഞാനം അഥവാ നിരവധി വിഷയങ്ങളിലുള്ള ജ്ഞാനം ഒന്നു മാത്രമാണ് അസംശയത്വത്തിന് കാരണമായിത്തീരുന്നത്. ഇപ്രകാരം നിഗമചികീർഷയാലാണ് തത്വബോധം ഉണ്ടാവുന്നതും. തത്വത്തിന്റെ ബോധം ഏതോ അതെന്ന് ബഹുവ്രീഹി. ശിഷ്യന്റെ

തത്വബോധം ഇപ്രകാരമുള്ള ഗുരുവിനെ ഉപാസിക്കുന്നതിനാൽ സംഭവിക്കുന്നു എന്ന് ധ്വനിതം. ഗുരു സംശയമെല്ലാം ഛേദിച്ചു കളയുന്നു. ഗുരുവിന്റെ അനുഗ്രഹത്താൽ സംശയനാശം ഭവിക്കുന്നു. അത് ശിഷ്യനെ തത്വബോധത്തിലേക്ക് നയിക്കുന്നു. ഗുരുവിന്റെ തത്വബോധം ഉപദേശം വഴി ശിഷ്യനിൽ സംശഛേദം വരുത്തി തത്വബോധം ജനിപ്പിക്കുന്നു. തഛക്തിപ്രതിപാദനാത് എന്നതിനാൽ ശിഷ്യനിൽ സ്വശക്തിബോധം ഉദിക്കുന്നു എന്ന് കാണാം.

22. നൈരപേക്ഷ്യമവിത്തേഛാ ഗുരുത്വം
ഹിതവാദിതാ ഏവം വിധോ
ഗുരുർജ്ഞേയസ്ത്വിതരഃശിഷ്യദുഃഖദഃ

സകലനിരപേക്ഷത്വം ഗുരുലക്ഷണമാണ്. അത് ശിഷ്യനും മാതൃകയായി ഭവിക്കുന്നു. ധനാശയില്ലായ്മ ഗുരുത്വം പരോപകാര്തിലുള്ള താൽപ്പര്യം, പരമകാരുണികത, മറ്റുള്ളവർക്ക് ദുർഗ്ഗമനും ദുർല്ലഭനുമെങ്കിലും ശിഷ്യനമാർക്ക് സുലഭത്വം, ഇവയെല്ലാം ഗുരുലക്ഷണമാണ്. പിതാവ്, ആചാര്യൻ, ബോധകൻ മുതലായ ഭ്രമമെല്ലാം മാറി ശരിയായ ഗുരുപദത്തിന് അർത്ഥം ഗുരുത്വം എന്ന പദത്തിലൂടെ തരുന്നു.

നിധികർത്താവ് സുന്ദരനെന്നത് സ്വപ്രകാശം കൊണ്ട് ലഭിക്കുന്ന നാഥരൂപമെന്ന് പറയുന്നു.

പ്രകാശലോകത്തിലുള്ള സത്വങ്ങളാണ് സ്വപ്രകാശമുള്ളവ. സുമുഖപദത്താൽ വിമർശനാമകമായ നാഥരൂപം വിമർശരൂപമായ ജ്ഞാനമുള്ളവൻ, ക്രോധാദിവികാരരഹിതൻ, ഒരു ഭ്രൂകുടിചലനം കൊണ്ടുതന്നെ സകലവും സാധിക്കുന്നവനെന്നെല്ലാം അർത്ഥം വരുന്നു. സ്വഛപദം ആനന്ദനാമമുള്ള നാഥനാണ്. ശുദ്ധചിന്തയുള്ളവനു മാത്രമേ അത്തരം ആനന്ദം ലഭിക്കയുള്ളു. ഭഗവാൻ അത്തരം നാമമുള്ളവനാണ്. അത്തരം ഗുരുവിന് മാത്രം ആ നാമം നിർദ്ദേശിക്കുന്നു. സുലഭപദം ശ്രീജ്ഞാനനാഥനുള്ളതാണ്. ജ്ഞാനം ഭജിക്കുന്നവനു മാത്രം സുലഭത്വം . മറ്റുള്ളവർക്ക് ദുർല്ലഭനാണ്. ബഹുതത്വവിത്ത് സന്തോഷമെന്ന അർത്ഥത്തിൽ സത്യസങ്കൽപ്പനായ ശ്രീസത്യനാഥനാമമാണ്. അസംശയപദം തത്വജ്ഞാനത്തിനും അപ്പുറമുള്ള അവസ്ഥയെ വ്യാഖ്യാനിക്കുന്ന പൂർണ്ണതയാകയാൽ ശ്രീപൂർണ്ണനാഥനെ സൂചിപ്പിക്കുന്നു. സംശയഛിത് തത്വബോധകാർത്ഥം കൊണ്ട് സ്വഭാവപ്രതിപത്തിദാതൃത്വം തരുന്നതിനാൽ സ്വഭാവനാഥസൂചകം. നിരപേക്ഷ എന്ന നാമം പ്രതിഭനാഥനെ സൂചിപ്പിക്കുന്നു. മറ്റൊന്നിനേയും അപേക്ഷിക്കാത്ത പ്രതിഭയാണത്. പരാധീനതയില്ലാത്തതീണ് പ്രതിഭാരൂപം എന്ന ബുദ്ധിവിശേഷത്തിനും അപ്പുറത്തെ അവസ്ഥ. എവല്ലാവർക്കും ഹിതകാരിയും

സുഭഗനുമായ ഗുരു സുഭഗാനാഥൻ സൌഭാഗ്യസ മ്പത്തിദർശനനാണ്.

ഇതെല്ലാം സ്വഗുരുവിലുണ്ടോ എന്ന് അന്വേഷി ക്കേണ്ടതാണ്. എന്തുകൊണ്ടാണ് സ്വഗുരുവിനെ ധ്യാനിക്കണമെന്ന് പറയുന്നതെന്നും ചിന്തിക്ക ണം. മൂലവചനം കൊണ്ട് ലഭിക്കുന്ന അർത്ഥം , സ്വാതന്ത്ര്യം ഇവകളാൽ അസംഭവിതത്വം, ശ്രുതാ ർത്ഥപ്രതീതാർത്ഥം മുതലായ വിശേഷണങ്ങളെ, ഭഗവദ് ഹിതാർത്ഥകങ്ങളെ ഭഗവാന്റെ ഉക്തിക ളിലെ അർത്ഥങ്ങളെ പ്രമാണമാക്കി കലിയുഗ ത്തിൽ അത്തരം ഗുരുവിനെ ലഭിക്കുമോ എന്ന് ചർച്ച ചെയ്യണം. അർഹതയുള്ള ഗുരുവിനെ അർഹതയുള്ള ശിഷ്യനേ ലഭിക്കയുള്ളു. ശാസ്ത്രജ്ഞാതാവായ ഗുരുവിനെ ശാസ്ത്രജി ജ്ഞാസയുള്ള ശിഷ്നേ ലഭിക്കയുള്ളു. അത്തരം ശിഷ്യരും കുറവാകയാലാണ് ഗുരുക്കന്മാരെ ലഭിക്കായ്ക. കലിയുഗത്തിൽ അത്തരം ഗുരു ഇല്ല എന്നാണെങ്കിൽ ഗുരുവിനെ ഉപാസിക്കലും ധ്യാനിക്കലും ആവശ്യവുമില്ല. ഇത് ഗുരുവും ശിഷ്യനും അറിഞ്ഞിരിക്കേണ്ടതാണ്. കലിയു ഗത്തിൽ പുരശ്ചരണത്തിന്റെ ചാതുർഗുണ്യം എന്ന് പേരുള്ള ഗുണങ്ങളുടെ അഭാവമുള്ളപ്പോ ൾ ഇത്തരം വചനങ്ങളുടെ പ്രസക്തിയും കുറ യുന്നു. ഗുരു, ശിഷ്യൻ, ഗുണം ഇവ തന്നെ

കിട്ടാതാവുമ്പോൾ ഗുരുവിനെ ശിവനായി ധ്യാനിക്കുക എന്നതിന് എന്താണ് പ്രസക്തി. യതോ ഗുരുഃശിവഃ സാക്ഷാദ് .എന്നതിന് ഭഗവാൻ ഉപദേശിച്ച സുന്ദര മുതലായ ലക്ഷണങ്ങളെ അർത്ഥം ബോധിച്ച് പ്രമാണമാക്കണം. ചതുർഭിരാദ്യൈഃ സംയുക്ത എന്ന് ശിഷ്യലക്ഷണം പറഞ്ഞതും ഇപ്രകാരം അറിയണം. ഇവിടെ പ്രകാശവിമർശാദിനാഥതാദാത്മ്യം വിവക്ഷിതമേ അല്ല. അത് സംഭവ്യവുമല്ല. നഹി ബാധിതമർത്ഥം വേദോപി ബോധയതി എന്ന ഭഗവാന്റെ താൽപ്പര്യം സുന്ദരാദിപദങ്ങളാൽ അതിന്റെ അർത്ഥം പറയുന്നവർക്ക് മൌന്ദയമനവദ് മുതലായ വചനം പോലെ പ്രകാശാദി നവനാഥപ്രതിപാദനം അല്ല എന്ന് നിശ്ചയമാണ്. ശിഷ്യപക്ഷത്തിലും പ്രമാണമാത്രഗ്രാഹ്യാർത്ഥകന്മാർക്ക് സുധിചേതസ്സുകൾക്ക് സന്തോഷം തരും. പറഞ്ഞ ലക്ഷണം ഇല്ലാത്ത ഗുരുക്കന്മാർ ശിഷ്യന്മാർക്ക് ദുഃഖം തരുമെന്നാണ് അവസാനവരി. കായക്ലേശ, വിത്താപഹരണം മുതലായവയാണ് ദുഃഖം. കുറെ വിത്തം കൊടുത്തു, കുറെ കായക്ലേശം ചെയ്തു ഉദ്ദേശിച്ച ജ്ഞാനം ലഭിച്ചില്ല ഇതേ സംഭവിക്കൂ. കലികാലത്ത് ഇത് സംഭവിക്കുന്നത് നാം നിത്യേന കാണുന്നതിനാൽ പ്രാണമഞ്ജരി പറയുന്നതിലെ സത്യം നമുക്ക് മനസ്സിലാവാതിരിക്കില്ല.

**23. ചതുർഭിരാദ്യൈഃ സംയുക്തഃ
ശ്രദ്ധാവാൻ സുസ്ഥിരാശയഃ അലുബ്ദഃ
സ്ഥിരഗാത്രശ്ച പ്രേക്ഷാകാരീ ജിതേന്ദ്രിയഃ**

ശിഷ്യലക്ഷണത്തിലും സുന്ദരൻ മുതലായ ബാഹ്യലക്ഷണങ്ങൾക്കല്ല പ്രാധാന്യം. ശ്രദ്ധയാണ് അതിപ്രധാനം. സ്ഥിരചിത്തതയോടെ വിഷയം ഗ്രഹിക്കാനുള്ള ഏകാഗ്രശ്രദ്ധ വേണം. സുസ്ഥിരാശയനെന്നത് ഈ സ്ഥിരമായ ശ്രദ്ധാപൂർവ്വമായ പഠനത്തിലുള്ള നിഷ്ഠയെയാണ്. അലുബ്ദൻ മാത്രമാണ് വിദ്യക്കായി ധനം ചെലവാക്കുക ഗജം. അശ്വം, മഹിഷം, മേഷം മുതലായ വചനാതിക്രമത്തിലുള്ള പോലെ സ്വശക്തിക്ക് അനുസരിച്ച് വിദ്യ നേടാനുള്ള ശ്രമം ഓരോരുത്തരും നടത്തുന്നു. സ്ഥിരഗാത്രം എന്ന് പറയുന്നത് വിദ്യാഭ്യാസകാലത്ത് ക്ലേശാനുഭവങ്ങളെ സഹിക്കാനുള്ള ആരോഗ്യത്തെ ഉദ്ദേശിച്ചാണ്. ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ്സും ബുദ്ധിയും പ്രവർത്തിക്കുന്നത്. പ്രേക്ഷാകാരി ശാസ്ത്രാദിപ്രേക്ഷണപൂർവ്വകം കർമ്മം ചെയ്യുന്നവൻ. എന്നെപ്പോലെ ശരീരവും സുഖദുഃഖങ്ങളും ക്ഷുധാപിപാസകളും ഗുരുവിനുമുണ്ട്, ഞാനെന്തിന് ഗുരുവിനെ ശ്രേഷ്ഠനായി വിചാരിക്കണം എന്ന് ദുർമ്മതിയായി ഇരിക്കുന്നവൻ ഗുരുഭക്തി ഒരിക്കലും ഉണ്ടാവില്ല. ഇന്ദ്രിയങ്ങൾക്ക്

നിഷിദ്ധമായ വിൽയങ്ങളിലും സഞ്ചരിക്കുന്ന മനസ്സുള്ളവനും (സുഖഭോഗ, വനിതാവിഷയാദി) ഏകാഗ്രതയോടെ ഗുരുവിൽ നിന്ന് ജ്ഞാനം നേടാൻ പ്രാപ്തനല്ല. ഇതെല്ലാം ഓരോ ശിഷ്യനും സ്വയം ആലോചിച്ചറിയണം. ഗുരുവും പരീക്ഷിച്ചറിഞ്ഞ ശേഷമേ ശിഷ്യനെ സ്വീകരിക്കാവൂ.

24. ആസ്തികോ ദൃഢഭക്തിശ്ച ഗുരൌ
മന്ത്രേ സദൈവതേ ഏവംവിധോ
ഭവേശ്ഛിഷ്യസ്ത്വി തരോ ദുഃഖകൃദ്
ഗുരോഃ

പരലോകവിഷയകമായ ആസ്തികത്വം ദേവതോപാസനക്ക് ശക്തി കൂട്ടും. നാസ്തികർക്ക് ഇത് ഉണ്ടാവില്ല. പ്രകൃതമന്ത്രം, പ്രകൃതദേവത, പ്രകൃതഗുരു ഇവയിൽ ദൃഢഭക്തി, ഉണ്ടാവണം. മറ്റുള്ളവയിൽ ഉപേക്ഷ വേണം. പ്രകൃതമന്ത്രം ഗ്രഹിച്ച് ഭജനം ചെയ്യണം . ഇതരമെന്നത് കഥിത ലക്ഷണശൂന്യമായവ എന്ന അർത്ഥമാണ്. അവയാണ് ദുഃഖം തരുന്നത്. ദുഃഖകൃത് എന്നത് വൃഥാ മന്ത്രം ജപിക്കലിന് തുല്യമാണ്. അത് പശ്ചാത്താപം ഉണ്ടാക്കുന്നു. പത്യൌ പത്നീ ഗതാ ദോഷാഃ സന്തി ചാമാത്യമംഗതാഃ ഏവം ശിഷ്യഗതാ ദോഷാ ഗുരാവായാന്തി സർവ്വഥാ. മുതലായ വചനം ഓർമ്മിക്കേണ്ടതാണ്. ഭാര്യയുടെ ദോഷം ഭർത്താവിനും മന്ത്രിദോഷം രാജാ

വിനും വരുന്നപോലെയാണ് ശിഷ്യദോഷം ഗുരുവിനെ ബാധിക്കുന്നത്. പരസ്പരം യോഗ്യരായ ഗുരുശിഷ്യന്മാരെ ലഭിക്കാതെ വരുമ്പോൾ, എന്തു ചെയ്യാനാണ് ശാസ്ത്രം പറയുന്നത്. സത്യയുഗകാലത്തെന്നപോലെ ഇക്കാലത്ത് അത്രയും അനുയോജ്യരായ ശിഷ്യരെ കിട്ടുകയില്ലല്ലോ. അപ്പോൾ ശ്രീശിവപ്രണീതമായ വചനം വ്യർത്ഥമാവുകയില്ലേ. എന്ന് പൂർവ്വപക്ഷം. ഇല്ല, അത് തൃതീയത്തിനെ ബാധകമാവൂ എന്ന് അപരപക്ഷം. കലോ പാരാശരീ സ്മൃതി എന്ന വിരോധത്താൽ പ്രായശ്ചിത്തം ഉള്ളതുകൊണ്ട് പാപം ചെയ്യാമെന്ന് പൂർവ്വപക്ഷം പറയുന്നുഃ-

യുഗേ യുഗേ ച യേ ധർമ്മാസ്തത്ര തത്ര ച യേ ദ്വിജാഃ തേഷാം നിന്ദാ ന കർത്തവ്യാ യുഗരൂപാഹി തേ സ്മൃതാഃ എന്ന് പരാശരവചനം. ഇതിനെ അവലംബിച്ച് പ്രായശ്ചിത്തം ദ്വിജർക്ക് ഉണ്ടെങ്കിലും കലിയുഗത്തിൽ ഭഗവാൻ പരാശരൻ പറഞ്ഞ പ്രായശ്ചിത്തവിധി സഫലീകരണീയമെന്ന് മാധവാദികളും പറയുന്നത് ധ്യേയം.

25. ഗുരൂച്യമാനേ വചനേ ദധ്യാദിത്യവചഃ സദാ പ്രസീദ നാഥഃ ദേവേതി തഥേതി ച കൃതാദരം.

ശിഷ്യൻ ചെയ്യുന്ന ഗുരുസേവാപ്രദർശനത്തിന് തുനിയുന്നു. ഗുരു പറഞ്ഞ പ്രകാരം ശിഷ്യൻ

ചെയ്യേണ്ടതാണ്. അപ്രകാരം സദാ പ്രസാദവാനാക്കി ഗുരുവിനെ വെക്കണം. നാഥ, ദേവാ മുതലായ ആദരപൂർവ്വമായ സംബോധനകളാലും പ്രസാദം വരുത്തണം. ഏതാണോ ആജ്ഞ അത് താൻ ചെയ്തോളാമെന്ന് പറഞ്ഞ്, സാദരം അനുസരിക്കണം. അവജ്ഞാപൂർവ്വം ആകരുത്.

26. . പ്രണമ്യോപവിശേത് പാർശ്വം തഥാ
ഗഛേദനുജ്ഞയാ മുഖാവലോകീ സേവേത
കുര്യാദാദിഷ്ടമാദരാത്

27. അസത്യ ന വദേദഗ്രേ ന ബഹു പ്രലപേദപി
കാമം ക്രോധ തഥാ ലോഭം മാനം പ്രഹസനം
സ്തുതിം

28. ചാപലാനി ച ജിഹ്വാനി നർമ്മാണി
പരിദേവനം ഋണദാനം തഥാദാനം വസ്തൂനാം
ക്രയവിക്രയം

29. ന കുര്യാത് ഗുരുണാ സാർദ്ധം ശിഷ്യോ
ഭൂഷ്ണുഃ കദാചന . യതോ ഗുരുഃശിവഃ
സാക്ഷാത് സ്തുവൻ പ്രണമൻ ഭജേത്

സുദർശനം- സത്യോപദേശനത്തിനും ആജ്ഞക്കുമായി പാർശ്വത്തിൽ ഇരിക്കണം. പൊയ്ക്കോളു എന്ന് ആജ്ഞ ലഭിക്കുന്നതുവരെ അവിടെനിന്ന് എഴുനേറ്റ് പോകരുത്. മുഖം നോക്കി ഇരിക്കണം. പറഞ്ഞത് മാത്രം ചെയ്യണം. ആദരപൂർവ്വം

ഗുരുസേവ ചെയ്യണം. അസത്യം പറയരുത്
ഒരുപാട് വെറുതേ പ്രലപിക്കരുത്. കാമം
ഗുരുവസ്തുക്കളിലുള്ള ആഗ്രഹമാണ്, ക്രോധം
ദേഷമുണ്ടാക്കുന്ന വൃത്തിവിശേഷം. ലോഭം
ഗുരു തന്നതിലും അധികം ലഭിക്കണമെന്ന
അധികമോഹം. മാനം തന്റെ കുലം, വിദ്യ,
മുതലായവയെ ചൊല്ലി ദുരഭിമാനം , താനാണ്
ഗുരുവിനേക്കാളും ഉയർന്നതെന്ന മിത്ഥ്യാവി
ചാരം, ഇപ്രകാരമുള്ള നാട്യം പ്രഹസനം.
ഇവയെല്ലാം നിഷേധിതമാണ്. കാമം, ക്രോധം,
ലോഭം, മാനം, നാട്യം ഇവ കൂടാതെ ഇരിക്കണം.
ഗുരു, ദേവത ഇവരെ സ്തുതിക്കണം. ചാപലം
വൃഥാചേഷ്ട. വെറുതെ പുല്ല് മുറിച്ചിടുക, നില
ത്ത് ഓരോന്ന് എഴുതുക മുതലായ വൃഥാചേ
ഷ്ഠ. അത് ചെയ്യരുത്. ജിഹ്വാകൌടില്യമോ
നർമ്മമോ പറയരുത്. പരിദേവനം ആവലാതി
പറയരുത്. അസംബന്ധവിലാപമാണ് പരിദേവ
നം. ഋണദാനം, ആദാനം, പ്രദാനം മുതലായി
വസ്തുക്കളുടെ ക്രയവിക്രയം ഇവ ചെയ്യരുത്.
ഭൂഷ്ണു എന്നാൽ സ്വസ്വ ഭവ്യകാമം. ഉക്താർത്ഥ
വ്യതിക്രമത്തിൽ സ്വസ്യാനിഷ്ടം വരുത്തിവെക്കു
ന്നത് എന്ന് അഭിപ്രായം. ഗുരുവിന് അശനവസ
നാദികളുടെ സേവനം വരുന്ന പക്ഷെ മാത്രമേ
അപ്രകാരമുള്ള വ്യവഹാരങ്ങളിൽ ഇടപെടാ
വൂ. ഭഗവതിക്കും ശ്രീശിവനും എന്നപോലെ

ദൃഢഭക്തിയോടെ ഗുരുവിന് അടുത്ത് ശിഷ്യൻ ആജ്ഞാനുവർത്തിയായി സേവ ചെയ്യണം. ദൃഢതരഭക്തി വേണം. ശ്രദ്ധ വേണം.

30. യഥാ ദേവേ തഥാ മന്ത്രേ യഥാ മന്ത്രേ തഥാ ഗുരൌ യഥാ ഗുരൌ ഥാ സ്വാത്മന്യേവം ഭക്തിക്രമഃ പ്രിയേ

31. ഗുരോസ്തു ജന്മദിവസേ കുര്യാദുത്സവ മാദരാത് വിശേഷപൂജാം യോഗിഭ്യോ ഭോജനം തത്പദാർച്ചനം.

സുദർശനം-ആന്തരമായ ഭക്തിശ്രദ്ധകളെ കൂടാതെ ബാഹ്യമായ അർച്ചന മുതലായവയും നിയതമായി നിർവ്വഹിക്കണം. ഉത്സവം പൂജാ, ബ്രാഹ്മണഭോജനം മുതലായ ലക്ഷണമുള്ളതാണ്. വിശേഷപൂജ, പൂജക്കുള്ള ഉത്തമപദാർത്ഥ സംഭാരം, നൈവേദ്യം പഞ്ചാമൃതം ഛത്രം ആദർശം ചാമരം വ്യജനം വിതാനം പാദുകോപചാരം, ഘടിതത്വം മുതലായവ കൂടാതെ യോഗികൾക്ക് ഭോജനം വേണം ഇതെല്ലാം ശിഷ്യൻ ഉത്തരവാദിത്തത്തോടെ ഒരുക്കുന്നു. സ്വാത്മാവിനാണ് സർവ്വേഷാം പ്രീതി വരുത്തേണ്ടത്. താനും ദേവതയും ഗുരുവും ഏകമാണെന്ന ബോധത്തോടെ ചെയ്യുന്നത് ഗുരുവിനും ദേവതക്കും മാത്രമല്ല തനിക്കുതന്നെയും പ്രീതി വരുത്തുന്നു. യോഗികളെ ദേവിയുമായി അഭേദഭാവനയോടെ

കാണാൻ പരിശീലിക്കണം. അപ്രകാരം പരി ശീലിച്ചവർക്ക് തത്പദം യോഗിപദം ഗുരുപൂജ യാൽ ലഭിക്കുന്നതാണ്.

32. വ്യാപ്തേ ദൂരഗതേ പൂജ്യേ പൂജയേദഗ്രജാദി ഷു ഏകദേശേ നിത്യസേവാ ദൂരസ്ഥേ യോജന ക്രമാത്.

33. ഏകാദിഋതുസംവർദ്ധാ വർഷേ ഷഡ് യോജനാന്തരേ തതോ ദൂരഗതേ സേവാ തദാജ്ഞാപരിപാലനം

സുദർശനം- വ്യാപ്തേ എന്നാൽ പരലോകം പറയുന്നു. അഗ്രജാദീഷു എന്നാൽ ജ്യേഷ്ഠ സ്ഥാനം, അഗ്ര്യസ്ഥാനം ഉള്ള ഗുരു മുതലാ യവർ. താൻ ആരിൽനിന്ന് വിദ്യ ഗ്രഹിച്ചു വോ അവർ. പരലോകത്ത് പോകയോ ദൂര സ്ഥാനത്ത് പോകയോ ചെയ്താൽ. ഗുരുവും ശിഷ്യനും ഒപ്പം ദൂരദേശം പോയാൽ നിത്യ വും പൂജിക്കാം. ദൂരദേശത്ത് പോയവരെ എത്ര യോജന ദൂരമോ ആ ക്രമത്തിലാണ് പൂജനം. 1 യോജന ദൂരമെങ്കിൽ 2 മാസം പൂജ. ഓരോ ദിനവും ഓരോ പ്രാവശ്യം പൂജ. 2 യോജന ദൂരമെങ്കിൽ, 4 മാസം സ 3 യോജനക്ക് 3 ഋതുകാലം, 4 യോജനക്ക് ഋതു ചതുഷ്ടയം , 5 യോജനക്ക് 5 ഋതുകാലം , 6 യോജനക്ക് പ്രതിപക്ഷഗുരുപൂജാ ആചരണീ

യം. അതിലധികം യോജനക്ക് 1 വർഷ കാലം. 6 യോജനയിലധധികം ദൂരം പോയാൽ ഗുരുവിന് നേദമൃതവൃദ്ധിദം.സേവനം എന്ന് ജ്ഞാപനം , അതിനു ശേഷം അഭിധാന വിശിഷ്ടന്ന് സ്പഷ്ടീകരണം ഫലം. അപ്പോഴെല്ലാം പ്രധാനമായ സേവ എന്നാൽ ഗുരുവിന്റെ ആജ്ഞാപരിപാലനമാണ്. ബാഹ്യപൂജയല്ല. ഇത് പരലോകം പ്രാപിച്ച ഗുരുവിനും അപ്രകാരം അറിയുക. പിന്നെ എന്തിന് പൂജ പറയുന്നു. വചനദ്വയദർശനത്താൽ അർത്ഥദ്വയം സമുചിതമായി അനുഷ്ഠേയം എന്നാണ് അറിയേണ്ടത്.

34. ആസനം ശയനം വസ്ത്രം ഭൂഷണ പാദുകാം തഥാ ഛായാം കലത്രമന്യഞ്ചയ ത്തസ്യേഷ്ടം തു പൂജയേത്

35 ഏകഗ്രാമേ പൃഥക്പൂജാം ന കുര്യാദനനുജ്ഞയാ പൂജാമദ്ധ്യേമായാതേ പൂജ്യേ നത്വാ സ്ഥിതി വദേത്

36 വിധിഹി ശേഷമത്യുക്തഃ കുര്യാന്നോ ചേത്തദാജ്ഞയാ വർത്തതി സോപി തച്ഛേഷം കുര്യാന്നിശ്ചലമാനമഃ

അദ്ദേഹത്തിന്റെ ഛായ (വിഗ്രഹം) സ്വർണ്ണാദികളാൽ നിർമ്മിച്ച്, അതിന് പീഠം,ആസനം, ശയ്യ, വസ്ത്രം, ഭൂഷണം പാദുകം ഇവ

നൽകി പൂജ ചെയ്യുന്നു. ഏകഗ്രാമമോ നഗരമോ എന്ന് മനോരമാകാരൻ പറയുന്നു. ഇതിലേതിലായാലും സ്വതന്ത്രപൂജ നിഷേധിക്കരുത് .വേറെ ഗ്രാമത്തിലായാലും അതേ ഗ്രാമത്തിലായാലും പൂജ ചെയ്യേണ്ടതുണ്ട്. അനുജ്ഞ വേണം എന്നു മാത്രം. എന്തിനാണ് ഏകഗ്രാമമെന്ന് പറഞ്ഞത്. .സ്വഗ്രാമനഗരപുരദേശാദികളിൽ ഉക്തലക്ഷണമുള്ള ഗുരുവിനെ ലഭിച്ചില്ലെന്ന് വരാം. ദൂരദൂരതരദേശം ഗമിച്ച് ഗുരുവിനെ അന്വേഷിക്കേണ്ടതായി വരാം. ഇപ്രകാരം അനുജ്ഞ ലഭിച്ച ശേഷം അനുഷ്ഠിക്കണം. പൂജ്യേ എന്നത് അനന്യസാധാരണപൂജ്യത്വം വിവക്ഷിക്കുന്നു. ഗുരുവിന്റെ ആജ്ഞാനുസരണം കർമ്മാന്തരങ്ങൾ അനുഷ്ഠിക്കുക.

37. പൂജാമദ്ധ്യോ ഗുരൌ പൂജ്യേ ത്വന്യേ
വാപി സമാഗതേ കൃത്യമേവം സമുദ്ദിഷ്ടം
മൌനം തൈർന സമാചരേത്

38. ഗുരും ന മർത്ത്യം ബുദ്ധ്യാത് യദി
ബുദ്ധ്യാത് തസ്യ തു ന കദാപി ഭവേത്സിദ്ധി
ർമന്ത്രൈർവ്വാ ദേവപൂജനൈഃ

39. മന്ത്രേണാ തസ്യ നിയത പൂജാം
കുര്യാധ്യഥോദിതാം താഞ്ച തത്പടലേ സമ്യഗ്
ജ്ഞാത്വാ ഭക്തിസമന്വിതഃ

ഗുരുവിന്റെ അഗ്രജരേയും ഗുരുവിനെപ്പോലെ കരുതി ആദരിക്കണം. ഗുരുവിനെ വെറും മനുഷ്യനെന്ന് കരുതി അനാദരിക്കരുത്. മന്ത്രാരാധന ദേവപൂജ മുതലായവ അപ്രകാര മുള്ള പ്രത്യവായത്തിനു പരിഹാരമായി പറ യുന്നുണ്ട്. സ്വാഭിമതസിദ്ധിക്കും ഇവ വേണം. രണ്ടാം പടലത്തിൽ മന്ത്രപൂർവ്വകമായ പൂജ വിസ്തരിക്കുന്നുണ്ട്. ഭക്തിസമന്വിതം അത് സമ്യക്കായി അറിയണം.

40 നിത്യാനാം ത്രൈപുരാണാം ച
നാവേക്ഷ്യാസ്ത്വംശകാദയഃ തഥാപ്യത്രോച്യതേ
കിഞ്ചിദഭിചാരാദി സിദ്ധയേ.

സുദർശനം- ഇനി പറയാനിരിക്കുന്ന അംശകാ ദി വിചാരത്തിന് പ്രകൃതത്തിലെ ഉപയുക്തി എന്ത് എന്ന ശങ്ക സ്വയമേവ പരിഹരിക്കപ്പെ ടുന്നു. നിത്യാനാം എന്നതുകൊണ്ട്. നിത്യാദിക ൾക്ക് നക്ഷത്രം, രാശി, സിദ്ധാദിചക്രാദിശുദ്ധി ആപേക്ഷിതമല്ല, എന്നാലും അവയെ ബോധി ച്ചിരിക്കണം. നിത്യകളുടെ കാമേശ്വര്യാദി രൂപം പ്രകൃതതന്ത്രപ്രതിപാദ്യ പഞ്ചദശനി ത്യകളുടെ വിദ്യകളുടേതാണ്. നിത്യാരൂപദേ വതകളുടെ അംശകാദികം വിചാരണീയമാണ്. ദേവതാവിദ്യകളുടെ അഭേദം അത്യാവശ്യമാ ണ്. ത്രൈപുരാണാം എന്ന് വിദ്യാന്വിതം

മുതൽ ദുഷ്ടദേവതാദൈത്യന്മാർ വരെ പ്രാധാന്യസൂചനക്ക് പൃഥഗ് എന്ന പദം ഉപയോഗിക്കുന്നു. . ത്രിപുരാംബ അല്ലാത്ത നിത്യകൾ എല്ലാം പൃഥക് എന്നതിലുണ്ട്. അംശകാദികൾ നക്ഷത്രരാശി,സിദ്ധാദിധനർണ്ണ കുലാകുല ചക്രശുദ്ധി മന്ത്രഗതമായ വൈരിഭാവം (ശത്രുഭാവം) വരുത്തി.യേക്കാം. അവ ആഭിചാരാദി സിദ്ധികൾക്കാണ്. എന്നാലും നക്ഷത്രാദയ എന്ന് ഭാദിശുദ്ധിക്ക് സർവ്വജ്ഞൻ ഭഗവാൻ എല്ലാം പറയുന്നു, അറിയുന്നു. അംശകപദം നക്ഷത്രത്തിൽ പ്രസിദ്ധഭാവം ഉള്ളതാണ്. എന്നാലും അംശമാക്കി നക്ഷത്രശുദ്ധി വിചാരണീയമാണ്.സമ്പൂർണ്ണത്തിന് പ്രായേണ അംശകപദം ഉപയോഗിക്കാറില്ല. ഈ തന്ത്രത്തിൽ അംശകം വിഭാഗം സുഖം എന്ന് വ്യുത്പത്തി കൊണ്ട് ദേവതക്ക് മാത്രം ഉപയോഗിക്കുന്നു. ഇതരതന്ത്രങ്ങളിൽ നക്ഷത്രാദിശുദ്ധി ദേവതാന്തരവിഷയത്തിലും ധ്വനിതമാണ്. വക്തവ്യമായ അർത്ഥത്തിന്റെ അതിഗൂഢസ്വഭാവം കൊണ്ട് അതിനെ ശ്രവിക്കുമ്പോൾ സാവധാനത വേണം. ഗൂഢത്വമാണ് വിശേഷതയുള്ള നാമത്തിനു പൂർവ്വകം എന്ന് ഉക്തി അഭിചാരം ശത്രുമാരണകർമ്മമാണ്. ഇത് ദോഷമാണ്. ദോഷം അറിഞ്ഞാലേ അതിനെ ഒഴിവാക്കാനാവൂ.

41 അശ്വിന്യാദിഷു ഋക്ഷേഷു ബിന്ദുസർഗ്ഗാന്ത്യവർജ്ജിതം ചതുരോ യോജയേദാധ്യാൻ ബിന്ദുസർഗ്ഗൌ തു സർവ്വഗൌ.

സുദർശനം-

സാദ്ധ്യവിഷയോപദേശസംഗ്രഹത്തിൽ നക്ഷത്രാദിശോധനപ്രകാരം ഉപദേശിക്കയാണ് അശ്വിന്യാദി എന്ന ശ്ലോകം. ഋക്ഷം രാശിപരം. അശ്വിന്യാദി 27 നക്ഷത്രങ്ങൾ മേഷാദി 12 രാശികളിൽ അ ആ ഇ ഈ എന്ന് നാലു വർണ്ണമായി യോജനീയം. നക്ഷത്രങ്ങളുടെ 27 സംഖ്യ വർണ്ണങ്ങളുടെ 51 സംഖ്യയാണ്. ഇതെങ്ങനെ സമ്പൂർണ്ണമായി യോജിക്കും. ഓരോ നക്ഷത്രത്തിനും ഷഷ്ഠിഷഷ്ടിഘടിക വെച്ച് 9 പാദങ്ങൾക്ക് 54 ഘടിക വരും. അശ്വിന്യാദി ഓരോ നക്ഷത്രത്തിനും 4 വീതം എന്നല്ല, ഓരോ നവനവപാദത്തിനും പരിമിതനക്ഷത്രമെന്നാണ്. ഓരോ രാശിക്കും 4 വർണ്ണം, 12 രാശിക്ക് 48. (ഇവ തമ്മിൽ 6 ഘടിക വ്യത്യാസമുണ്ട്). സർഗ്ഗം വിസർഗ്ഗം. അതിന്റെ അന്ത്യം ക്ഷകാരം. ബിന്ദുവിസർഗ്ഗനാമാദിക്കു ശേഷം ക്ഷകാരം എന്ന കൂട്ടക്ഷരം (സംയുക്താക്ഷരം) സ്വപൂർവ്വഭാഗാവസ്ഥിതകകാരാനുകൂല്യ വിചാരത്താലാണ് ചാരിതാർത്ഥ്യം വരുത്തി പൃഥക് ഗഗനമെന്ന് ഭാവിക്കുന്നത്.

തന്ത്രാന്തരത്തിൽ ഇതിന്റെ ഉപാദാനം വ്യർത്ഥ മാണ്. എന്തുകൊണ്ട്. രേവത്യാദിക്ഷത്രന്യാസ ത്തിന് അതാതിന്റെ വർണ്ണസാഹിത്യാനുഷ്ഠാ നം ഗണിക്കണം. സിംഹാദിചക്രത്തിൽ വർണ്ണ ത്രയം എഴുതുന്നത് പറയുന്നു. നാദ്യന്തയോഃ സിംഹവർണ്ണോ മന്ത്രേ യസ്മിൻ വരാനനേ. ഇപ്രകാരം തന്ത്രസംഗ്രഹത്തിൽ സ്പഷ്ടീകരി ച്ചിട്ടുണ്ട്. ചത്വാരി വർണ്ണമാണ് ആദ്യ അ മുതലുള്ള 32 വർണ്ണം. അ അകാരം. ആദ്യം. 4 അക്ഷരം സാദ്ധ്യൻ മുതൽ. ക്ഷ സംയുക്താ ക്ഷരമാണ്. അത് ഭൂമി എന്ന പൃഥക്ഗണന ത്തിനാണ്. ബിന്ദുസർഗ്ഗം സർവ്വഗമായ സർവ്വ സാധാരണമായ സർവ്വതന്ത്രപരതന്ത്രമായ ഉച്ചാരണത്തെ പറയുന്നു. സർവ്വഗോ 50 ൽനി ന്ന് 1 കുറഞ്ഞ എല്ലാത്തിലും വ്യാപിച്ചിരി ക്കുന്നു. (ഏകോനപഞ്ചാശത്).


42 തേന മന്ത്രാദിവർണ്ണേന നാമ്നശ്ചാദാക്ഷരേ ണ ച ഗണയട് യ്ത്ര ഷഷ്ഠം വാവ്യ,◌ടമം ദ്വാദശ തു വാ.

സുദർശനം- ഇപ്രകാരം പ്രോക്തരീതിയിൽ നക്ഷത്രങ്ങളിലും രാശികളിലും സംയോജിപ്പി ക്കുമ്പോൾ പ്രാഥമികവർണ്ണങ്ങളിലും ഗണനം അനുസരിച്ച്, സാദ്ധ്യരാശിയിലാരംഭിച്ച് ഷഷ്ഠം, അഷ്ടമം, ദ്വാദശം ഇവ മന്ത്രരാശിയായി ഭവി

ക്കുന്നുവോ, ആ മന്ത്രം സാദ്ധ്യന് അഹിതമാണ്. അത് സ്വീകരിക്കരുത്. 6, 8 ഇവ രിപു ശത്രുഭാവമാമ്. ഷഷ്ഠാഷ്ടമസ്വാമി അർത്ഥസ്തേനം , ശത്രുത്വം ഇവ വരുത്തും.സ്വനാമപ്രഥമവർണ്ണം നക്ഷത്രത്തിന്റെ പ്രഥമവർണ്ണം ഗണിക്കുക. അതിന്റെ 3, 5, 7 ഏതു മന്ത്രത്തിനു വരുന്നുവോ അത് സ്വീകരിക്കാം. തന്ത്രാന്തരത്തിൽ സ്വീകരിക്കരുതെന്നും കാണുന്നുണ്ട്.

43. രിപോർമ്മന്താദ്യവർണ്ണം സ്യാദ് തേന
തസ്യാഹിതം ഭവേത് രാശിഷ്വന്യത്ര
അക്ഷേഷു സപ്തപഞ്ചതൃതീയഗൈഃ

തന്ത്രരാജടീകാനുമതരാശിചക്രം-



ഇവിടെ മാനുസ്ക്രിപ്റ്റിലെ ഒരു പേജ് കാണാതായിട്ടുണ്ട്. മനോരമാകാരൻ

അശ്വിന്യാദിഷു ഋക്ഷേഷു മേഷാദിരാശിഷു അംശകാദയ ഇത്യത്രാംശകപദമപി രാശിവാചകമേവ ഋക്ഷേഷു അശ്വിന്യാദിനക്ഷത്രേഷു സപ്തപഞ്ചതൃതീയഗൈഃ പ്രാഗ്വദ്രിപുനാമാധ്യക്ഷരനക്ഷത്രമാരഭ്യ മന്ത്രാധ്യക്ഷരനക്ഷത്രാന്തം (പ്രിന്റഡ് കോപ്പിയിൽ രാശ്യന്തം എന്നാണ്) ഗണിതേ സപ്തപഞ്ചതൃതീയനക്ഷത്രഗതാധ്യവർണ്ണകൈർമന്ത്രൈസ്തസ്യാഭിചാരാദികം കുര്യാദിത്യർത്ഥഃ എന്നാണ് പറഞ്ഞിട്ടുള്ളത്

അശ്വതി മുതൽ ആയില്യം വരെ 9 നക്ഷത്രത്തിന് കേവലമാതൃകകൾ. പിന്നീട് മകം മുതൽ ജ്യേഷ്ഠ വരെ 9 നക്ഷത്രത്തിന് ചതുശ്ചതുക്രമത്തിൽ സബിന്ദുകമായി, അം കം ഖം ഗം ഘം ങം ചം ഛം എന്ന്. മൂലം മുതൽ രേവതി വരെ 9 നക്ഷത്രത്തിന് സവിസർഗ്ഗം അഃ കഃഖഃഗഃഇത്യാദി . ആകെ ഷഢ്വിംശതി മാതൃക.

തിഥി(15) രഷ്ടേന്ദു(16) രഭ്രാക്ഷി(20) ദ്വിദ്വി(22) വേദദ്വി(24), വാണദൃക്(25) നാഗാക്ഷി(28) നന്ദാക്ഷി(29) വിന്ദുത്രി(31) വേദത്രി (34) ഗത്രി(36) നാഗത്രി(38) ഖവാർദ്ധയശ്ച (40) ചന്ദ്രാബ്ധി (41) രാമാബ്ധി(43) ശരാബ്ധി (45) സപ്തംബോധ്യുന്മിതാ (47) ദ്വിദ്വിഭകാ ഇഹാർണ്ണാഃ ചതുർഹി സംഖ്യാ(24)അപരേ

ച വർണ്ണാശ്ചതുർഹി സംഖ്യാധ്രുവമേകഭാഃ സ്യുഃ

തന്ത്രരാജടീകാനുമതനക്ഷത്രചക്രം

അ അശ്വി	ആ അ,ഭരണി	ഇ ഭരണി	ഈ ഭര, കൃത്തിക
ഉ കൃതിക	ഊ കൃതിക, രോഹിണി	ഋ രോഹിണി	ൠ രോഹി, മൃഗശിര
ഌ മൃഗ, ആർദ്ര	ൡ ആർദ്ര	എ ആർദ്ര പുനർവസു	ഐ പുനർവസു
ഓ പുനർ, പുഷ്യം	ഔ പുഷ്യം	ക പുഷ്യ, ആശ്ലേഷ	ഖ ആശ്ലേഷ
ഗ മഘം	ഘ മഘ, പൂർവഫൽഗുന	ങ പൂർവ്വഫൽഗുനി	ച പൂര,ഉത്ര
ഛ ഉത്ര	ജ ഉത്ര, ഹസ്തം	ഝ ഹസ്തം	ഞ ഹസ്ത, ചിത്ര
ട ചിത്ര, സ്വാതി	ഠ സ്വാതി	ഡ സ്വാതി, വിശാഖ	ഢ വിശാഖ

ണ വിശാഖ,അനുരാധ	ത അനുരാധ	ഥ അനുരാ, ജ്യേഷ്ഠ	ദ ജ്യേഷ്ഠ
ധ മൂലം	ന മൂലം പൂർവ്വാഷാഢം	പ പൂരാടം	ഫ പൂരാ, ഉത്രാടം
ബ ഉത്രാടം	ഭ ഉത്രാടം, ശ്രാവണം	മ ശ്രാവണം	യ ശ്രാവണം, ധനിഷ്ഠ
ര ധനി, ശതാഭിഷ	ല ശതാഭിഷ	വ ശതാഭിഷ പൂരോരുട്ടാതി	ശ പൂരോരിട്ടാതി
ഷ പോരുരുട്ടാതി, ഉത്രട്ടാതി	സ ഉത്രട്ടാതി	ഹ ഉത്രട്ടാതി രേവതി	ള രേവതി.

44. സാദ്ധ്യാനാമപി വിജ്ഞേയമംശകാധ്യമനുഗ്രഹേ യതസ്തേ തത്വവിജ്ഞാനരഹിതാസ്തേന ചോദിതം

45 പ്രാക്പ്രത്യഗ് ദക്ഷിണോദക് ച സൂത്രപഞ്ചകയോഗതഃ കോഷ്ഠാനി

ഷോഢശാത്ര സ്യുസ്തേ വർണ്ണാൻ ക്രമാ
ല്ലിവേത്

അംശകാദിയും തത്വവിജ്ഞാനവുമുള്ളള സാ
ദ്ധ്യനു മാത്രമേ അനുഗ്രഹം സാധിക്കയുള്ളു. തത്വവിജ്ഞാനരഹിതന് സാധിക്കയില്ല.തത്വവി
ജ്ഞാനരഹിതൻ തത്വം ഉപദേശിച്ചാലത് ശൂ
ന്യമായിത്തീരും.സിദ്ധാദിചക്രത്തിൽ ആദിപദം മുതൽ സംഗ്രഹിച്ച് , പ്രാക്, പ്രത്യഗ്, ദക്ഷിണം, ഉത്തരം എന്ന് സൂത്രങ്ങൾ വരച്ച്, പൂർവ്വപശ്ചിമരേഖയും ദക്ഷിണോത്തരരേഖ
യും യോഗം ചെയ്യുന്നവിധം അയ്യഞ്ച് രേഖ വരച്ച് 16 കോഷ്ഠം ലഭിക്കുന്നു. അവയിലെ ഈശാനകോഷ്ഠം തുടങ്ങി ക്രമേണ അകാരാ
ദി എല്ലാ വർണ്ണവും എഴുതുക.

46. ചതുശ്ചതുർവിഭാഗേന കൽപ്പയേത്താനി
വൈ ക്രമാത് പ്രഥമ പ്രഥമേ ത്വാദ്യം
ദ്വിതീയപ്രഥമേ തഥാ.

47 ദ്വിതീയമന്യതശ്ചാന്യത് തഥാന്യദപി
കൽപ്പയേത് തത്തത്കോഷ്ഠേഷു വിലിവേത്
തത്തത് പഞ്ചമമക്ഷരം

നന്നാലു വിഭാഗമാക്കി, ഈശാനദിശമുതൽ ആദ്യാക്ഷരം അ എഴുതുക. പിന്നീട് രണ്ടാം കോഷ്ഠത്തിൽ അതിന്റെ ദീർഘാക്ഷരം. പ്രഥ
മേ പ്രഥമേ എന്നത് ലിഖനക്രമം ഉപദേശിക്കു

ന്നതാണ്. മൂന്നാം വർഗ്ഗം വീണ്ടും പ്രഥമ കോഷ്ഠത്തിൽ വരും.(ഉ) അതിന്റെ ദീർഘം പിന്നീട് വരും(ഊ) ഇപ്രകാരം എല്ലാ കോഷ്ഠവും പൂരിപ്പിക്കുന്നു. അതാതു കോഷ്ഠത്തിൽ അതാതിന്റെ വർഗ്ഗങ്ങളെ എഴുതുമ്പോൾ അതിന്റെ പഞ്ചമം ആ വർഗ്ഗത്തിന്റെ രണ്ടാം കോഷ്ഠത്തിന്റെ ആദ്യകോഷ്ഠത്തിലാണ് വരിക. ഉകാരം അകാരത്തിന്റെ പഞ്ചമവർണ്ണമാണ്.

തന്ത്രരാജടീകാനുമതസിദ്ധാദിചക്രം(അകഥഹ)ചക്രം.

സിദ്ധ പൂർവ്വദിക്ക് സാദ്ധ്യ

അകഥഹ	ഉങ്പ	ആഖദല	ഊചഫ
ഓഢവ	ലൃഝമ	ഔഢശ	ലൄഞയ
ഈധന	ഌജഭ	ഇഗധക്ഷ	ൡ ഛരബ
അഃ തസ	ഐഠല	അംണഷ	ഏടര

അരി സുസിദ്ധ

ഇപ്രകാരം ചതുർവർഗ്ഗങ്ങളെ ഷോഡശകോഷ്ഠങ്ങളിൽ ക്രമീകരിക്കുന്നു. 3 കോഷ്ഠത്തിൽ മാത്രം 4 വർണ്ണമുണ്ട് ബാക്കി എല്ലാം 3 വീതമാണ്. ഹ,ല,ക്ഷ എന്നീ അക്ഷരവർണ്ണ

ങ്ങളാണ് 4 വർണ്ണമുണ്ടാക്കുന്ന 3 കോഷ്ഠത്തി ലുള്ളത് എന്ന് കാണുക.

48. ഏവം ചതുർഷു വർഗ്ഗേഷു ക്ഷാന്താവധി
സമാലിഖേത് സ്വനാമാധ്യക്ഷരം യത്
കോഷ്ഠേ സംദൃശ്യതേ തതഃ

49 സിദ്ധാദീൻ ഗണയേത് യാവന്മന്ത്രാധ്യക്ഷ
രദർശനം സിദ്ധസിദ്ധോ ജപാത് സിദ്ധ്യേത്
ദ്വിഗുണാത് സിദ്ധസാധകഃ

സ്വനാമത്തിന്റെ ആദ്യാക്ഷരം വരുന്നതിന് ആരംഭിച്ച് സിദ്ധ,സാദ്ധ്യ, സുസിദ്ധ, അരി എന്ന് ക്രമേണ ഗണിക്കുക. സ്വനാമാദ്ധ്യാക്ഷ രത്തിന് ആക്രാന്തമായ വർഗ്ഗം സിദ്ധ, പ്രാദ ക്ഷിണ്യേന ദ്വിതീയവർഗ്ഗം സാദ്ധ്യ, അതിന്റെ തൃതീയം സുസിദ്ധ, ചതുർത്ഥം അരി. ഇതുപോലെ മന്ത്രത്തിന്റെ ആദ്യാക്ഷരത്തിനും സിദ്ധാദി ഗണിക്കണം. ഇപ്രകാരം തനിക്ക് സിദ്ധി തരുന്ന മന്ത്രം തെരഞ്ഞെടുക്കണം.

50. സിദ്ധേ സുസിദ്ധഃ സംപ്രാപ്താ സിദ്ധാരി
ർഹന്തി ഗോത്രജാൻ സാദ്ധ്യസിദ്ധോതി
സംക്ലേശാത് സാദ്ധ്യസാദ്ധ്യോതി ദുഃഖകൃത്

51. സാദ്ധ്യോ സുസിദ്ധോ ഭജനാത് സാദ്ധ്യാരിഃ
സ്വാം ശ്രിയംഹരേത് സുസിദ്ധസാദ്ധ്യോ
ധ്യായനാത് ഫലം ദധ്യാധ്യഥേഷ്മിതം

52 സുസിദ്ധസാദ്ധ്യോ ജാപാദ്യൈഃ സിദ്ധയേ സ്യാദതോന്യഥാ സുസിദ്ധേ തു സുസിദ്ധസ്തു പൂർവ്വജന്മകൃതശ്രമഃ

സുദർശനം- വിധിപൂർവ്വകം സിദ്ധസാദ്ധ്യാദി പ്രാപ്തമാകുമ്പോൾ ജപക്ലേശം ഇല്ല. ത്രിഗുണ, ചതുർഗ്ഗുണജപാദി കഷ്ടാനുസരണമുള്ള അധികക്ലേശം വേമ്ടിവരില്ല. ഭജനം കൊണ്ടാണ് ഗുണജപാദികൾ. കൂടുതൽ ജപിച്ചാലാണ് കൂടുതൽ ഗുണം എന്നത് വളരെ ക്ലേശകരമാണ്. ധ്യാനം അദ്ധ്യയനം ഇവ കൊണ്ട് കൽപ്പോക്തജപമാത്രമല്ല, യുഗസംഖ്യാശ്രയണമാണ് അപേക്ഷിതം എന്ന് ഭാവം. ജപത്തിന് മുമ്പ് ഹോമം, തർപ്പണം ഇവയും ചെയ്യേണ്ടതുണ്ട്. അന്യഥാ എന്നതിന് സുസിദ്ധസാദ്ധ്യാദികളുടെ അനന്തരം സുസിദ്ധസുസിദ്ധ എന്നാണ് മനോരമാകാരൻ അർത്ഥം പറയുന്നത്. സുസിദ്ധസാദ്ധ്യാനന്തരം ഭാവം എന്ന് അർത്ഥം കഥനം അനുപയുക്തമാവും. അതിനാൽ പൂർവ്വജന്മനി കൃതമായ ഉപാസനാരൂപം എന്ന് പറയുന്നു. പൂർവ്വജന്മകൃതമായ ശ്രമം, പ്രയത്നം, ഈ ജന്മത്തിലെ സിദ്ധിക്ക് കാരണമാവുന്നു.

53. തസ്മാത് സർവ്വസിദ്ധീനാം സാധനേ വോ ജപേന്മനും അഭിചാരേ രിപോരേവം യദി സ്വാത്മവിപത്തയേ

54. സുസിദ്ധോരിരശേഷേണ സ്വകുല നാശയേ ദ് ധ്രുവം അരിസിദ്ധഃ സുതം ഹന്യാദരിസാ ദ്ധ്യഃ സ്വയോഷിതം.

സുദർശനം- എല്ലാ സിദ്ധികളും എല്ലാ കാമന കളും സാധിക്കാനായി സാധകന്റെ പൂർവ്വജന്മ കൃതമായ മന്ത്രസാധന സഹായിക്കുന്നു. രിപു വിനെ ഹനിക്കാനായ് ചെയ്ത ആഭിചാരക്രി യകളും ഇതുപോലെ സ്വന്തം ആത്മവിപത്തി ലേക്ക് നയിക്കുന്നു. ഇത് മനസ്സിലാക്കിയിരി ക്കണം. ശത്രുകുലത്തെ നശിപ്പിക്കാനുള്ള ആഭി ചാരം നശിപ്പിക്കുക സ്വകുലത്തെയാണ്. മക്ക ളും ഭാര്യയും അടക്കം നശിക്കുന്നതാണ്. (അ തിനാൽ ആഭിചാരം ചെയ്യരുതെന്നാണ് ധ്വനി)

55. അരിസുസിദ്ധോ മന്ത്രസ്തു കുലോത്സാദന കൃച്ഛരനൈഃ അർത്ഥരിഃ സ്വാത്മഹാ മന്ത്രഃ സംപ്രാപ്തൈവ സുനിശ്ചിതം

56 നാമാദ്യക്ഷരമാരഭ്യ യാവന്മന്ത്രാദിവർണ്ണ കം ത്രിദാ കൃത്വാ സ്വരൈർഭിധ്യാത് തദന്യ ദ്വിപരീതകം

സുദർശനം- അരിമന്ത്രം സ്വന്തം ആത്മാ, ശരീരം, പ്രാണവിയോജനം കൊണ്ട് ഹനി ക്കുന്നു എന്ന് അർത്ഥം. അതിന്റെ സംപ്രാ പ്തി കാലവിളംബം കൂടാതെ സംഭവിക്കും. ഇത് സമ്യക്കായി സുനിശ്ചിതമാണ്. ആത്മഹ നനം പാക്ഷികമല്ല, സമ്പൂർണ്ണമായിരിക്കും.

സാധകന്റെ പ്രസിദ്ധവ്യാവഹാരികനാമത്തിന്റെ ആദ്യാക്ഷരം മുതലാരംഭിച്ച്, മന്ത്രത്തിന്റെ ആദ്യാക്ഷരം വരെ ഗണിച്ച് കിട്ടിയ അഷ്ടാ വിംശതിസംഖ്യ ത്രിഗുണമാക്കി, 7 കൊണ്ട് ഹരിച്ച് കിട്ടിയ ശിഷ്ടം സപ്താദിരൂപമാണ്. തന്ത്രത്തിൽ ശൂന്യത്തിന് ഫലം പറയുന്നില്ല. ഠ്ലണധനവിധാനം ബാക്കി കൊണ്ട് ചെയ്യുന്നു. സപ്താദിരൂപമായ സംഖ്യയാണ് നാമരാശി. ഇപ്രകാരം മന്ത്രാദ്യാക്ഷരം തുടങ്ഹി സാധകനാമാദ്യക്ഷരപര്യന്തം ഗണിച്ച് കിട്ടിയ പഞ്ചവിംശകസംഖ്യ ത്രിഗുണം ചെയ്ത് കിട്ടിയ പഞ്ചസപ്തത്യാദിസംഖ്യ 7 കൊണ്ട് വിഭജിച്ച് ബാക്കി പഞ്ചാദിരൂപം മന്ത്രരാശി. തദന്യദ്വിപരീതകം എന്നതു കൊണ്ട് ഈ മന്ത്ര രാശിഗണനമാണ് ഉദ്ദേശിച്ചിരിക്കുന്നത്. നാമരാ ശിഗണനത്തിന് വിപരീതമായി മന്ത്രരാശിഗ ണനം. തന്ത്രാന്തരത്തിൽ:-

നാമാദ്യക്ഷരമാരഭ്യ യാവന്മന്ത്രാദിമാക്ഷരം ഗണയേന്മാതൃകാവര്ണ്ണക്രമേണ ഗുണയേത് ത്രിഭിഃ വിഭക്തേ സപ്തഭിഃശിഷ്ചോ നാമരാശിരുദാഹൃതഃ ഏവം മന്ത്രാർണ്ണമാരഭ്യ യാവന്നാമാദിമാക്ഷരം ഗണയിത്വാ ത്രിഭിർഹത്വാ വിഭക്തേ സപ്തഭിർബുധൈഃ മന്ത്രരാശിഃസ്മൃത.......പദാർത്ഥാദർശ, മന്ത്രമഹോദധി ഇവയിലും ഇത് പറയുന്നുണ്ട്. മനോരമയിൽഃ മന്ത്രാദ്യക്ഷരമാരഭ്യ സ്വനാമാദ്യക്ഷരാവധി മാതൃകാദ്യക്ഷരാണി വിപരീതകം സപ്തഭിഃ സംവദ്ധ്യം ത്രിഭിരാഹരേദിതി.

മന്ത്രാക്ഷരാദി നാമാദ്യക്ഷരാന്തം മാതൃകാക്ഷരങ്ങളെ ഗണിച്ച് സപ്തഗുണീകൃതമാക്കി, 3 കൊണ്ട് വിഭക്തമാക്കാനാണ് നിധികൃത് പറയുന്നത്, ബാക്കി മന്ത്രശരീരമാണെന്നും. ഇപ്രകാരം ചെയ്താൽ സകലവും വൈപരീത്യമാവും. സാധകനാമം കമലാപതി എന്നാണെന്ന് വിചാരിക്കുക. നാമരാശികരണത്തിൽ കാദിരൂപനാമാദിവർണ്ണേ ഹാദിവിദ്യാദ്യക്ഷരത്തിലെ 33 (രാമാഗ്നി)സംഖ്യത്വം ഭവിക്കുന്നു. മന്ത്രരാശികരണത്തിൽ ഹകാരം കകാരത്തിന്റെ മാതൃകാഗണനക്രമത്തിൽ വിംശതിസംഖ്യ.

വിപരീതഗണനം രാമാഗ്നിസംഖ്യ തന്നെ വീണ്ടും വരുന്നു. ഫലവൈഷമ്യം വരുന്നു.

57 കൃത്വാധികോ ഋണോ ജ്ഞേയോ ഋണീ ചേന്മന്ത്രമുത്തമം സ്വയം ഋണീ ചേത്തന്മന്ത്രം ത്യജേത് പൂർവ്വ ഋണീ യതഃ

നാമരാശി, മന്ത്രരാശികരണഫലം പറയുന്നു. നേരത്തേ പറഞ്ഞപോലെ ചെയ്ത് അധികമോ ഋണമോ (ന്യൂനം) ശേഷസംഖ്യ എന്ന് നോക്കി സാധകൻ ഋണിയോ ധനിയോ എന്ന് കാണുക. ഈ ഋണിധനിജ്ഞാനം കൊണ്ടാണ് മന്ത്രം ഉപദേശിക്കാവുന്നതോ അല്ലയോ എന്ന് നിർണ്ണയിക്കുന്നത്. സ്വയം ഋണിയായി കാണുന്ന പക്ഷം ആ മന്ത്രം ത്യജിക്കണം. പൂർവ്വജന്മോപാസന കൊണ്ട് ലഭിച്ച ഫലം ത്യജിക്കാവതല്ല. പൂർവ്വജന്മത്തിൽ പ്രതികാരത്തിനായി ചെയ്ത മന്ത്രസാധന ഈ ജന്മത്തിൽ ഫലാന്തരലാഭം കൊണ്ട് തനിക്കുതന്നെ ഹാനിയായി വരും.

58. കഥം ഋണിത്വം മന്ത്രാണാം സാധകാനാം ച മേ വദ പൂർവ്വജന്മകൃതാഭ്യാസേ പാപാദസ്യാഫലാപ്തികൃത്.

സുദർശന- ഉത്തമാർണ്ണ, അധമാർണ്ണത്തിൽ ധനദാനോപാദനം . പരസ്പരം പുരുഷന്മാർക്കന്നപോലെ സാധകനും

മന്ത്രത്തിനും സംഭവിക്കുന്നു. അതെങ്ങനെ എന്ന് ദേവി ചോദിക്കുന്നു. അതിരഹസ്യവും ഗോപ്യവുമാണ് ഇത്. രഹസ്യധാരിണീ യസ്മാത് യസ്മാദ്ഭക്തിവിധായിനീ യസ്മാത് പ്രിയാമി ഭക്താസി തതസ്തേ കഥയാമ്യഹം. എന്ന് തന്ത്രാന്തരത്തിൽ പറയുന്നു. എന്റെ നികടത്തിൽ വന്ന ഭക്തർക്ക് ഈ രഹസ്യം ഞാൻ ഉപദേശിക്കുന്നു എന്ന് സാരം. പൂർവ്വ ജന്മകൃതമായ അഭ്യാസം- ജപം, ഹോമം, പൂ ജാ, സത്കർമ്മം ഇവഃ പുനരാവർത്തനം വരുന്നത് ഏതോ അത്. (ബഹുവ്രീഹിയായി) അത് അത്ഭുതസാമർത്ഥ്യമായി നിരൂപിക്ക പ്പെടുന്നു. നിത്യാദിവിദ്യോപാസനയുടെ അന ന്തരഫലമായ സിദ്ധി അവ കൂടാതെ ലഭിച്ചാ ൽ അത് പൂര്വ്വജന്മഫലമാണ്. പാപരൂപമായ പ്രതിബന്ധങ്ങൾ ഇല്ലാത്ത പക്ഷം അവ സാധ കന് ഫലം ഉത്പാദിപ്പിക്കും.

59 പാപേ നഷ്ടഫലാവാപ്തിഃ കാലേ ദേഹക്ഷയാദ് ഌണീ മന്ത്രഃ
സംപ്രാപ്തിമാത്രേണ പ്രാക്തനഃ സിദ്ധയേ ഭവേത്

60 സിദ്ധമന്ത്രാദ് ഗുരോർലബ്ധമന്ത്രോ യഃ
സിദ്ധിഭാങ്നരഃ ലക്ഷ്മൌമദാദനാദൃത്യ മന്ത്രേ ഭോഗമവാപ്തവാൻ

61 സന്മന്ത്രസ്യ ഋണീ ജ്ഞേയോ ഭജനം തസ്യ പൂർവ്വഗം തസ്മാദൃണവിശുദ്ധിസ്തു കാര്യാ സർവ്വേസ്തു സർവ്വതഃ

സുദർശന- ത്രിഗുണം, ചതുർഗ്ഗുണം പഞ്ചഗുണം പ്രയത്നം വേണ്ടിവരുന്നത് പ്രതിബന്ധങ്ങളുണ്ടെങ്കിൽ അതിനെ നീക്കാനാണ്. സേവാകാലത്ത് വിലംബം വന്നാൽ അപ്പോഴത്തെ പ്രയത്നഫലം അടുത്ത ജന്മത്തിലേ ലഭിക്കുകയുള്ളൂ. ഫലം കിട്ടിയെന്നു വന്നാൽ അത് പ്രതിബന്ധാഭാവമാണെന്ന് മനസ്സിലാക്കണം. പാപം നഷ്ടമാകുമ്പോളാണ് ഫലപ്രാപ്തി. അക്കാലത്ത് ഋണീമന്ത്രം ദേഹക്ഷയം വരുത്തുമ്പോഴാണ് പിന്നത്തെ ജന്മം ഫലം വരുന്നത്.

മന്ത്രത്തിന് ഋണിതവം പറഞ്ഞു സാധകന്റെ ഋണിത്വം എപ്രകാരം പറയുന്നു. സിദ്ധമന്ത്രാദ് എന്ന വരി അതിനായി തുടങ്ങുന്നു. പ്രാപ്തിലക്ഷ്മീപ്രഭാവത്താൽ അഹങ്കാരം വരുന്നു. സ്വയം ഗൃഹീതമെന്ന് മന്ത്രത്തെ അനാദരിച്ച് ഉപാസിക്കാതെ ഭോഗാനുഭവത്തിൽ മുഴുകിക്കഴിയുന്ന സാധകൻ ഉപാസിക്കുന്ന മന്ത്രത്തിന് സ്വയം ഋണിയായി തീരുന്നു. ഉപാസന കൂടാതെ എപ്രകാരം ഉപാസനാഫലമായ ഭോഗം സാധിക്കും. ഗുരൂപദിഷ്ട

മായ സിദ്ധമന്ത്രം ഗുരുകൃതമായ ഉപാസനാ ഫലം ഉണ്ടാക്കുന്നു. അതിന്റെ ഭജനം, ഉപാസനം പൂർവ്വഗമായി ഗുരുജാതമാണ്. പൂർവ്വജന്മഫലം പോലെ ഈ ലക്ഷ്മീഫലം പൂർവ്വഗുരുവിന്റെ ഉപാസനാഫലമാണ്. പൂർവ്വജന്മത്തിലെ ഉപാസനാഭാവം ഈ ജന്മത്തിലെ ഉപാസന കൊണ്ട് വേണം ഇല്ലാതാക്കാൻ. ഉപാസിക്കാതെ ഇരുന്നാൽ ഫലം കിട്ടില്ല.
പൂർവ്വോക്തപ്രകാരം ഋണധനചക്രശുദ്ധി സർവ്വവും സാദ്ധ്യസാധകസിദ്ധികളിലെല്ലാം സർവ്വ മന്ത്രത്തിലും വിദ്യയിലും അനുസരിക്കേണ്ടതിന്റെ ആവശ്യകത ഇതാണ്.

62 രുദ്രാക്ഷൈരപി പത്മാക്ഷൈഃ
പുത്രജീവൈഃ കുചന്ദനൈഃ സ്ഫാടികൈശ്ച
പ്രവാലൈശ്ച മൌക്തികൈർഹിമനിർമ്മിതൈഃ

63. രാജതൈർവാക്ഷമാലാ സ്യാത് പൂർവ്വം
പൂർവ്വം ഫലേദ് ഗുരുഃ ആദിക്ഷാന്തൈരക്ഷ
രൈഃ സ്യാദക്ഷമാലാ യഥാർത്ഥതഃ

സുദർശന- രുദ്രാക്ഷം, പത്മാക്ഷം, പുത്രജീവം, രക്തചന്ദനം, സ്ഫടികം, പ്രവാളം, മൌക്തികം മുതലായി അക്ഷമാല എണ്ണുന്നത് ലക്ഷസംഖ്യാവിശിഷ്ടജപാദി ചെയ്യാനാണ്.
രുദ്രാക്ഷാദി നവമാലകൾ ആദ്യം പറഞ്ഞതിന് ക്രമത്തിൽ ഫലം കൂടും. പുത്രജീവമാണ് ഏറ്റ

വും നല്ലതെന്ന് പക്ഷമുണ്ട്. തന്ത്രാന്തരങ്ങളിൽ മണിസംഖ്യക്ക് കാമനാഭേദമുണ്ട്. ജപത്തനി ശതസംഖ്യ വേണമെന്നതിനാൽ അത്രയും മണി അഭികാമ്യം. മൂലത്തിൽ ഏകാക്ഷരമണി പോലും പറയുന്നുണ്ട്. വർണ്ണമാലയാണ് ജപത്തിന് അനുയോജ്യം. അ മുതൽ ക്ഷ വരെയാണ് വർണ്ണമാല. യഥാർത്ഥത്തിൽ വർണ്ണമാല അക്ഷമാല (അക്ഷരമാല) ആണ്. മറ്റു വസ്തുക്കളല്ല.

64 അനുലോമവിലോമാഭ്യാം മാതൃകാന്തരിതം ജപേത് ഏവം സർവ്വഗുണോപേതോ ജായതേ സർവ്വസിദ്ധിമാൻ.

അനുലോമക്രമത്തിൽ മാതൃകകളെ ഏകേകമായി വർണ്ണം സ്വസ്വജപ്യമന്ത്രത്തിൽ . പിന്നെ പ്രതിലോമമായി ഓരോന്നായി. ഇപ്രകാരം ജപിക്കണം. കാമിക്കുന്നത് ലഭിക്കാൻ ഈ ജപം സഹായിക്കും. മാതൃകാന്തരിതമന്ത്ര ജപം ഇപ്രകാരമാണ്. കരഭ്രഷ്ടത്വം തർജ്ജനിസ്പൃഷ്ടത്വം ദോഷങ്ങളെന്നിവയും ജപിക്കുന്നവർ അറിഞ്ഞിരിക്കണം.സിദ്ധിമാൻ സകലസിദ്ധികളും ലഭിച്ചവൻ.

65 തർജ്ജനീരഹിതൈഃ കുര്യാദംഗുല്യൈർജ്ജപക്രിയാം അംഗുലീപർവ്വസംസ്പർശാദപി വാ ഗണയേജ്ജപം.

66. അബുദ്ധിപൂർവ്വം വിഹിതേ നിഷിദ്ധേ കർമ്മണി ദ്രുതം വിദ്യാം ജപേച്ഛതം തേന തത് പാപാന്മുച്യതേ ധ്രുവം

67 നിത്യാതിക്രമദോഷാണാം ശാന്ത്യൈ വിദ്യാം ശതം ജപേത് നൈമിത്തികാതിക്രമണേ സഹസ്രം പ്രജപേത്തദാ

68 വിശുദ്ധദേഹവദനഃ ശുക്ലാംബരധരഃശുചിഃ വിമുഖഃപരനിന്ദാസു ദേവതാദർശനേഷു ച

69. പരാർത്ഥവനിതാഭൂമിപീഡാസു വിഗതസ്പൃഹഃ ദയാന്വിതഃ സർവ്വജനേ പ്രേക്ഷാകാരീ ഗതസ്പൃഹഃ

സുദർശന- തർജ്ജനി ഒഴികെയുള്ള അംഗുല്യഗ്രങ്ങളിൽ മാല വെച്ച് അംഗുഷ്ഠാഗ്രത്താൽ ചലിപ്പിക്കുക. എന്നതിനാൽ പർവ്വമാലയാണ് പറയുന്നത്. അനാമികാമദ്ധ്യപർവ്വം തുടങ്ങി, തർജ്ജനിയുടെ മൂലപർവ്വം വരെ ഗണിച്ചാണ് ദശസംഖ്യാപൂർത്തി. തർജ്ജനിയുടെ അഗ്രത്തിൽ ജപാദികരണത്തിൽ ജപഫലമാത്രം എപ്രകാരം പറയും. ഈ ശങ്കക്ക് ഉത്തരം പറയുന്നു. (ഇവിടെ 2 പേജ് മാനുസ്ക്രിപ്റ്റ് കാണാനില്ല).

70 ആസ്തികോ ഗുരുശക്തശ്ച്ഛ നിത്യശോ നിയമാന്വിതഃ യഃ സ സർവ്വഗുണോപേതോ വിദ്യാസിദ്ധിമവാപ്നുയാത്

72. ആദൌ യോഗോ ഭവേദന്തേ പല്ലവഃസമ്പുടോ ദ്വയോഃ ഏ്കാന്തരം തു ഗ്രഥനം വിദർഭോ ഹ്യന്തരീകൃതഃ

73. മന്ത്രദോഷാംസ്തു വിജ്ഞായ ഗുരുഃ പരിഹരേത് ക്ഷണാത് അന്യഥാ സ ഗുരുഃ ശിഷ്യം നിഹന്ത്യേ വാചിരാദ് ധ്രുവം

74 തേന തത്പരിഹാരഞ്ച ശ്രുണു ദേവി സമാഹിതാ പരിഹാരപ്രകാരന്തു വക്ഷ്യേ യോഗേഷു തത്വതഃ

75 ദഗ്ദ്ധഃ ഷഡ്കർണ്ണഗോ മന്ത്രസ്ത്രസ്തഃ സ്യാദധികൈർജ്ജപാത് ഗർവ്വിതസ്ത്വവിധിപ്രാപ്തഃ ശത്രവോ വൈരികോഷ്ഠഗാഃ

76. ബാലാ ലഘ്വക്ഷരാപ്രായാ വൃദ്ധാ ഗുർവ്വക്ഷരാന്വിതാഃ നിർജ്ജിതാഃ കർമ്മബാഹുല്യാദഹസാഃ സത്വവർജ്ജിതാഃ

സുദർശന-

പുനഃപുനഃ ആവർത്തിച്ചാലാണ് മന്ത്രം നിർജ്ജിതമാവുന്നത്. നിർജ്ജിത പ്രതാപം പോയ മന്ത്രമാണ്. അതിന് പരാക്രമം കാണിക്കാനാവില്ല. ഒരിക്കൽ ഫലം തന്ന മന്ത്രം

പിന്നീട് ഫലം തരാനുള്ള ശക്തി നഷ്ടപ്പെട്ടതാണ് നിർജ്ജിത. എപ്പോഴും കാമ്യകർമ്മങ്ങൾക്കായി നിയോജിക്കുമ്പോളാണ് മന്ത്രത്തിന് കുണ്ഠത്വം വരിക. കർമ്മബാഹുല്യം കൊണ്ട്, സാധകന്റെ ദുഷ്കർമ്മം, ക്ഷപണം, പര്യാപ്താരാധനാഭാവം ഇവകളാൽ അല്ലെങ്കിൽ ദുഷ്കർമ്മങ്ങളുടെ അവശിഷ്ടം കൊണ്ട് നിർജ്ജിതത്വം സംഭവിക്കാം. മന്ത്രം പരാജിതമാകാം. സ്വന്തം കർമ്മം തന്നെയാണ് ദുഷ്കർമ്മരൂപമായി വരുന്നത്. പ്രാണമഞ്ജരി തന്റെ അഭിപ്രായം ഇപ്രകാരം പുനഃപുനഃ കാമ്യകർമ്മത്തിനായി പ്രയോഗിച്ച് നിർജ്ജിതമായി ജീവനില്ലാതായ മന്ത്രത്തിന് വീണ്ടും പരിഹാരം കൊണ്ട് ശക്തി സംഭവ്യമല്ല എന്ന് നിധികൃത്തിനെ ഖണ്ഡിച്ച് അഭിപ്രായപ്പെടുന്നു.

77. അപൂർണ്ണരൂപാഛിന്നാഃ സ്യുഃ സ്തംഭിതാഃ സാനുനാസികാഃ അകാലവിനിയോഗേന മൂർഛരാതാഃ സ്വാപഗാ ജപാത്

സുദർശന-

സ്വവാച്യദേവതയുടെ ശക്തിപ്രതിപാദകമായ വർണ്ണരൂപം പൂർണ്ണമാവണം. അപ്രകാരമല്ലാത്തത് വർണ്ണശൂന്യം അപൂർണ്ണരൂപം.

മനോരമാകാരൻ അപൂർണ്ണരൂപാ

സ്വവാച്യദേവതായാ വാച്യവര്ണ്ണം

പതിതമായത് മഛരിന്നമന്ത്രം എന്ന് പറയുന്നു. പ്രസ്തുതദേവതയുടെ വാചകത്തിന്റെ അവയവങ്ങളെ പറയുന്നു. ഖണ്ഡീഭൂതമായത് എന്നാണ് അർത്ഥം പറയുന്നത്.ഖണ്ഡിതപക്ഷത്തിൽ മന്ത്രത്തിന്റെ സാധകന്റെ ഏകദേശജപക്ഷണത്താൽ സാധകാപരാധം കൊണ്ടാണ് മന്ത്രദോഷം വരുന്നത്. ഛിന്നത്തിൽ ആ അർത്ഥവാചകവർമ്ണാഭാവം കൊണ്ടുണ്ടായ ദോഷമാണ്. ഇപ്രകാരമാണ് തന്റെ അഭിപ്രായം എന്ന് പ്രാണമഞ്ജരി.

അനുനാസികാഃ- കാദിപഞ്ചവർഗ്ഗത്തിൽ പഞ്ചമാക്ഷരം അന്യതമബഹുളമാണ്. സ്തംഭിതം പോലെ അഭിമതാർത്ഥകരണത്തിന് അസമർത്ഥമാണ്. അതിനെ സ്തംഭിതമെന്ന് വിളിക്കുന്നു. അകാലവിനിയോഗേന- ദീക്ഷാകാലത്ത് ദീക്ഷ ചെയ്യാതിരിക്കുക, അനുക്തകാലത്ത്, സന്ധ്യാദി നിത്യനിമിത്തികാദി ചെയ്യുക, പറഞ്ഞതിൽനിന്ന് അതിരിക്തമായ കാലത്ത് അനുഷ്ഠാനം ചെയ്യുക , അരിനിഗ്രഹാദി മാമൃത്തിലും രിപുജന്മലഗ്നാഷ്ടമലഗ്നാദിരൂപ വിഹിതോത്തരകാലത്തിലും അനുഷ്ഠാനം ചെയ്യുക ഇവകളാൽ മൂർഛിതമായി മന്ത്രം ഭവിക്കുന്നു. മനോരമാകാരൻ സാധകന്റെ ശ്വാസം ദക്ഷിണനാസാപുടത്തിൽ പരിപൂ

ർണ്ണമായി വഹിക്കുന്നതാണ് ആഗ്നേയമന്ത്ര ത്തിന്റെ പ്രബോധകാലം എന്ന് പറയുന്നു. മറ്റുള്ളവർ സ്വാപകാലം, പ്രണവ ക്ഷകാര രേഫഹകാരാക്ഷരപ്രായമായ മന്ത്രമാണ് ആ, ഗ്നേയം എന്ന് പറയുന്നു.

വാമനാസാപുടത്തിലൂടെ ശ്വാസം പ്രവഹിക്കു ന്നതാണ് സൌമ്യമന്ത്രപ്രബോധനകാലം. ആഗ്നേ യാദികൾ സ്വാപകാലത്താണെന്ന് പക്ഷം.

സാധകൻഅപ്പോൾമൂർഛരാകാരമാണ്. സാധക ന്റെ സർവ്വവ്യാപാരവും നിർവ്യാപാരമാണ്. മന്ത്രവും മൂർഛിതമാണ്. ഇത് നിധികാരന്റെ അഭിപ്രായം. സ്വാപകാലത്ത് തന്ത്രാന്തരോക്ത രീതിയിൽ സപ്തമാണത്വത്തിലും ഗ്രഹണം പൂർണ്ണമായി ഭഗവാനു സാധിക്കുന്നു. പ്രാ ണോദയത്തിൽ സാധകശരീരനിഷ്ഠതയാൽ പ്രബോധസ്വാപയകാലത്ത് പ്രാണനിഷ്ഠത സാധ്യമാകും . അതിനാൽ പ്രബോധസ്വാ പകാലത്ത് മന്ത്രം പൂർണ്ണമായി ഗ്രഹിക്കാ നാവുന്നതാണ്.

ദക്ഷിണനാസാപുടത്തിലൂടെ അഛിന്നമായി പ്രവഹിക്കുന്ന പവനകാലാവഛിന്ന ജപക ത്വം കൊണ്ട് പ്രബുദ്ധത്വം . ഭഗവാനാണ് പ്രണിതർക്ക് തന്ത്രാന്തരേണ ബോധം കൊടു ക്കുന്നതും. സ്വാപനം മുതലായി ജപാഭാവ

വിശിഷ്ടമായ മന്ത്രങ്ങളിലും സ്വാപനപുരുഷ നായി (സ്വപ്നപുരുഷ) ഇരിക്കുന്നതും ഉപ ദേശിക്കുന്നതും ഭഗവാനാണ്. പ്രകൃതതന്ത്രാ ന്തരധർമ്മശാസ്ത്രജ്യോതി ഏതേതു കാലത്തും ഏതേതു ദേശത്തിലും സർവ്വരിലും ഇരുന്ന് പ്രവർത്തിക്കുന്നതും ആ ജ്യോതിയാണ്.

അകാലവിനിയോഗത്തെ കുറിച്ച്ഃ- കാലം ജപോപദേശകാലത്തിനാൽ അവ്യവഹിതോ ത്തരമാണ്.സർവ്വവും ഭഗവാനാൽ വിനിയു ക്തമാവുന്നത് മറ്റ് അവലംബമൊന്നും കൂടാ തെയാണ്.അകാലത്തിൽ വിനിയോഗിക്കുന്ന മന്ത്രം കാലത്തിൽ ഉപയോഗിക്കുന്നതിനേക്കാ ളും വിശിഷ്ടമാവില്ലായിരിക്കാം. സ്വാപഗമായ മന്ത്രം അതിൽ പെടുന്നില്ല. വിശിഷ്ടമായി ഭഗവാനാൽ ഉപദേശിക്കപ്പെടുന്നതാണ് അത്. അജപാ മുതലായ പദങ്ങളെ ശ്രദ്ധിക്കണം. അജപയാണ് ഏറ്റവും നല്ല മന്ത്രം. ഉപദേശ കാലം തുടങ്ങി ജപാനുഷ്ഠാനം വരെയും അജപാപദാർത്ഥം തന്നെയാണ്.സ്വപ്നത്തിൽ ലഭിച്ച മന്ത്രം വിശേഷമായി അജപമായി ത്തന്നെ ലഭിക്കുന്നു. അജപമായിത്തന്നെ അനുഷ്ഠിക്കുന്നു. മന്ത്രപദം ജപത്തിനല്ല, മനത്തിനാണ് എന്ന് ഓർക്കണം. മനകർത്ത്യം താരാണകർത്ത്യം എന്ന് വിദ്യാലബ്ധിക്കാണ്.

വിദ്യാപദം ആണ് കാമ്യകർമ്മമല്ല. മനനം കൊണ്ട് സിദ്ധിക്കുന്നത്. മന്ത്രം വിദ്യാലബ്ധിക്കാണ്. അത് എപ്പോഴും സംഭവിക്കുന്നുണ്ട്. ജാഗ്രത്തിലും സുഷുപ്തിയിലും സ്വപ്നത്തിലും ലഭിക്കുന്ന വിദ്യ ജപം കൊണ്ടല്ല, മനനം കൊണ്ടാണ്.

78. മത്താഃ പത്രേഷു പഠനാദന്യവർണ്ണൈസ്തു കൌലീതാഃ രുദ്ധാ വിസന്ധികാഃ പ്രാപ്തദുഃ ഖാ വൈരിസമന്വിതാഃ

79. ഖണ്ഡീഭൂതാസ്ത്വംശജാപാദംഗഹീനാ സ്ത്വ സംവൃതാഃ അപൂർണ്ണേനോപദിഷ്ടാ യേ ക്ഷീണവൈര്യാസ്തു തേ മതാഃ

സുദർശന-

പത്രം അഥവാ പുസ്തകം നോക്കി പാഠം പഠിക്കുന്ന പോലെ മന്ത്രം പഠിക്കുന്നതിനെ മത്താ എന്ന് വിളിക്കുന്നു. തന്ത്രാന്തരത്തിലെ ഭിന്നാക്ഷരവർണ്ണങ്ങളെ പഠിക്കുന്നത് അന്യവർണ്ണം.ഇത് ലോകോപദ്രവകാരകമാവാം. ലോഹം പാഷാണം വൃക്ഷം മുതലായ കൌലിതം ലോകോപകാരത്തിന് പ്രയോജനമാകാതെ വരാം. സ്വകാര്യസാധകകാര്യത്തിനു പ്രയോജനപ്പെടുകയോ ചെയ്യാതിരിക്കുകയോ ചെയ്യാം. ഇതാണ് കീലിതം. വർണ്ണാന്തര യോജന ഭ്രമിപ്പിച്ച് പ്രണവശ്രീബീജകാമബീജമായാ

ബീജാദി പ്രശസ്തതരമായ സർവ്വത്ര ചിന്തിച്ച് ഭ്രാന്തവ്യമായി സംഭവിക്കുന്നു. വിസന്ധികാ-വ്യാകരണോക്തഗുണാദിസന്ധിപ്രാപ്താവപ്യ കൃതസന്ധികളിൽ രുദ്ധമായത്.

വൈരിസമന്വിതാഃ-

പുംസ്ത്രീദൈവതമന്ത്രങ്ങൾ, ക്രീരസൌമ്യമന്ത്ര ങ്ങൾ, നൃസിംഹാദി മന്ത്രങ്ങൾ, ഇവയെ വൈരിമന്ത്രമെന്ന് പറയാറുണ്ട്.സഹോപാസ നാകർമ്മഭൂതമായി ഇവ ദുഃഖം പ്രാപ്തമാ ക്കുന്നു. വൈരിമന്ത്രങ്ങളുടെ ഏകത്വവാസം അഥവാ ഒരുമിച്ച ഉപയോഗം ദുഃഖം പ്രാപ്ത മാക്കുന്നുവെന്ന് പ്രസിദ്ധമാണ്. മന്ത്രത്തിന്റെ അംഗം മാത്രം ജപിച്ചാൽ അത് ഖണ്ഡിതമന്ത്ര മാവുന്നു. മുറിച്ച് പറയുന്നതെല്ലാം ഖണ്ഡിത മാണ്. ഗുരൂപദിഷ്ടമായ സപ്താക്ഷരമോ പഞ്ചാക്ഷരമോ ആയ മന്ത്രത്തെ സ്വബുദ്ധ്യാ ഭിന്നമാക്കി അംഗീകൃത്യമാക്കി ജപിക്കുന്നത് ഖണ്ഡിതത്വം എന്ന ദോഷം വരുത്തും. അംഗ ഹീനമായ ഇത്തരം മന്ത്രം ആവർത്തിക്കുമ്പോ ൾ പല പ്രാവശ്യം ദോഷം ആവർത്തിക്കുന്നു. ഇത് സാധകന്റെ കാര്യസാദ്ധ്യത്തിന് അക്ഷമ അംഗഹീനമന്ത്രം അസംവൃതവുമാണ്. അയോ ഗ്യന് ഉപദേശിച്ച മന്ത്രം അതിൽ ഗോപനം അഭാവമാകയാൽ അസംവൃതമാണ്. അസ മൃക്തത്വം തു മന്ത്രാണാമയോഗ്യകഥനാദ് ഭവേദ്

എന്ന് കാണുക. അപൂര്ണ്ണമെന്ന് പറഞ്ഞ പ്രകാരകം പൂർണ്ണാഭിഷേകമെന്ന പേരുള്ള വിശിഷ്ടസംസ്കാരത്തിന് വിപരീതമാണ്. അത് ക്ഷീണവീര്യമായി തീരുന്നു. അപൂർണ്ണോപദിഷ്യമന്ത്രം തന്നെയാണ് ക്ഷീണവീര്യമെന്ന നാമം ഉള്ളത്.

80 സദാ പ്രയോഗാത് കുണ്ഠത്വം ക്ലിഷ്ടതാതി വിലംബനാത് രുഗ്ണാഃ പ്രലപനൈർജ്ജാപാദന്യമന്ത്രൈഃ സഹാവിലാഃ

സുദർശന-

സദാ പ്രയോഗാത് എന്ന് വ്യാഖ്യാനം. അതി വിലംബനം കൊണ്ട് സർവ്വസാധാരണാധികകാലേന ആവർത്തനം ക്ലിഷ്ടത വരുത്തുന്നു അതി വിലംബനാവർത്തനമന്ത്രം ക്ലിഷ്ടമാവുന്നു.. അയോഗ്യനോടുകൂടി, സംഭാഷണപൂർവ്വം ജപിക്കപ്പെടുന്ന മന്ത്രം രുഗ്ണമാണ്. കാര്യക്ഷമമല്ല. ഒരു മന്ത്രം ജപിച്ച് പ്രാരബ്ധം വന്നാൽ അതോടൊപ്പം മറ്റൊരു മന്ത്രം ജപിച്ചാലും അതും ആവിലമായി അനർത്ഥകാരിയായി ഭവിക്കുന്നു.

81. ഉപേക്ഷാനാസ്യഥാ ജാപാദ് വൈഷമ്യാദവമാനിതാഃ പഞ്ചവിംശതിരുദ്ധിഷ്ടാ ദോഷാസ്താഞ്ഛമയേദ് ഗുരുഃ

ഉപേക്ഷ അഥവാ അനാസ്ഥ വൈഷമ്യമാണ്. ജപമദ്ധ്യത്തിൽ പറഞ്ഞ പ്രകാരമല്ലാതെ അനാസ്ഥയോടെ ജപിക്കുന്ന മന്ത്രം അപമാനിതമാകുന്നു. ഇഷ്ടാനിഷ്ടപ്രാപ്തിയിലും, സ്വസ്വപ്രാരബ്ധകർമ്മാധീനതയാലും ഉപാസന ചെയ്യാതെ വന്നാലും ഇതിനു തുല്യമാണ്. സ്വകീയദോഷം സ്വോപാസനാമദ്ധ്യത്തിൽ എപ്രകാരം ബലവത്തും നിർബ്ബലവത്തും ആവുന്നു. ഉപാസനയിൽ അനാഗ്രഹമാണ് അനാസ്ഥ. സ്വോപാസനാമന്ത്രമദ്ധ്യത്തിൽ ഹോമതർപ്പണബ്രാഹ്മണഭോജനാദികളിൽ ന്യൂനം, അധികം എന്നീ അവസ്ഥകൾ വരുന്നതാണ് വൈഷമ്യം. ഇത് മനോരമ, നിധികൃത് ഇവരുടെ മതം അവലംബിച്ചാണ് പറഞ്ഞത്. എന്നാൽ അനാസ്ഥയോടെ മന്ത്രത്തിൽ താൽപ്പര്യമില്ലാതെ അശ്രദ്ധമായി ജപാദികളെ ഉപേക്ഷിക്കുന്ന ദോഷമാണ് വൈഷമ്യം. വൈഷമ്യപദത്തിന് മൂലസ്വാരസ്യം ഇതാണ്. അതിന് ലക്ഷ്യലക്ഷണപദങ്ങൾ രണ്ടും അഭേദമായി ഉപാദനം ചെയ്യുന്നത് ദോഷമല്ല. പഞ്ചവിംശതി, ഉദ്ദിഷ്ടാ ഈ പദങ്ങളുടെ ഉദ്ദേശം- ഭൂതങ്ങളുടെ ത്രയോവിംശതിസംഖ്യ. ബോധത്തിൽ എപ്രകാരമോ, അപ്രകാരം ബോധദ്വയത്തിൽ വിശേഷ്യതയായി വിഷയഭൂതമാകുന്നത്.ദോഷദ്വയത്തിൽ ഉള്ളത്. ദുഷ്ടമന്ത്രങ്ങളുടെ

ത്രയോവിംശതിസംഖ്യ ദോഷപര്യന്തം ദുഷ്ടപ രത്വം കൊണ്ട് പഞ്ചവിംശതി എന്ന് പറയു ന്നത് ബോധവിഷയത്തിൽ പഞ്ചവിംശതിസം ഖ്യ അവ്യാഹൃതമാകുന്നതിനാലാണ്.

82. ബന്ധനം യോനിമുദ്രായാ മന്ത്രാണാം വീര്യയോജനം. ഉഭയബോധയഛരിഷ്യം സംരക്ഷേദ്ഗുരുരാത്മവാൻ.

സുദർശന-

ഉക്തദോഷങ്ങളെ അപഹരിക്കാനായി ജിജ്ഞാ സ വരുന്നതാണ് ബന്ധനം എന്നതിലൂടെ പറ യുന്നത്. മൂലാധാരം തുടങ്ങി ബ്രഹ്മരന്ധ്രം വരെ പ്രാണമനസ്സുകളുടെ ഗമനാഗമനരൂപ മായി പറയുന്നവ ബന്ധനത്തെ അനുസന്ധാ നം ചെയ്യുന്നു. മനോരമാകാരൻ ഇപ്രകാരം പറയുന്നുണ്ട്. യോനി എന്ന് നാമമുള്ള പായു ധ്വജമദ്ധ്യസ്ഥാനത്തുള്ള സുഷുമ്നാനാഡീ ദണ്ഡ മൂലസ്ഥിത ചതുർദ്ദളപത്മം . കർണ്ണികാഭിഗത ത്രികോണാഗ്നിരൂപത്രിജഗത്കാരണഭൂതാ കുണ്ഡലിനീ. യോനിപദം കൊണ്ട് ത്രികോണ രൂപമായ ഭഗാകൃതിമദ്ധ്യം കാരണത്വം അഥ വാ നിമിത്തം എന്ന് വരുന്നു. മുദ്ര എന്ന് നാമമുള്ള ബ്രഹ്മരന്ധ്രസഹസ്രാരപത്മം സഹസ്രദളത്തിലിരിക്കുന്ന കുണ്ഡലിനീശക്തി. സ്വസംഗമം കൊണ്ട് പരമാനന്ദപ്രദയായ

ചിന്മയാപരദേവത മുദം ദദാതി എന്ന് മുദ്രാ നാമം. ബന്ധനം നാമമുള്ള സുഷുമ്നാനാഡിദ ണ്ഡസ്തമായ ഹൃദയാഖ്യസ്ഥാനഗതമായ അനാഹതചക്രസ്ഥായി ഊർദ്ധ്വ, അധപ്രസൃത മായ കിരണങ്ങളോടുകൂടിയത്. മുകളിലേക്കും താഴേക്കും പ്രസരിക്കുന്ന കിരണങ്ങൾ പുറ ത്തേക്കും അകത്തേക്കും പ്രസരിക്കുന്നവ സ്വ സ്ഥാനപര്യന്തം രുദ്ധമാക്കുന്നു. തേജസ്സിനെ സർവ്വത്തിലും മിശ്രണം ചെയ്ത് സംസാരോ ൽപ്പാദകത്വരൂപമായ ബോധകത്വം കൊണ്ട് ഈ തേജസ്ത്രയം ബന്ധനം വരുത്തുന്നു. ഇപ്ര കാരം ഇവയെ അനുസന്ധാനം ചെയ്ത് യോനി, മുദ്രാ,ബന്ധനം എന്ന പദം വിവക്ഷി ക്കുന്നു. രഹസ്യാർത്ഥം ഗോപനം ചെയ്യാനാ ണ് ബന്ധനപദം ആദ്യം ഉപയോഗിച്ചതെന്ന് നിധികാരൻ.(ഷഷ്ഠ്യാർത്ഥം അന്വയിച്ച്) അതി രഹസ്യാർത്ഥത്തിന്റെ വ്യാകുലാക്ഷരസന്ദർഭേ ണ അഭിധാനം ഭഗവാൻ കൊടുത്തത് ശാബ്ദി കമര്യാദ പരിത്യജിച്ചിട്ടല്ല. മുദ്രയാണ് പ്രഥമാ ന്തം . യോനിസഹിതമായ മുദ്ര യോനിമുദ്രാ. മദ്ധ്യമപദലോപി തത്പുരുഷസമാസം. പ്രഥമാ ന്തം ഭിന്നം പദം, ഷഷ്ഠാന്തത്വഭ്രമം കൊണ്ട് പൂർവ്വോക്തരഹസ്യാർത്ഥത്തിൽ പ്രവൃത്ത്യ സംഭവേന ഗോപ്യത്വരക്ഷണാർത്ഥം എന്നാണ് പറയുന്നത്. മന്ത്രത്തിൽ വീര്യയോജനം എന്ന്

വഹ്നിസൂര്യസോമാത്മകമായ തേജസ്സ് ശിവ ജ്യേഷ്ഠാവാമജ്ഞാനേച്ഛാക്രിയാനാമകശക്തിക ളുടെ ബ്രഹ്മവിഷ്മുരുദ്രരൂപമായ മൂർത്തിക ളുടെ ജ്ഞാതൃജ്ഞാനജ്ഞേയാത്മകപ്രപഞ്ച ത്തിന്റെ ത്രൈവിധ്യം സത്വരജസ്തമോരൂപ ഗുണം ഇതിനെല്ലാം കാരണം പരബ്രഹ്മസ്വരൂ പത്വം എന്ന് വീര്യപദം എന്ന സമൃക്കായ പദം കൊണ്ട് ജീവനെ വിളിക്കുന്നു. ഇപ്രകാ രം ഉഭയമായ യോനിമുദ്രാബന്ധനം എന്ന പദ ങ്ങൾ ഏകമായി വീര്യം എന്നതിൽ യോജി ച്ചിരിക്കുന്നു. ശിഷ്യനും ഈ ജീവനാണ്. അത് ശിഷ്യനെ ബോധിപ്പിച്ച് ഗുരുശിഷ്യന്മാരുടെ തന്മയത്വം പരബ്രഹ്മതന്മയത്വം തന്നെ എന്ന് ബോധനം കൊണ്ട് സംരക്ഷണമാണ് ലക്ഷ്യം. അനുഭവം കൊണ്ട് ആരൂഢനാക്കുന്നതാണ് ഗുരുശിഷ്യബോധനം. ബോധനം ആത്മജ്ഞാന മാണ്. അതുകൊണ്ടല്ലാതെ മറ്റൊന്നു കൊണ്ടും മന്ത്രസംരക്ഷണം സാദ്ധ്യമല്ല. ദോഷപരിഹാര വും സാദ്ധ്യമല്ല. ആദിമുതൽ അന്തം വരെ ബോധനം ചെയ്യുന്ന ഗുരുവിന്റെ അസാധാരണ ധർമ്മരൂപം ലക്ഷണം എന്ന് പര്യവസാനം. ഈ ബോധത്തിന്റെ ആവശ്യകത പറയുന്നത് ആദിമാന്തവിഹീനമെന്നതിനെ ആദിമവും അന്ത്യവുമായ അക്ഷരങ്ങളുടെ മേലനം എന്ന അർത്ഥം ലഭിക്കാത്തവനെയാണ്. (അ ഹം)

ശരദഭ്രം മേഘമായും ഗർജ്ജനകരമായും വൃ ഷ്ടിരൂപമായും ഫലം തരുന്നു. അതുപോലെ വർണ്ണാന്തരേണ സംബന്ധമാണ് വർണ്ണാത്മിക മായ മന്ത്രം. ലമൃക്കായി ഉപാസിക്കുന്നവ ർക്ക് , സാധകർക്ക് ഇഷ്ടം സാധിപ്പിക്കുന്നതും അതുതന്നെ. അ , ഹ എന്ന് ആദ്യാവസാനാ ക്ഷരത്തിൽ ജീവനിരിക്കുന്നു. അതുപോലെ മദ്ധ്യത്തിലുള്ള അക്ഷരങ്ങളും ഇരിക്കുന്നു. യോനി(ഉത്ഭവം) ബ്രഹ്മാനന്ദം(ബ്രഹ്മരന്ധ്രം) ഇവകളിൽ മറ്റെല്ലാ കുണ്ഡലിനീസ്ഥാനവും (ബന്ധനം) ഇരിക്കുന്നു. ജീവിതവും അക്ഷരമാ ലയും ഇവിടെ എന്നിലാണ് അടങ്ങിയിരിക്കു ന്നതെന്ന് ഗുരു ശിഷ്യനെ ബോധിപ്പിക്കയാണ്. വ്യാകരണത്തേക്കാളും പ്രധാനമായ ഈ ജീവിതപാഠത്തെ നിധികൃത് പറയുന്നില്ല, പ്രാണമഞ്ജരി പറയുന്നു എന്നത് ശ്രദ്ധേയം.

84 തസ്മാദാദിത ഏവാസൌ ബ്രൂയാത്
തത്തദഹംകൃതിം യദഹങ്കാരവിജ്ഞാനാ
ന്മതസമോ ജായതേ നരഃ

85 അനാദിക്രമസംസിദ്ധിമാതൃകാധ്യത
യോജനാത് താദാത്മ്യസിദ്ധിം താം വിദ്ധി
സർവ്വമന്ത്രാർത്ഥവിഗ്രഹാം.

സുദർശന-

ഏത് ഉദ്ബോധമമാണോ ആവശ്യകം ആ ഉദ്ബോധനമാണ് ദീക്ഷ. മറ്റ് ശിക്ഷണമെല്ലാം- പൂജാദികൾ- അവരവരുടെ അഹംകൃതിക്ക് അനുസരിച്ചാണ്. അതാതു മന്ത്രഗതമായ അ ഹംഭാവമാണ്. ഫലം ഇതാണ് അഹം എന്ന താണ്. മനുഷ്യന്റെ ഉപാസനാപ്രകാരേണ സാധകത ലഭിക്കുന്നു. സാധകന്റെ മതം സമതാലാഭത്തിൽ ആ അഹങ്കാരവിജ്ഞാന മാണ്. സംസാരം അനാദിയാണ്. അതിന്റെ ക്രമം കർത്താവിന്റെ ഉച്ചാരണമാണ്. അകാ രാദി ഹകാരാന്ത്യം മാതൃകകളെ ശരിയായി ഉച്ചരിക്കാനാവാത്ത സാധകൻ ആദ്യന്തമായ വർണ്ണങ്ങളെ യോജിപ്പിച്ച് അഹം ശബ്ദം നിഷ്പത്തി വരുത്തുന്നു. ബാക്കി സംയോ ജിപ്പിക്കണം. ക്ഷകാരം അവസാനം യോജിപ്പി ക്കുന്ന കൂട്ടക്ഷരമാണ്. സംയുക്താക്ഷരം ഉച്ച രിക്കുന്നതോടെ ഘടകസൃഷ്ടി നടക്കുന്നു. അ, ഹ ഇവയുടെ മദ്ധ്യത്തിലുള്ള എല്ലാ വർണ്ണ ങ്ങളേയും ഇപ്രകാം കൂട്ടിച്ചേർത്ത് മാതൃകാ വർണ്ണങ്ങളാൽ പ്രപഞ്ചരൂപമായ ഭാഷാസൃഷ്ടി നടക്കുന്നു. മന്ത്രസൃഷ്ടി നടക്കുന്നു. സിദ്ധിജ്ഞാ നം സകലമന്ത്രതദർത്ഥഭൂതദേവതാവിശേഷ്യ കതാദാത്മ്യം തരുന്ന ജ്ഞാനമാണ്. പ്രോക്തരൂ പജ്ഞാനം എന്ന് അന്വയിക്കണം. ബന്ധനം യോനിമുദ്രായാ എന്ന് ആരംഭിച്ച് ഇതുവരെ

ഗുരുവാൽ ശിഷ്യന് ലഭിച്ച ജ്ഞാനത്തിനുള്ള മാതൃകോപാസനാ ദൃഷ്ടമായ മന്ത്രപ്രയോഗ ത്തിലുള്ള ദോഷചിന്തനം ഇവ പറഞ്ഞു. ജന നാദി സംസ്കാരകർമ്മദോഷം കൂടി ഇത്തരം ജ്ഞാനം നീക്കിക്കളയുമെന്ന് ബോധനം ലഭി ക്കുന്നു.

86. ദ്വിജാതീനാം തു സംസ്കാരം വേദോക്തം
സമുദാഹൃതം തേഷാം ച തത് തതാപി
വിദ്യയാ വിധിമാചരേത്

സുദർശന-

ദ്വിജാതന്മാർക്ക് വേദത്തിലെ പറയപ്പെട്ട സം സ്കാരം പറയപ്പെട്ട പ്രകാരം താന്ത്രികർക്കും ദീക്ഷ മുതലായവ വിധിപ്രകാരം ആചരി ക്കേണ്ടതുണ്ട്. വൈദികതാന്ത്രികദീക്ഷയിൽ ശങ്കിക്കാനില്ല, സമുച്ചയപക്ഷം അംഗീകരിച്ച് അത് നിസ്സംശയമാണ്. ദ്വിഢാതീനാം എന്നത് ബ്രഹ്മണക്ഷത്രിയവൈശ്യരെ പറയുന്നതാണ്. (ഉപനയനം അവർക്ക് ഉണ്ട്). അത് വേദവി ഹിതസംസ്കാരമാണ്. അവർ പ്രാത, സായം സന്ധ്യാകാലങ്ങളിൽ പൂജ, ഹോമം, മുതലായ വിദ്യകളും അനുഷ്ഠിക്കാറുണ്ട്. അതിനാലാ ണ് ആ വിധികളെ സമുച്ചയമെന്ന് പറഞ്ഞത്. നിധികൃത്ത് സംസ്കാരപദം കൊണ്ട് പ്രഥമാ ന്തത്വഭരമം കാരണം നപുംസകത്വനിർദ്ദേശം

ദിവ്യത്വം ഇവയും , ദ്വിതീയാന്തത്വത്താൽ ഉപവർണ്ണനയും സംഭവിക്കുന്നതായി കരുതുന്നു.

87 സവിദ്യാസ്മരണം ക്രിയാം സർവ്വത്ര ചോദിതാം തേനതന്മയതാസിദ്ധിഃ സർവ്വത്ര ഭവതി ധ്രുവം

88 അന്യേഷാമപി വർണ്ണാനാം വിദ്യയാ സമുപാചരേത് നിധനേ വിദ്യയാ ദാഹോ വിദ്യായാന്യത് സമാചരേത്

സുദർശന-

അതിനെ വിശദമാക്കുന്നു. ആശൌചം, സ്നാനം മുതലായ വിദ്യാസഹിതവൈദികവിധിയാൽ നിസ്വാർത്ഥമായി വിഹിതമായ കർമ്മങ്ങളും തന്ത്രാന്തരാപേക്ഷയെന്ന് ധ്വനിതം.ഈ കർമ്മങ്ങളിൽ മന്ത്രം വിശേഷമായി ഉപദിഷ്ടമല്ലെങ്കിലും സർവ്വത്ര വിദ്യായാലാണ് കർമ്മം ചെയ്യുന്നത്. സ്നാനം, ആചമനം, പ്രാണായാമം,അർഘ്യസ്ഥാപനം ഇവയെല്ലാം വിദ്യയോടുകൂടി ചെയ്യുന്നു. അഘമർഷണം ദാനത്തോടെ ചെയ്യണമെന്ന് പറയുമ്പോൾ അത് അനുഷ്ഠാനത്തോടെ ചെയ്യണമെന്നാണ് നിർദ്ദേശം. തന്മയതാസിദ്ധി താദാത്മ്യപ്രാപതി എന്ന വിദ്യയാണ്. സർവ്വത്ര വേദോക്ത സംസ്കാരശാലിനി തന്നെയാണ് വിദ്യ. (തന്ത്രത്തി

ലും). പിന്നെ തന്ത്രാചാരത്തിന് വേറെ പറയുന്നതെന്തിന്. ദ്വിജാതി വർണ്ണത്തിൽ പെടാത്ത ശൂദ്രാദികൾ തന്ത്രം ചെയ്യുമ്പോളാണ് ഇത് വേണ്ടത്. അനുലോമവർണ്ണസങ്കരം വന്ന മൂർദ്ധാവസിക്താദികൾക്ക് വിദ്യാധികാരം രണ്ടാം പടലത്തിൽ പറയുന്നുണ്ട്. ഭഗവാൻ തന്നെ അത് സൂചിപ്പിക്കുന്നുണ്ട്. ഗുരുവിന്റെ ഊർദ്ധ്വദേഹികകർമ്മത്തെ നിധനം ഇത്യാദി സൂചിപ്പിക്കുന്നു. അസ്ഥിസഞ്ചയനം പിണ്ഡദാനം ഇവ വേദോക്തസംസ്കാരസഹിതം അഥവാ വേദോക്തസംസ്കാരരഹിതം യഥായോഗ്യം ആചരിക്കേണ്ടതാണ്. ഗുരുവിന്റെ അബ്ദികശ്രാദ്ധദിനത്തിൽ ശിഷ്യന് ചെയ്യേണ്ടവ സംപൂജ്യേ എന്നു മുതൽ പറയുന്നു.

89 സംപൂജ്യ ഭോജയേദേകമനേകം വാ
സ്വശക്തിതഃ യോഗിനം വിദ്യായാ സിദ്ധം
പൂർവ്വതശ്ച നിമന്ത്രിതം

90 ഉർമ്മികാവസനാദ്യൈസ്തം പൂജയിത്വാ
പ്രണമ്യ ച വിദ്യയാ വിസൃജേന്മന്ത്രീ
സ്വവിദ്യാസിദ്ധയേ ശിവേ

91 ഗുരോസ്തു ജന്മദിവസം വിദ്യാപ്രാപ്തി
ദിനം തഥാ സ്വജന്മദിവസം നാഥവ്യാപ്തി
വാസരമേവ ച

സുദർശന-

ഉർമ്മിക അംഗുലീയകം. ആദ്ധ്യപദം ഗന്ധാ ക്ഷതമാലാദി. വസനം വസ്ത്രം , ഇവയെല്ലാം സ്വവിദ്യാസിദ്ധിക്കാമ് ആചരിക്കുന്നത്. ശിവേ കല്യാണരൂപേ എന്നത് കല്യാണദായികയായ വിദ്യ നിന്നിൽ അമിത്രത്വം ഉള്ളവർക്ക് ലഭി ക്കില്ല എന്ന് ധ്വനിപ്പിക്കുന്നു. കല്യാണരൂപമാ യ കർമ്മമെല്ലാം സമുചിതമെന്ന് ധ്വനി.
നിത്യം ചെയ്യേണ്ടത്, പർവ്വവിശേഷത്തിൽ ചെയ്യേണ്ടത്, ഗുരുവിന്റെ ജന്മദിനം, വിദ്യാ പ്രാപ്തിദിനം,(ദീക്ഷാദിനം) സ്വജന്മദിനം, ഇവയെല്ലാം ഉപദേശിക്കുന്നു. സ്വഗുരുനാഥന്റെ വ്യാപ്തി, നാഥത്വേന പ്രാപ്തി , മരണദിനരൂ പമായ ചതുർത്ഥപർവ്വം ഇവയുടെ ആചാര വും ഉപദേശിക്കുന്നു.

92. അക്ഷരത്രയസമ്പാതദിനം പൂർണ്ണാദിനം തഥാ ഷഡ് പർവ്വാണി വിശിഷ്ടാനി സദർശം സപ്തപർവ്വകം

സുദർശന-

അക്ഷരത്രയസംപാതദിനം എന്നാൽ പറയപ്പെട്ട ഘടികാചക്രത്തിൽ ഏകാക്ഷരത്തിന്റെ സ്ഥാന ത്രയത്തിൽ ഏതു ദിനത്തിലാണോ സമ്പാതം ദർശിച്ചത് ആ ദിനം. ഘടീചക്രത്തിലെ 3 ത്രി കോണത്തിലെ അക്ഷരത്രയത്തിന്റെ സമ്യ ക്കായ ഏകരൂപതയാൽ എവിടെ സമ്പാതം

വരുന്നുവോ അത് ദിനത്തിന്റെ, തിഥിയുടെ സൂക്ഷ്മതരസൂര്യസംക്രാന്തിസംബന്ധത്താൽ പർവ്വകാലത്വം പറയുന്നു. ഘടികാരൂപസൂക്ഷ്മകാലത്ത് പ്രതിഷ്ഠ വിധിപൂർവ്വം ചെയ്യുന്ന പക്ഷം ക്ഷതി ഉണ്ടാവുകയില്ല. ദിനാക്ഷരം യുഗാക്ഷരം ഘടികാക്ഷരം (അക്ഷരത്രയം) ഏതു ദിനത്തിലാണോ സന്നിപാതം സംഭവിക്കുന്നത് ആ ദിനം ആദ്യശം പർവ്വം. ദിനാക്ഷരം യുഗാക്ഷരരൂപമാണ്. . യാമളം പറയുന്നു:-

ഷഡ്ത്രിംശദ്ഭിർദിനൈർമ്മന്ത്രൈര്യുഗഃ പ്രോക്തോ വരാനനേ കൃതേ അഹർഗ്ഗണേ പ്രാതലബ്ധേ ഭാഗേ വരാംഗനേ ഷഡ്ത്രിംശദ്വിർമഹേശാനി ദിനം നിശ്ചിത്യ ഭാമിനി ഷഡ്ത്രിംശദ്വർണ്ണമ ദ്ധ്യസ്ഥം ക്രമേണ ഗജഗാമിനി. യ ഏവ ജിനജോ വർണ്ണഃ സഏവ യുഗജോ ഭവേത് ഉദയാർണ്ണഃസ ഏവ സ്യാത് തദാ ഭവതി ഭാമിനി. അക്ഷരത്രയസംപാതഃ പർവ്വാത്മാ പരമേശ്വരീ

ദിനാക്ഷകം ദിനനിത്യയുടെ പ്രഥമാക്ഷരം ആ ദിനോദയാക്ഷരത്തിലെ അഹർഗ്ഗണസംഖ്യയുടെ ഷഡ്ത്രിംശം കൊണ്ട് ഹരിച്ച് വിശേഷാക്ഷരത്തോട് യോജിപ്പിച്ച്, അക്ഷരത്രയ സംപാതനാമകമായ പർവ്വം എന്ന് പറയുന്നു.

കാലനിത്യയുടെ പ്രഥമാക്ഷരം കേവലതത്വാ ത്മകം, ദ്വിതീയാക്ഷരം ഘടികാക്ഷരം മൂന്നും ഏകമായി ആ ദിനം വരുന്നു. മൂലവിദ്യാക്ഷ രത്രയം പ്രത്യേകം വിശേഷമായി പറയുന്നു. വർഷാക്ഷരം മാസാക്ഷരം ദിനാക്ഷരം ഇവ വിദ്യാസംബന്ധമായ ഏതു ദിനം സംപദമാവു ന്നുവോ അത് എന്ന് മൂലസ്വാരസ്യത്താൽ അർത്ഥം വരും. പൂർണ്ണാദിനം പഞ്ചമി, ദശ മി, പൂർണ്ണിമ മുതലായ ദിനങ്ങളാണ്. സദർശ മെന്ന് പൂർണ്ണദിനത്തെ പറയുന്നു. സപ്തപ ർവ്വകം സപ്തപർവ്വാണി ഇപ്രകാരം പറയു ന്നു. സപ്തപർവ്വത്തിനു മുമ്പ് ഷഡ്കം അവ ശ്യം അനുല്ലംഘനം ചെയ്യേണ്ടിവരും. സപ്തമ ത്തിന്റെ സാമർത്ഥ്യത്തെ വിധുരൻ ഉല്ലംഘനം ചെയ്താലും കൂടി പ്രത്യവായമില്ല എന്ന് വിശേഷമായി അഭിപ്രായം.

93 മാസതോ വർഷതോ വാപി കുര്യാദേതേ ഷു പൂജനം ഗുരോസ്തു ജീവിതേ
നിത്യവ്യാപ്തേ തത്പൂർവ്വകാദികം

സുദർശന–

കർത്തവ്യകർമ്മവിശേഷദർശനത്താൽ പർവ്വ കഥനഫലം ദർശിക്കുന്നു. പൂജനം പ്രസ്തുത പ്രധാനദേവതക്കാണ്. ഇത് പർവ്വത്തിൽ ആവ ശ്യമാണ്. ഗുരുവിനും പ്രോക്തപർവ്വവിശേഷ

പുരസ്കാരം കൊണ്ട് പൂജനം വേണം. മാത്ര മല്ല, ഗുരുവിന്റെ പൂർവ്വികരായ മറ്റ് ഗുരു ക്കന്മാരേയും യഥാവിധി ആദരപൂർവ്വം പൂജി ക്കണം.

94 പൂജയേത്തത്സമം തം ച
പ്രണാമാദ്യൈരൂപാചരേത് തദഭാവേ
തത്കുലീനം തദ്ഭക്തം വാ സമർച്ചയേത്.

95 സ്തുവീത പഞ്ചമിഃശ്ലോകൈസ്തം നിത്യം
സർവ്വസിദ്ധയേ പ്രാതഃ പ്രബോധസമയേ
ജപാത് സുദിവസം ഭവേത്

96 നമസ്തേ നാഥ ഭഗവച്ഛിവായ
ശിവരൂപിണേ വിദ്യാവതാരസംസിദ്ധ്യൈ
സ്വീകൃതാനേകവിഗ്രഹ

സുദർശന-

ഗുരുസമമായ എല്ലാ പരമ്പരയേയും പ്രണ മിക്കുന്നു. ഗുരുവിൽ ഭക്തിയുള്ളവരും ഗുരു കുലത്തിലുള്ളവരും അർച്ചിക്കപ്പെടുന്നു. സ്ത വങ്ങളാൽ ഗുരുപഞ്ചകത്തെ സ്തുതിക്കുന്നു. രാവിലെ പ്രബോധസമയത്ത് സർവ്വസിദ്ധി ക്കും വേണ്ടി ഗുരുസ്തവം ജപിക്കുന്നത് സുദിവസം തരുന്നു. സമ്പൂർണ്ണദിനവും സുഖ കരമായി തീരുന്നു. ഗുരു തത്വസ്വരൂപനായ ശിവനാണ്. നമസ്തേ, നാഥാ, ഭഗവാൻ

ശിവനേ, ശിവരൂപിണേ, വിദ്യാവതാരസംസി ദ്ധിക്കായി അനേകം വിഗ്രഹങ്ങളെടുത്ത് അവതരിച്ചവനേ എന്ന് സ്തുതി. ഭഗവാൻ കർത്തും അകർത്തും അന്യഥാ കർത്തും ശക്തനാണ്. ശിവൻ കല്യാണാത്മകനാണ്. നിരന്തരം ആ ധ്യാനതത്പരത്വം കൊണ്ടാണ് കല്യാണരൂപം. വിദ്യ ജ്ഞാനം. മന്ത്രതത്വവ്യാ പ്തവിജ്ഞാനം എല്ലാവർക്കും അരുളാനായി അവതാരവിശേഷം എടുക്കുന്നത് ദീനാനുകമ്പ യാലാണ്. പുരുഷാർത്ഥങ്ങളെല്ലാം സിദ്ധിക്കു ന്നത് സമ്യഗ് ഭക്തിയാലാണ്. ആ വിദ്യയെ പ്രകാശിപ്പിച്ചു തരുന്നതിനാമ് അവതാരം. ഏകം അനേകവിഗ്രഹം എടുത്തത് മനുഷ്യരി ലുള്ള കാരുണ്യം കൊണ്ടാണ്.

97 നവായ നവരൂപായ പരമാർത്ഥൈകരൂപി ണേ സർവ്വാജ്ഞാനതമോഭേദഭാനവേ
ചിദ്ഘനായ തേ

98 സ്വതന്ത്രായ ദയാക്ലുപ്തവിഗ്രഹായ
ശിവാത്മനേ പരതന്ത്രായ ഭക്താനാം
ഭവ്യാനാം ഭവ്യരൂപിണേ

സുദർശന-

നവംനവമായ രൂപം ദിനംതോറും സ്വീകരി ക്കുന്നവനും നവനാഥരൂപിയുമായ സർവ്വഥാ യൌവനയുക്തമായ പരമാർത്ഥൈകരൂപമായ

സത്യത്തെ സ്തുതിക്കുന്നു. നിത്യകൈശോര കല്യാണരൂപം സുഭഗാനന്ദനാഥ രൂപം. പരമാർത്ഥസത്യരൂപം ശ്രീസത്യാനന്ദരൂപം. അത് ബ്രഹ്മമാണ്. ഏകസത്യം ബ്രഹ്മരൂപം. അതാണ് സർവ്വജ്ഞാനരൂപം. ജ്ഞാനം എല്ലാ പാപത്തേയും ഇരുട്ടിനെ ഭാനു പോലെ അകറ്റുന്നു. അതിനാൽ ജ്ഞാനാനന്ദരൂപം. സർവ്വം ജ്ഞാനപ്ലവേനൈവ വൃജിനം സന്തരിഷ്യതി എന്നതിനാൽ ജ്ഞാനത്താലല്ലാതെ അജ്ഞാനം നശിക്കയില്ല. ചിദ്ഘനായ. ചിന്മയായ. ആനന്ദനാഥതാദാത്മകത്വം. നിത്യം വിജ്ഞാനം ആനന്ദം ബ്രഹ്മേ. എന്ന് ശ്രുതി. ജ്ഞാനാനന്ദമാണ് ആനന്ദരൂപമെന്ന് അഭിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. സ്വതന്ത്രനാണ്, പാരതന്ത്ര്യം ഇല്ല. എന്നിട്ടും ഭക്തിപാരതന്ത്ര്യം സ്വയം സ്വീകരിക്കുന്നത് പരദുഃഖപരിഹാരത്തിനായി ദയാവിഗ്രഹനാകയാലാണ്. ശരീരം ധരിച്ച് അവതാരമെടുക്കുന്നത് ദയ ഒന്നുകൊണ്ട് മാത്രം. ആദ്യം പറഞ്ഞ വിശേഷകത്വം (സുഭഗാനാഥ) ചേർന്ന് ഇത് ഭഗവാനു മാത്രമുള്ളതാണ്. നാനാവിചിത്രസാമർത്ഥ്യം ഭഗവാനിൽ മാത്രമേ ദർശിക്കാനാവൂ. പിന്നെ പറഞ്ഞ വിശേഷണം നോക്കി ദയാസ്വഭാവം എന്ന സത്സ്വഭാവം ഉള്ളതിനാൽ സ്വഭാവനാഥതന്മയത്വം. ശിവാത്മനെന്നത് ഭഗവാൻ തന്നെ. അത്

ശ്രീപൂർണ്ണനാഥതാതദാത്മകത്വം. ഭഗവത് എന്നത് പൂർണ്ണരൂപമാണ്. ഭവ്യ്മാർക്ക്, കല്യാണന്മാർക്ക്, സകലവസ്തുക്കളുടേയും മദ്ധ്യത്തിൽ കല്യാണരൂപത്വം കഥിക്കുന്നതിനാൽ ശ്രീപൂർണ്ണനാഥതാദാത്മ്യം ആനന്ദനാഥതാദാത്മ്യം ഇവ ധ്വനിക്കുന്നു.

99. വിവേകിനാം വിവേകായ വിമർശായ
വിമർശിനാം പ്രകാശാനാം പ്രകാശായ
ജ്ഞാനിനാം ജ്ഞാനരൂപിണേ

100 പുരസ്താത് പാർശ്വയോഃ പൃഷ്ഠേ
നമസ്കുര്യാദുപര്യധഃ സദാ മേ
ചിത്തരൂപേണ വിധിഹി ഭവദാസനം.

സുദർശന-

ഇദന്ത, അഹന്ത ഇവയുടെ യഥാർത്ഥജ്ഞാനം ലഭിച്ചവരാണ് വിവേകികൾ. വിവേകം യഥാർത്ഥജ്ഞാനരൂപം. വിവേകികളുടെയെല്ലാം വിവേകം ഭഗവാനാണ്. പ്രതിഭാനാഥതന്മയത. വിവേകോദയം കൊണ്ടാണ് പ്രതിഭ പ്രതിഭാനം സംഭവിക്കുന്നത്. വിമർശം തത്വമസി ഇത്യാദി വാക്യാർത്ഥപരോക്ഷജ്ഞാനം താദൃശസ്വരൂപം എന്നതിനാൽ വിമർശാനന്ദനാഥ തന്മയത്വം. പ്രകാശാനാം, തേജസ്വികളുടെ എല്ലാം തേജസ്സ് അഥവാ പ്രകാശം ഭഗവാനാണ്. ജ്ഞാനികളുടെ ജ്ഞാനം ഭഗവാനാണ്.

ശ്രീജ്ഞാനനാഥതാദാത്മ്യം. ഇപ്രകാരം ഉള്ള സ്തുതിയാൽ ഉൽപ്പന്നമായ കരുണ ഗുരുരൂപ മായ ഭഗവാനിൽനിന്ന് വരമായി പ്രാർത്ഥി ക്കുന്നു. അവിടുന്നല്ലാതെ മറ്റൊന്നിനെ ഞാൻ ആശ്രയിക്കുന്നില്ല എന്ന് ഉറപ്പിക്കുന്നു. ഭഗവാ നല്ലാതെ പ്രാർത്ഥനീയമായി മറ്റൊന്നില്ല.

സകലദേശാവഛേദത്തിലും അവിടത്തെ നമ സ്കരിക്കുന്നു. മുന്നിലും പിന്നിലും പാർശ്വ ങ്ങളിലും അവിടുത്തെ തന്നെ കണ്ട് നമസ്ക രിക്കുന്നു. അവിടുത്തെയല്ലാതെ കാണുകയോ പ്രാത്ഥിക്കയോ ചെയ്യരുതെന്ന് പ്രാർത്ഥിക്കു ന്നു. സർവ്വകാലാവഛേദത്തിലും സർവ്വദേശാ വഛേദത്തിലും എന്റെ ചിത്തത്തിൽ നിവസി ക്കണമെന്ന് പ്രാർത്ഥിക്കുന്നു. (നിത്യം ചിത്ത സ്ഥിതം മേ എന്ന് നാരായണീയത്തിലുള്ളതു പോലെ).

ഭൂമി ത്വമയീ വ്യാപ്തിരിതി സമ്യക് സമീ രിതാ യസ്യാ നിസ്ഫാലനാച്ചിത്തേ തത്ത്വം സ്വാത്മസാത്കൃതം. ഇതി ഷോഢശനിത്യാ തന്ത്രേ ശ്രീകാദിമതേ പ്രഥമപടലഃ (പത്രചതു ഷ്കം നഷ്ടമായി)

ത്വമസി മുതലായ വാക്യാർത്ഥവിമർശനത്തി നെയാണ് ശാസ്ത്രാന്തരത്തിൽ മുക്തിജനകത്വം

എന്ന് പറഞ്ഞിട്ടുള്ളത്. അതിന്റെ സാമ്യവിവക്ഷ ഏകൈകതത്വസ്വരൂപത്വം ഏകൈകപടലത്തിൽ ക്രമേണ വിവക്ഷിതമാണ്. അതാതു പടലത്തിന്റെ അർത്ഥത്തിന് സമ്യക്കായ ജ്ഞാനത്താൽ അതാത് തത്വം സ്വാധീനമാകുന്നതാണ്. ഇപ്രകാരം സർവ്വതന്ത്രത്തിലും സ്വാധീനം വരുമ്പോൾ മുക്തിയും സംജാതമാകുന്നു. കരതലാമലകീഭൂതമായി ലഭിക്കുന്നു എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ആദ്യപടലസമാപ്തി. ഭൂമി തത്വമയീ എന്നതിനാൽ ഫലപ്രദർശനം ചെയ്യുന്നു. (നാലു വരി നഷ്ടമായിരിക്കുന്നു).

സാക്ഷാത് ശ്രീപതികാർത്തവീര്യകരുണാകൽപ്പ
ദ്രുമോധ്യത്ഫലേ വിദ്വത്പ്രേമനിധിപ്രസിദ്ധ
ധിഷണാഗമപ്രിയാസംഭവേ
അന്വർത്ഥാഭിധതന്ത്രരാജവിഷമാലോക്യായ
സന്ദർശനാന്യഥഖ്യാർന്നാമ സുദർശനേത്ര
പടലഃ പൂർവ്വോപ്യപൂർവ്വാം ഗതഃ

Also Refer for Gurulakshana_-

തന്ത്രസാരത്തിലെ ഗുരുലക്ഷണം-

ശാന്തോ ദാന്തഃ കുലീനശ്ചവിനീതഃ
ശുദ്ധവേഷവാൻ ശുദ്ധാചാരഃ
സുപ്രതിഷ്ഠഃശിചിര്ദക്ഷഃ സുബുദ്ധിമാൻ

ആശ്രമീ ധ്യാനനിഷ്ഠശ്ച തന്ത്രമന്ത്രവിശാരദഃ നിഗ്രഹാനുഗ്രഹേ ശക്തോ ഗുരുരിത്യഭിധീയതേ

കാമാഖ്യാതന്ത്രം പടലം 4ൽ ശാന്തോ ദാന്തഃ കുലീനശ്ച ശുദ്ധാന്തഃകരണഃസദാ

ഗുരു, പരമഗുരു (ദീക്ഷാഗുരു)പരാൽപ്പരഗുരു, പരമേഷ്ഠിഗുരു ഇവരാണ് 4 തരം ഗുരുക്കന്മാർ. ഗിരത്യജ്ഞാനം ഗൃണാത്യുപദിശതി ധർമ്മം എന്നും ഗീയതേ സ്തൂയതേ ദേവാദിഭിഃ യഃ സഃ എന്നും ഗുരുവിന് അർത്ഥങ്ങളുണ്ട്.

തന്ത്രസാരത്തിൽനിന്ന് തന്ത്രാർണ്ണവം ഉദ്ധരിക്കുന്നത്:-

ഗകാരഃ സിദ്ധിദഃ പ്രോക്തോ രേഫഃ പാപസ്യ ദാഹകഃ ഉകാരഃശംഭുരിത്യുക്തസ്ത്രിതയാത്മാ ഗുരുഃപരഃ ഗകാരാജ്ഞാനസമ്പത്തോ രേഫഃ പാപസ്യ ദാഹകഃ ഉകാരാശ്ചിവതാദാത്മ്യം ദധ്യാദിതി ഗുരുഃസ്മൃതഃ ഗുഃശബ്ദസ്ത്വന്ധകാരഃ സ്യാദ് രുശബ്ദസ്തന്നിരോധകഃ അന്ധകാരനിരോധിത്വാത് ഗുരുരിത്യഭിധീയതേ. (സമാനമായ വരികൾ കുലാർണ്ണവതന്ത്രത്തിലുമുണ്ട്).